കേരളാ സർവീസ്

ജൂലൈ 2019
കേരള എൻ ജി ഒ യൂണിയൻ മുഖപത്രം

10. 06. 2019 തിരുവനന്തപുരം, എൽ. ഡി. എഫ് സർക്കാരിന്റെ മൂന്നാം വാർഷികം – പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനം – മുഖ്യമന്ത്രി പിണറായി വിജയൻ

Established in 1959

KERALA SERVICE

Monthly organ of Kerala NGO Union

2019 JULY Vol. 61 Issue No.7

Thiruvananthapuram
Kozhikode
Thrissur
Kottayam
Kannur
Alappuzha
Palakkad

Editor
T.C. Mathewkutty

Associate Editor
S. Gopakumar

Managing Editor
V.K. Sheeja

Editorial Board
E. Premkumar
N. Krishna Prasad
N.Nimalraj
M.V. Sasidharan
M.A. Ajithkumar
Seema S Nair

Cover Design:
T. Gopakumar

Printed & Published by
T.C. Mathewkutty
on behalf of
Kerala NGO Union,
NGO Union Bldgs,
PMGJn.Trivandrum-33
Ph:04712314367
Fax:04712315694

05 പ്രോഗ്രസ്സ് റിപ്പോർട്ട് ജനാധിപത്യത്തിന്റെ മഹോന്നത മാതൃക
പിണറായി വിജയൻ

09 ലോകസഭ തെരഞ്ഞെടുപ്പും അതിനുശേഷവും
എളമരം കരീം

25 മുസാഫർപൂർ മുതൽ ...
രണ്ടു നയങ്ങൾ രണ്ടു നടപടികൾ
ഡോ. അനീഷ് ടി. എസ്

13 അടിയന്തിരാവസ്ഥയുടെ കറുത്തകാലം...
എം.വി.ഗോവിന്ദൻ മാസ്റ്റർ

17 കുഞ്ഞനുറുമ്പുകളുടെ ദേശസ്നേഹം (കവിത)
പോൾ കല്ലാനോട്

18 വീണ്ടും കലുഷിതമാകുന്ന..
വി.ബി.പരമേശ്വരൻ

22 നോളജ് ഇക്കോണമിയും...
ഡോ.രാജൻഗുരുക്കൾ

28 ശമ്പളപരിഷ്ക്കരണം സർക്കാരുകൾ സമീപനങ്ങൾ
ടി.സി.മാത്തുക്കുട്ടി

32 ബജറ്റ് 2019 നിർമ്മലമോ?
സിദ്ദിഖ് റാബിയത്ത്

36 രണ്ടു കഥകൾ (കഥ)
എ. ജയകുമാർ

38 ദേശീയ വരുമാനത്തിൽ...
ജോസ് ടി എബ്രഹാം

42 മങ്ങാത്ത ഓർമ്മകൾ
എൻ.വി.പി. ഉണിത്തിരി

49 ഇന്ത്യൻ കനവുകളുടെ..
എ.എൻ. രവീന്ദ്രദാസ്

Web: www.keralangounion.in
email: keralaservicemonthly@gmail.com

കേന്ദ്ര സർക്കാർ ജനവിരുദ്ധ നയങ്ങൾക്കൊപ്പം തന്നെ!

രണ്ടാം മോദി സർക്കാരിന്റെ ആദ്യ സമ്പൂർണ്ണ ബജറ്റ് ധനമന്ത്രി നിർമ്മലാ സീതാരാമൻ ജൂലൈ 5 ന് പാർലമെന്റിൽ അവതരിപ്പിച്ചു. സാമ്പത്തികമാന്ദ്യം, കാർഷിക തകർച്ച, വ്യാവസായിക മുരടിപ്പ്, തൊഴിൽ വളർച്ചയിലെ ഇടിവ് തുടങ്ങി രാജ്യം നേരിടുന്ന ഗൗരവതരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ബജറ്റിലില്ല. ബജറ്റിന് മുന്നോടിയായി അവതരിപ്പിച്ച സാമ്പത്തിക അവലോകന റിപ്പോർട്ട് കഴിഞ്ഞ അഞ്ചുവർഷ ഭരണകാലത്തുണ്ടായ സാമ്പത്തിക തകർച്ചയെ സാക്ഷ്യപ്പെടുത്തുന്നതാണ്.

നവലിബറൽ നയങ്ങൾ തുടരുന്നതിന്റെ ഭാഗമായി സ്വകാര്യവൽക്കരണം ലക്ഷ്യമാക്കുന്ന ബജറ്റിൽ ഇൻഷുറൻസ്, വ്യോമയാനം, മാധ്യമരംഗം തുടങ്ങി സുപ്രധാനമേഖലകളിലെല്ലാം നേരിട്ടുള്ള വിദേശനിക്ഷേപ പരിധി ഉയർത്തുമെന്ന് പ്രഖ്യാപിക്കുന്നു. മെട്രോ റെയിൽ അടക്കം റെയിൽവെ മേഖലയാകെ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുമെന്ന് പറയുന്നത് ഈ രംഗത്ത് സമ്പൂർണ്ണ സ്വകാര്യവൽക്കരണം ഉദ്ദേശിച്ചാണ്. ബജറ്റിൽ കാർഷിക കടാശ്വാസം, കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവില തുടങ്ങിയ ആവശ്യങ്ങളോട് മൗനം പാലിക്കുകയും കോർപ്പറേറ്റ് നികുതിയിൽ കുറവ് വരുത്തിയതടക്കം കുത്തകകൾക്ക് 8.99 ലക്ഷം കോടിയുടെ ഇളവ് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. പൊതുമേഖലാ ഓഹരിവിൽപ്പനയിലൂടെ 1.05 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. പെട്രോളിനും ഡീസലിനും രണ്ടുരൂപാ വീതം എക്സൈസ് നികുതിയും റോഡ് സെസും വർദ്ധിപ്പിച്ചത് വിലക്കയറ്റത്തെ കൂടുതൽ രൂക്ഷമാക്കും. കോർപ്പറേറ്റുകളെ പ്രീണിപ്പിക്കാനായി രാജ്യത്തെ തൊഴിൽ നിയമങ്ങൾ തൊഴിലുടമകൾക്ക് അനുകൂലമായി ഭേദഗതി ചെയ്ത് നാല് ലേബർ കോഡുകൾ ഉണ്ടാക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. സ്ത്രീ ദേവതക്ക് തുല്യമെന്ന് ആലങ്കാരിക വിശേഷണം നൽകിയ ധനമന്ത്രി വനിതാക്ഷേമത്തിന് വകയിരുത്തിയത് കഴിഞ്ഞ വർഷത്തേക്കാൾ കുറഞ്ഞ തുക മാത്രം. തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതത്തിൽ മുൻവർഷത്തേക്കാൾ ആറായിരം കോടിയുടെ കുറവ് വരുത്തി.

ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറൽ തത്വങ്ങളെ തൃണവൽക്കരിച്ച് അവതരിപ്പിക്കപ്പെട്ട ബജറ്റിൽ കേരളത്തോട് തികഞ്ഞ അവഗണനയാണ് പുലർത്തുന്നത്. എയിംസ് അടക്കമുള്ള കേരളത്തിന്റെ ദീർഘകാല ആവശ്യങ്ങളൊന്നും തന്നെ പരിഗണിക്കപ്പെട്ടിട്ടില്ല. പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർ നിർമ്മാണത്തിനായുള്ള പാക്കേജും സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്തണമെന്ന ആവശ്യവും അംഗീകരിക്കപ്പെട്ടില്ല. റെയിൽവേ പാത ഇരട്ടിപ്പിക്കലിന് നാമമാത്ര തുക മാത്രം വകയിരുത്തിയപ്പോൾ, ശബരി റയിൽപ്പാത ഉൾപ്പെടെയുള്ള മറ്റാവശ്യങ്ങളോട് നിഷേധ സമീപനമാണ് സ്വീകരിച്ചത്. ഈ നിലയിൽ അവഗണന തുടരുമ്പോഴും ഇന്ധനവില വർദ്ധനവ് ഉൾപ്പെടെ ബജറ്റിൽ പ്രഖ്യാപിച്ച ദ്രോഹ നടപടികളുടെ തിക്തഫലം തീവ്രമായി അനുഭവിക്കേണ്ടിവരുന്നതും ഉപഭോക്തൃ സംസ്ഥാനമായ കേരളമാണ്.

കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി രാജ്യത്ത് നടപ്പാക്കിവരുന്ന നവഉദാരവൽക്കരണ നയങ്ങൾക്ക് ആസുരമായ രൂപമാറ്റം വരുത്തുന്നതാണ് പുതിയ ബജറ്റ്. എല്ലാ മേഖലകളിലും സ്വകാര്യമൂലധനത്തിന്റെ സമ്പൂർണ്ണ ആധിപത്യം സ്ഥാപിക്കുന്നതിനുള്ള തിരക്കഥയാണ് ബജറ്റ് നിർദ്ദേശങ്ങളെന്ന് ഒറ്റനോട്ടത്തിൽ തന്നെ വ്യക്തമാകും. ജീവിതം അനായാസമാക്കൽ (ease of living) ലക്ഷ്യമിടുന്നതാണെന്ന് അവകാശപ്പെട്ട് ധനമന്ത്രി അവതരിപ്പിച്ച ബജറ്റ്, ഫലത്തിൽ സാധാരണക്കാരുടേയും തൊഴിലെടുക്കുന്നവരുടേയും ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുന്നതാണ്. ഇതിനെതിരെ അധ്വാനിക്കുന്നവരുടെ ഐക്യം വിപുലപ്പെടുത്തി ശക്തമായ പ്രക്ഷോഭങ്ങൾ ഉയർത്തണം. ■

◆ പിണറായി വിജയൻ

പ്രോഗ്രസ് റിപ്പോർട്ട്

ജനാധിപത്യത്തിന്റെ മഹോന്നത മാതൃക

നാലാം വർഷത്തിലേക്ക് പ്രവേശിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജനങ്ങളോടുള്ള പ്രതിബദ്ധതയും പ്രവർത്തനങ്ങളിലെ ആത്മവിശ്വാസവും പ്രകടിപ്പിച്ച് പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയാണ്. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ച പ്രകടനപത്രികയുടെ നിർവ്വഹണ പുരോഗതി പൊതുജന സമക്ഷം അവതരിപ്പിക്കുക ജനങ്ങൾ അവരുടെ അനുഭവങ്ങളുടേയും തെളിവുകളുടേയും അടിസ്ഥാനത്തിൽ മാർക്കിടുക. ജനാധിപത്യത്തിന്റെ നിർവ്വഹണത്തിലെ ഉന്നതമായ മൂല്യങ്ങളാണ് പ്രോഗ്രസ് റിപ്പോർട്ട് പ്രകാശനത്തിലൂടെ വെളിപ്പെടുന്നത്. മറ്റ് പലകാര്യങ്ങളിലുമെന്ന പോലെ ഇതും ഒരു കേരള മാതൃകയാണ്. മറ്റ് പാർടികൾക്ക് തെരഞ്ഞെടുപ്പുകാലത്ത് ജനങ്ങൾക്കുമുന്നിൽ അവതരിപ്പിക്കുന്ന പ്രകടന പത്രിക സംബന്ധിച്ച് പാർടികൾക്കുള്ള പൊതു സമീപനം ഏവർക്കും അറിവുള്ളതാണ്. ജനങ്ങളെ പ്രലോഭിപ്പിച്ച് ഏതുവിധേനയും വോട്ട് നേടി അധികാരമുറപ്പിക്കുക അതിനു ശേഷം അച്ചടിച്ച കടലാസിന്റെ വിലപോലും നൽകാതെ അവഗണിക്കുക ഇതാണ് പ്രകടന പത്രിക. ഇത്തരം പാർടികൾ പിന്തുടരുന്ന സമ്പന്നവർഗ പക്ഷപാതിത്വമാണ് ഈ സമീപനത്തിനു കാരണം. ഇടതുപക്ഷം എക്കാലവും ജനങ്ങൾക്ക് നൽകുന്ന വാഗ്ദാനങ്ങളോട് നീതി പുലർത്തി മാത്രമേ മുന്നോട്ടു പോയിട്ടുള്ളൂ.

2016-ൽ എൽ.ഡി.എഫ്. മുന്നോട്ടുവച്ച പ്രകടനപത്രിക 35 ഇന കർമ്മപദ്ധതികളും 600 ഇന നിർദ്ദേശങ്ങളും അടങ്ങിയതായിരുന്നു. മൂന്നാം വർഷത്തിൽ പരിശോധിക്കുമ്പോൾ മുന്നോട്ടുവയ്ക്കപ്പെട്ട 600 ഇന നിർദ്ദേശങ്ങളിൽ മഹാഭൂരിപക്ഷവും പൂർത്തീകരിക്കാനായി എന്ന വിലയിരുത്തലിൽ എത്താനാകും. നിരവധി പതിസന്ധികളെയും വെല്ലുവിളികളെയും വാഗ്ദാന പാലനത്തിനായി ആത്മാർത്ഥതയോടെ നിലകൊണ്ട സർക്കാരിനു മുന്നിൽ നിരവധി വെല്ലുവിളികളും പ്രതിസന്ധികളും ഉയർന്നുവന്നു. കടലോര മേഖലയിൽ നാശംവിതച്ച ഓഖി ദുരന്തവും ജനതയെ ഭീതിയിലാഴ്ത്തിയ നിപാ വൈറസ് ബാധയും നൂറ്റാണ്ടിലെ മഹാ പ്രളയവുമെല്ലാം കടുത്ത പ്രതിബന്ധമാണ് സൃഷ്ടിച്ചത്.

കേരളത്തിന്റെ സാമൂഹ്യ വളർച്ചയ്ക്കും രാഷ്ട്രീയ പ്രബുദ്ധതയ്ക്കും അടിസ്ഥാ ശിലയായി നിലകൊള്ളുന്ന നവോത്ഥാന മൂല്യങ്ങളേയും മതനിരപേക്ഷതയുടെ പാരമ്പര്യത്തെയും അട്ടിമറിയ്ക്കാനുള്ള പരിശ്രമം നടന്നതും ഇക്കാലയളവിലാണ്. ഇതിനെയും നേരിട്ടു. 17-ാം ലോക്സഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നതോടെ മൂന്നു മാസക്കാലം പുതിയ തീരുമാനങ്ങളൊന്നുമെടുക്കാനാവാതെ നഷ്ടപ്പെട്ടു. നോട്ടു നിരോധനവും ജി.എസ്.ടി.യും സമ്പദ് വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രതിസന്ധികളെയും നേരിടേണ്ടതായി വന്നു. മനുഷ്യ നിർമ്മിതവും അല്ലാത്തതുമായ ഇത്തരം പ്രതിസന്ധികളെയാകെ നേരിട്ട് മുന്നോട്ടു പോയ സർക്കാർ ഫലത്തിൽ പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ മാത്രമല്ല അതിലേറെ കാര്യങ്ങൾ ചെയ്തു. വികസന രംഗത്ത് നേട്ടങ്ങൾ ഉണ്ടാക്കാനായതു പോലെ വിവിധ മേഖലകളിൽ ജനങ്ങൾക്കനുകൂലമായ നയങ്ങൾ രൂപീകരിക്കാനുമായി. കേരളം നേരിടുന്ന വർത്തമാനകാല പ്രതിസന്ധിയാണ് ഉല്പാദന മേഖലയിലെ മുരടിപ്പ്. ഉല്പാദന വർദ്ധനവ് ഉറപ്പുവരുത്തി നീതിപൂർവ്വമായ വിതരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനമാണ് എൽ.ഡി.എഫ്. സർക്കാർ നടത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യുക ഒപ്പം സ്വകാര്യ സംരംഭകരുടെ മൂലധന നിക്ഷേപം ആകർഷിക്കുക ഇവയിലൂടെ മാത്രമേ ഉല്പാദന വർദ്ധനവ് സാധ്യമാകൂ. സ്വകാര്യ സംരംഭകരെ ആകർഷിക്കാൻ പശ്ചാത്തല സൗകര്യ വികസനം അത്യന്താപേക്ഷിതമാണ്. അതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിനായി.

അടിസ്ഥാന സൗകര്യ വികസനം ഫലപ്രദമായി യാഥാർത്ഥ്യമാക്കാൻ ബജറ്റിനു പുറത്തെ വിഭവ സമാഹരണത്തിലൂടെ മാത്രമേ സാധിക്കൂ എന്ന് തിരിച്ചറിഞ്ഞാണ് കിഫ്ബി വഴി 50000 കോടി രൂപ സമാഹരിക്കുന്നത്. ഇതിനകം 43730 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിയ്ക്കാൻ കിഫ്ബി വഴി കഴിഞ്ഞത് അഭിമാന നേട്ടം തന്നെയാണ്. പല ഘട്ടങ്ങളിലായി പലവിധ നൂലാമാലകളിൽപ്പെട്ട് മുന്നോട്ടു നീങ്ങാതിരുന്ന നിരവധി വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ മൂന്ന് വർഷം കൊണ്ട് സർക്കാരിനായി. ദേശീയ പാതാ വികസനം, ഗെയ്ൽ പൈപ്പ് ലൈൻ, മലയോര-തീരദേശ പാതകൾ, കൂടംകുളം വൈദ്യുത ലൈൻ എന്നിവയെല്ലാം വിസ്മൃതിയിൽ നിന്ന് ഈ സർക്കാർ പുനരുജ്ജീവിപ്പിച്ച പദ്ധതികളാണ്. ഇവിടെയൊന്നും നടക്കാൻ പോകുന്നില്ല എന്നതിൽ നിന്നും ഇവിടെയും വികസനം നടക്കും എന്ന നിലയിലേക്ക് സമൂഹത്തിന്റെ മനോഭാവത്തെ മാറ്റിത്തീർക്കാൻ സർക്കാരിനായി എന്നത് പ്രധാനമാണ്.

ഒപ്പം നാടിന്റെ വികസനത്തിന് അത്യന്താപേക്ഷിതമായ നിക്ഷേപം ആകർഷിക്കുന്നതിന് തടസ്സമായി നിന്ന ഘടകങ്ങൾ, നോക്കുകൂലി, ചുവപ്പുനാട, എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചു. തൊഴിലാളി സംഘടനകളുടെ സഹകരണത്തോടെ നോക്കുകൂലി അവസാനിപ്പിക്കാനായി. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കി. സംരംഭകർക്ക് 14 വകുപ്പുകളുടെ 29 സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാൻ ഇതുവഴി സാദ്ധ്യമാകും. പുതിയ സംരംഭങ്ങൾക്ക് അപേക്ഷ നൽകി 30 ദിവസത്തിനകം അനുമതി ലഭിച്ചില്ലെങ്കിൽ കൽപ്പിത അനുമതി ലഭിച്ചതായി കണക്കാക്കി മുന്നോട്ടു പോകാൻ അവസരമൊരുക്കി. ബിൽഡിംഗ് പെർമിറ്റുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കാനായി ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം സംസ്ഥാനത്താകെ നടപ്പിലാക്കി. സർക്കാരും സംരംഭകരും തമ്മിലുള്ള ആശയവിനിമയം മെച്ചപ്പെടുത്താനായി ജില്ലാതല ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ സ്ഥാപിച്ചു. സംരംഭകരായി സംസ്ഥാനത്ത് എത്തുന്നവർക്ക് ഇന്നലെകളിൽ നേരിടേണ്ടി വന്നിട്ടുള്ള കാലതാമസവും ബുദ്ധിമുട്ടും പരിഹരിക്കാനാണ് ഇത്തരം നടപടികളിലൂടെ സർക്കാർ ശ്രമിച്ചത്. ഇതുവഴി കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കാനാകും.

അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ലോക സാഹചര്യങ്ങൾക്കൊപ്പം നമുക്കും മാറേണ്ടതായിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ലോകത്ത് ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏതൊരു വ്യവസായത്തിനും അത്യന്താപേക്ഷിതമാണ്. ഈ തിരിച്ചറിവാണ് ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന നിലയിലേക്ക് കേരളത്തെ മാറ്റാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. ഒപ്റ്റിക്കൽ ഫൈബർ ശൃംഖല വഴി സംസ്ഥാനത്തെ എല്ലാ വീടുകളിലും ഓഫീസുകളിലും ഹൈസ്പീഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കി. പൊതു ഇടങ്ങളിൽ സൗജന്യ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചു കഴിഞ്ഞു.

കേരളത്തിന്റെ വികസനത്തിന് വിലമതിക്കാനാത്ത സംഭാവന നൽകിയ പ്രവാസികളുടെ നിക്ഷേപങ്ങളെ പരമാവധി സമാഹരിച്ച് നാടിന്റെ വികസന ആവശ്യങ്ങൾക്ക് ഉപയുക്തമാക്കാനാണ് ലോക കേരളസഭ 2019 സംഘടിപ്പിച്ചത് മൂന്നു വർഷത്തിനുള്ളിൽ ഒട്ടേറെ സംരംഭകരെ കേരളത്തിലെത്തിക്കാനായി. നിസ്സാൻ, ഫുജിറ്റ്സു, ടെൽ മഹീന്ദ്ര എയർബസ്, ടോറസ് തുടങ്ങിയ ലോക പ്രശസ്ത കമ്പനികൾ ഇന്ത്യയിൽ മുതൽ മുടക്കാൻ സന്നദ്ധമായി മുന്നോട്ടു വന്നിരിക്കുന്നു. സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ ഒരു

അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ലോക സാഹചര്യങ്ങൾക്കൊപ്പം നമുക്കും മാറേണ്ടതായിട്ടുണ്ട്. ഡിജിറ്റലൈസേഷന്റെ ലോകത്ത് ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏതൊരു വ്യവസായത്തിനും അത്യന്താപേക്ഷിതമാണ്. ഈ തിരിച്ചറിവാണ് ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന നിലയിലേക്ക് കേരളത്തെ മാറ്റാൻ സർക്കാരിനെ പ്രേരിപ്പിച്ചത്.

ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഐ.ടി. പാർക്കുകളുടെ വിസ്തീർണ്ണം അൻപത് ലക്ഷം ചതുരശ്ര അടിയാക്കി ഉയർത്തി. ഈ വിധം നാടിന്റെ മുഖച്ഛായ മാറ്റിയ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകി.

പുതിയ വികസന മേഖലകളിൽ മാത്രമല്ല പ്രതിസന്ധിയിലായ പരമ്പരാഗത വ്യവസായ മേഖലയുടെ സംരംക്ഷണത്തിനും ശാക്തീകരണത്തിനും പ്രത്യേക ശ്രദ്ധ നൽകി. കേവലമായ ലാഭനഷ്ടക്കണക്കുകൾക്ക് അപ്പുറത്ത് സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗം എന്ന നിലയിലാണ് പരമ്പരാഗത വ്യവസായ മേഖലയെ സർക്കാർ കാണുന്നത്. സർക്കാരിന്റെ ഈ സമീപനം കയർ, കശുവണ്ടി, കൈത്തറി, ഖാദി മേഖലകളിൽ മൂന്ന് വർഷം കൊണ്ട് പുത്തനുണർവ്വുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണവും വിപുലീകരണവും ലക്ഷ്യമിട്ട് പ്രവർത്തിച്ചതിനാൽ ചുരുങ്ങിയ കാലം കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ പലതും ലാഭകരമാക്കാനായി. അവിടങ്ങളിൽ നിലനിന്നിരുന്ന അഴിമതി, കാര്യക്ഷമതാ രാഹിത്യം എന്നിങ്ങനെയുള്ള അനഭിലക്ഷണീയ പ്രവണതകളെ ഇല്ലാതാക്കിയാണ് സ്ഥാപനങ്ങളെ ലാഭത്തിലെത്തിച്ചത്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു ലക്ഷത്തി പതിനായിരം പേർക്ക് പി.എസ്.സി. വഴി മാത്രം നിയമനം നൽകി. കാൽ ലക്ഷത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചു. സർക്കാർ സംഘടിപ്പിച്ച ജോബ് ഫെയറുകളിലൂടെ പന്ത്രണ്ടായിരം പേർക്കും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന ഇരുപത്തയ്യായിരം പേർക്കും തൊഴിൽ ലഭ്യത ഉറപ്പാക്കി.

ഔഷധ നിർമ്മാണ രംഗത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി.യെ നവീകരിച്ചു. ഇവിടെ ഉദ്പാദിപ്പിക്കുന്ന മരുന്ന് വിദേശത്ത് കയറ്റി അയയ്ക്കുന്നതിനുള്ള കരാർ ലഭിച്ചിരിക്കുകയാണ്. ബയോടെക്നോളജിയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താൻ തലസ്ഥാനത്തെ ലൈഫ് സയൻസ് പാർക്കിലൂടെ അവസരമൊരുക്കി.

അന്തരീക്ഷ മലിനീകരണം പരമാവധി കുറയ്ക്കുന്നതിനും പരമ്പരാഗത ഇന്ധനങ്ങളുടെ ഉപയോഗം പരമാവധി ഒഴിവാക്കുന്നതിനുമായി ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രചാരണം നൽകാൻ നടപടി സ്വീകരിച്ചു. 2022-ഓടെ പത്ത് ലക്ഷം ഇലക്ട്രിക് വാഹനങ്ങൾ പുറത്തിറക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-മൊബിലിറ്റി കോൺഫറൻസ് ആന്റ് എക്സ്പോ 2019 (ഇവോൾവ) കൊച്ചിയിൽ സംഘടിപ്പിച്ചു. ഇന്നു കാണുന്ന സേവന മേഖലയിലെ വളർച്ച നിലനിർത്തിക്കൊണ്ടു തന്നെ ഉദ്പാദന മേഖലയിലും വളർച്ച സാധ്യമാക്കേണ്ടതുണ്ട്. അതിനായി കാർഷിക വ്യാവസായിക രംഗങ്ങളിൽ പുതിയ ചുവടുവയ്പുകൾ അനിവാര്യമാണെന്ന് സർക്കാർ കരുതുന്നു. കാർഷിക ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനും നടപടി സ്വീകരിക്കാനായി. പഴം, പച്ചക്കറി, മത്സ്യം, മാംസം എന്നിവയുടെ സംസ്കരണത്തിനും മൂല്യ വർദ്ധനവിനും വലിയ സാധ്യതകളാണ് കേരളത്തിലുള്ളത്. ഇതൊക്കെ പ്രയോജനപ്പെടുത്താനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ ഉദ്പാദനത്തിൽ നാട് സ്വയം പര്യാപ്തതയിലേക്ക് അടുക്കുകയാണ്. കാർഷിക വായ്പകൾക്ക് മോറട്ടോറിയം ഏർപ്പെടുത്തിയും റബ്ബർ വില സ്ഥിരതാ ഫണ്ട് രൂപീകരിച്ചും നെല്ലിനും നാളികേരത്തിനും താങ്ങുവില വർദ്ധിപ്പിച്ചും ഉദ്പാദന വർദ്ധനവിനുതകുന്ന സാഹചര്യമൊരുക്കാനായി. ഒരു ലക്ഷത്തിലേറെ കർഷകർക്ക് പട്ടയം നൽകാനായി എന്നതും സർക്കാരിന്റെ അഭിമാന നേട്ടമാണ്. കഴിഞ്ഞ കാലങ്ങളിൽ മൂലധന ചെലവിനുണ്ടായ കുറവ് വ്യാവസായിക സംരംഭങ്ങൾ ഇല്ലാതാക്കുന്നതിന്റെയും വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുന്നതിന്റെയും സൂചകമായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൂലധനച്ചെലവ് കുത്തനെ വർദ്ധിച്ചതായി കാണാം.

നാം അഭിമുഖീകരിക്കുന്ന മാലിന്യ പ്രശ്നം, ഗതാഗതക്കുരുക്ക് എന്നിവയ്ക്ക് പരിഹാരം കാണാനായി ഈ മേഖലകളിൽ വൈദഗ്ധ്യമുള്ള അന്തർദേശീയ സംരംഭങ്ങളുമായി സഹകരിച്ച് മുന്നോട്ടുപോകാൻ സർക്കാർ ഒരുങ്ങുകയാണ്.

ഈ നിലയിൽ കേരളം നേരിടുന്ന ഉൽപാദന വികസന രംഗങ്ങളിലെ പ്രശ്നങ്ങളെല്ലാം സമഗ്രമായി അഭിസംബോധന ചെയ്യുന്ന സർക്കാർ സാമൂഹ്യസുരക്ഷയ്ക്ക് നൽകുന്ന പ്രാധാന്യം കഴിഞ്ഞ മൂന്നു വർഷവും ഭരണ നടപടികളിലൂടെ തെളിയിച്ചിട്ടുണ്ട്. സ്ത്രീകൾ, ട്രാൻസ്ജെൻഡർ, അംഗപരിമിതർ, പാർശ്വവൽക്കരിക്കപ്പെട്ട മറ്റ് വിഭാഗങ്ങൾ തുടങ്ങിയവരുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നടപ്പിലാക്കി. കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളടക്കമുള്ളവർക്ക് ജോലിക്കിടയിൽ ഇരിക്കാനുള്ള അവകാശം ഉറപ്പുവരുത്തി. ദളിതർ ഉൾപ്പെടെയുള്ള അബ്രാഹ്മണരെ അമ്പലത്തിൽ ശാന്തിക്കാ

രായി നിയമിച്ച് സമൂഹത്തിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അനീതിക്ക് പരിഹാരമുണ്ടാക്കാനായി. പട്ടികജാതി പട്ടികവർഗക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി.

നമ്മുടെ സംസ്ഥാനത്ത് തൊഴിൽ തേടിയെത്തിയ അതിഥി തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ആവാസ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി. അവർക്ക് താമസ സൗകര്യമൊരുക്കാൻ അപ്നാ ഘർ എന്ന പാർപ്പിട സമുച്ചയ പദ്ധതി ആരംഭിച്ചു.

സാമൂഹ്യക്ഷേമ പെൻഷനുകൾ ഇരട്ടിയായി വർദ്ധിപ്പിച്ച് കുറ്റമറ്റ രീതിയിൽ വിതരണം ചെയ്യുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അഭിമാനകരമാണ്. 55,27,953 പേർക്ക് പെൻഷൻ നൽകുന്നു. ഇതിൽ 9,61,472 പേർക്ക് ഈ സർക്കാർ വന്നതിനു ശേഷമാണ് പെൻഷൻ അനുവദിച്ചത്. മൂന്നു വർഷം കൊണ്ട് 17,510 കോടി രൂപയാണ് ക്ഷേമ പെൻഷനുകൾക്കായി വിനിയോഗിച്ചത്. യു.ഡി.എഫ്. അഞ്ച് വർഷം കൊണ്ട് 8,888 കോടി രൂപ വിനിയോഗിച്ചിടത്താണിത്.

വികസന ക്ഷേമ രംഗങ്ങളിൽ കേരളത്തിന്റെ മുഖച്ഛായ മാറ്റാനുതകുന്ന രീതിയിൽ രൂപകൽപ്പന ചെയ്തതാണ് നാല് മിഷനുകൾ. ഇതിന്റെ ഭാഗമായി ആരംഭിച്ച പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം വൻ വിജയമായി മാറി. പൊതു വിദ്യാലയങ്ങൾ ഉപേക്ഷിച്ചു പോയിരുന്ന കുട്ടികൾ കൂടുതലായി അവിടെയെത്തുന്ന സ്ഥിതിയുണ്ടായി. മൂന്നു വർഷം കൊണ്ട് അഞ്ച് ലക്ഷത്തോളം കുട്ടികൾ പുതുതായി പൊതു വിദ്യാലയങ്ങളിലേക്ക് വരാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം കാരണമായി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വൻതോതിൽ വികസിപ്പിച്ചും അക്കാദമിക നിലവാരം ഉയർത്തിയുമാണ് ഈ നേട്ടം സാധ്യമാക്കിയത്.

ഏവർക്കും സുരക്ഷിതമായ പാർപ്പിടം ഉറപ്പുവരുത്താൻ തുടക്കം കുറിച്ച ലൈഫ് പദ്ധതി പ്രാരംഭ ലക്ഷ്യങ്ങൾ പൂർത്തീകരിച്ച് മുന്നോട്ടു പോകുകയാണ്. കേരളത്തിലെ അനുദിനം ചെലവേറിയ ആരോഗ്യ പരിരക്ഷ രംഗത്തെ സുപ്രധാന ചുവട് വയ്പായിരുന്നു ആർദ്രം മിഷൻ. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി പുരോഗമിക്കുന്നു. താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും വിപുലമായ സൗകര്യങ്ങളാണ് ഒരുക്കുന്നത്. മെഡിക്കൽ കോളേജുകളെ ഉന്നതനിലവാരമുള്ള സ്ഥാപനങ്ങളാക്കി മാറ്റുന്നു. കാർഷിക പാരിസ്ഥിതിക രംഗങ്ങളിൽ മികച്ച ഫലം സൃഷ്ടിക്കാനുതകുന്ന ഇടപെടൽ ഹരിതകേരളം പദ്ധതിയിലൂടെ സാധിച്ചു. മാലിന്യ നിർമ്മാർജ്ജന പ്രശ്നം പരിഹരിക്കുന്നതിലും ജല സ്രോതസ്സുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ടും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ നല്ല റിസൾട്ടാണ് നൽകിയത്.

ദുരിതാശ്വാസ നിധിയിൽ നിന്നും 3 വർഷം കൊണ്ട് 1106.92 കോടി രൂപ അവശത അനുഭവിക്കുന്നവർക്കായി അനുവദിച്ചു. അഞ്ചു വർഷം കൊണ്ട് ഉമ്മൻചാണ്ടി സർക്കാർ 753.43 കോടി രൂപ അനുവദിച്ചിടത്താണിത്. ഈ നിലയിൽ മുന്നോട്ടു പോകുന്നതിനൊപ്പം മറ്റൊരു സുപ്രധാന ഉത്തരവാദിത്തം കൂടി ഏറ്റെടുക്കേണ്ടി വന്നിരിക്കുന്നു. പ്രളയത്തിൽ തകർന്ന കേരളത്തിന്റെ നിർമ്മാണം എന്ന ദൗത്യമാണത്. രണ്ട് മൂന്ന് വർഷത്തെ ശ്രമം ഇതിനാവശ്യമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് റീബിൾഡ് കേരള ഇനിഷ്യേറ്റീവ് എന്ന സമഗ്ര പദ്ധതി ആവിഷ്ക്കരിച്ചത്. ഈ വർഷം ബജറ്റിൽ ഇതിനായി ആയിരം കോടി രൂപ വകയിരുത്തി. പുനർ നിർമ്മാണത്തിനായി 25 പദ്ധതികളും പ്രഖ്യാപിച്ചു. പരിസ്ഥിതി സൗഹൃദമായ പുനർനിർമ്മാണമാണ് നാം ലക്ഷ്യമിടുന്നത്. ഇവയ്ക്ക് ആവശ്യമായ വിഭവ സമാഹരണം കൂടി ലക്ഷ്യമിട്ടാണ് കിഫ്ബി മസാല ബോണ്ട് പുറത്തിറക്കിയത്. ആവേശകരമായ പ്രതികരണമാണ് നിക്ഷേപകരിൽ നിന്നും ലഭിച്ചത്. നാടിന്റെ പുരോഗതിയിൽ വിദേശ മലയാളികളുടെ കൂടി സഹകരണം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള നടപടിയായിരുന്നു ലോക കേരള സഭയിലൂടെ സാധ്യമായത്. യു.എൻ., ലോകാരോഗ്യ സംഘടന എന്നിവരുടെയും സഹകരണം നവകേരള നിർമ്മിതിക്ക് ലഭിക്കുമെന്നായിട്ടുണ്ട്. ലോകത്തെല്ലായിടത്തു നിന്നും നമ്മുടെ നാടിനെ കൈപിടിച്ചുയർത്താൻ സഹായ ഹസ്തങ്ങളുയരുമ്പോൾ നമ്മുടെ നാട്ടിലും അത്തരത്തിലുള്ള ഐക്യം രൂപപ്പെടേണ്ടതുണ്ട്. കേരളീയരുടെ ചെറുതും വലുതുമായ നല്ലൊരു പങ്ക് നിക്ഷേപം സഹകരണ മേഖലയിലാണ്. കേരള ബാങ്ക് രൂപീകരണത്തിലൂടെ അത്തരം നിക്ഷേപത്തിന്റെ ഒരു പങ്ക് നാടിന്റെ നന്മയ്ക്കായി വിനിയോഗിക്കാനാകും.

കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും മാത്രം പ്രയോജനപ്പെടുന്ന നവ ഉദാരവൽക്കരണ നയങ്ങൾക്ക് ബദലായ ജനപക്ഷ നിലപാടുകൾ ഉയർത്തിപ്പിടിച്ചാണ് എൽ.ഡി.എഫ്. സർക്കാർ പ്രവർത്തിക്കുന്നത്. അഞ്ച് വർഷം കൊണ്ട് ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നതിനപ്പുറം ഈ മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കാനായി എന്ന ആത്മവിശ്വാസം സർക്കാരിനുണ്ട്. ആ ആത്മവിശ്വാസത്തിന്റെ പ്രതിഫലനമാണ് നാലാം വർഷത്തിലേക്ക് കടന്നപ്പോൾ അവതരിപ്പിക്കപ്പെട്ട പ്രോഗ്രസ് റിപ്പോർട്ട്. ഇത് അഴിമതിവിമുക്ത മതനിരപേക്ഷ വികസിത കേരളം രൂപപ്പെടുത്താനുള്ള ഈ സർക്കാരിന്റെ ഇച്ഛാശക്തിയുടെ കയ്യൊപ്പാണ്. ■

ലോകസഭ തെരഞ്ഞെടുപ്പും അതിനുശേഷവും

◆ എളമരം കരീം

17–ാo ലോകസഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്കും, അവരുടെ മുന്നണിക്കും (എൻഡിഎ) 2014 നെക്കാൾ മെച്ചപ്പെട്ട വിജയമുണ്ടായി. ബിജെപിക്ക് 2014 ൽ ലഭിച്ചത് 31 ശതമാനം വോട്ടായിരുന്നു. എൻഡിഎക്ക് 37.3 ശതമാനവും. ഇത് യഥാക്രമം 37.4 ശതമാനവും, 43.86 ശതമാനവുമായി ഉയർന്നു. കഴിഞ്ഞ 5 വർഷത്തെ ബിജെപി ഭരണകാലത്തെ വലതുപക്ഷ നയങ്ങൾക്ക് കൂടുതൽ സ്വീകാര്യത നേടാൻ സാധിച്ചു. ഏതാനും സംസ്ഥാനങ്ങളിലൊഴികെ, മറ്റ് ഭൂരിപക്ഷം സംസ്ഥാനങ്ങളിലും കോൺഗ്രസും പ്രാദേശിക ബൂർഷ്വാ പാർടികളും വലിയ തിരിച്ചടി നേരിട്ടു.

ഇടത്പക്ഷത്തിന് അതിന്റെ ശക്തി കേന്ദ്രങ്ങളായ കേരളം, പടിഞ്ഞാറൻ ബംഗാൾ, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ കനത്ത തിരിച്ചടിയാണ് ഉണ്ടായത്. ലോകസഭയിൽ പാർടി എംപി മാരുടെ എണ്ണം 3 ആയി ചുരുങ്ങി. വോട്ട് വിഹിതവും കുറഞ്ഞു. കോൺഗ്രസിന് 2014ലെ 44 സീറ്റുകളിൽ നിന്ന് 52 ആയി. വോട്ട് വിഹിതത്തിൽ വലിയ വ്യത്യാസം വന്നിട്ടില്ല. ഏകദേശം 20 ശതമാനം വോട്ടുകൾ കോൺഗ്രസിന് ലഭിച്ചു. മുഖ്യ പ്രതിപക്ഷമായ കോൺഗ്രസ്, രാജസ്ഥാൻ, മധ്യപ്രദേശ്, ചത്തീസ്ഗഡ്, ഡൽഹി, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ മറ്റ് മതേതര പാർടികളുമായി യാതൊരു ധാരണയും ഉണ്ടാക്കാതിരുന്നത് അവരുടെ പരാജയത്തിന്റെ ആക്കം കൂട്ടി. രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിച്ചതിലൂടെ ബിജെപിയുടെ വർഗീയ അജണ്ടക്കെതിരെ എന്നതിനേക്കാൾ ഇടത്പക്ഷത്തെ തോല്പിക്കാനാണ് താല്പര്യം എന്ന സന്ദേശമാണ് നൽകിയത്. പശ്ചിമ ബംഗാളിൽ 2014 ൽ വിജയിച്ച സീറ്റുകളിൽ, പരസ്പര മത്സരം ഒഴിവാക്കാമെന്ന

ബിജെപി ഉയർത്തിയ "തീവ്രഹിന്ദുത്വ" പ്രചരണങ്ങളെ "മൃദുഹിന്ദുത്വ" നിലപാടിൽ നിന്നാണ് കോൺഗ്രസ് നേരിട്ടത്. വർഗീയതയും മതനിരപേക്ഷതയും തമ്മിലുള്ള പോരാട്ടത്തിൽ മതനിരപേക്ഷ പക്ഷത്ത് ഉറച്ച് നിൽക്കാൻ കോൺഗ്രസ് തയാറായില്ല. ഇത് ബിജെപിക്ക് കാര്യങ്ങൾ എളുപ്പമാക്കിക്കൊടുത്തു.



ഇടത്പക്ഷ മുന്നണിയുടെ നിർദേശം കോൺഗ്രസ് തള്ളിക്കളഞ്ഞു. ഇന്ത്യൻ ഭരണഘടന ഉറപ്പ് നല്കുന്ന മതനിരപേക്ഷതയുടെ സംരക്ഷണം എന്ന വിഷയം ഫലപ്രദമായ പ്രചരണായുധമാക്കാൻ കോൺഗ്രസ് ശ്രമിച്ചില്ല. കോൺഗ്രസ് പ്രസിഡന്റ് ഉൾപെടെയുള്ള നേതാക്കന്മാരുടെ ക്ഷേത്രസന്ദർശനങ്ങളും മറ്റും വലിയ പ്രചരണമാക്കാനാണ് അവർ ശ്രമിച്ചത്. ഇത് ബിജെപി ഉയർത്തിയ വർഗീയ പ്രചരണത്തെ നേരിടുന്നതിൽ കോൺഗ്രസിനെ ദുർബലമാക്കി. ബിജെപി ഉയർത്തിയ "തീവ്രഹിന്ദുത്വ" പ്രചരണങ്ങളെ "മൃദുഹിന്ദുത്വ" നിലപാടിൽ നിന്നാണ് കോൺഗ്രസ് നേരിട്ടത്. വർഗീയതയും മതനിരപേക്ഷതയും തമ്മിലുള്ള പോരാട്ടത്തിൽ മതനിരപേക്ഷ പക്ഷത്ത് ഉറച്ച് നിൽക്കാൻ കോൺഗ്രസ് തയാറായില്ല. ഇത് ബിജെപിക്ക് കാര്യങ്ങൾ എളുപ്പമാക്കിക്കൊടുത്തു.

വലത്പക്ഷ രാഷ്ട്രീയത്തിന്റെ ധ്രുവീകരണം

ലോകസഭാ തെരഞ്ഞെടുപ്പ് ഫലം വലത്പക്ഷ രാഷ്ട്രീയത്തിന്റെ ധ്രുവീകരണത്തിന്റെ അടയാളമാണ്. മുതലാളിത്തത്തിന്റെ ദീർഘമേറിയ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ലോകത്ത് പല രാജ്യങ്ങളിലും വലത്പക്ഷ രാഷ്ട്രീയം ശക്തിപ്പെട്ടതായിക്കാണാം. ഫ്രാൻസ്, ആസ്ട്രേലിയ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലെല്ലാം തീവ്ര വലത്പക്ഷമാണ് തെരഞ്ഞെടുപ്പിൽ വിജയിച്ചത്. അമേരിക്കയിൽ ട്രമ്പിന്റെ വിജയവും ഈ പ്രവണതയുടെ ഉദാഹരണമാണ്. മുതലാളിത്ത പ്രതിസന്ധിയുടെ ഭാരം പേറേണ്ടിവരുന്ന അധ്വാനിക്കുന്ന വർഗം ഭരണകൂടങ്ങൾക്കെതിരെ പ്രതിഷേധവുമായി രംഗത്തിറങ്ങുന്നതിനെ ദുർബലമാക്കാൻ വംശീയ, സങ്കുചിത ദേശീയ പ്രശ്നങ്ങൾ കുത്തിപ്പൊക്കാനാണ് ബൂർഷ്വാസി ബോധപൂർവം ശ്രമിച്ചത്. കുടിയേറ്റ പ്രശ്നവും അവർ ആയുധമാക്കി. വർധിച്ചുവരുന്ന തൊഴിലില്ലായ്മക്ക് കാരണം കുടിയേറ്റമാണെന്നായിരുന്നു പ്രചരണം. മെക്സിക്കൻ കുടിയേറ്റത്തിനെതിരെ ട്രമ്പ് ഉയർത്തിയ വാദങ്ങൾ ഇതിനുദാഹരണമാണ്. മതമൗലികശക്തികളെയും ഫലപ്രദമായി ബൂർഷ്വാസി ഉപയോഗപ്പെടുത്തി. മുതലാളിത്ത നയങ്ങൾ സൃഷ്ടിക്കുന്ന ജീവിത പ്രശ്നങ്ങളിൽ നിന്ന് ജനങ്ങളുടെ ശ്രദ്ധതിരിച്ച് വിടാനായിരുന്നു ഇതെല്ലാം ചെയ്തത്.

ഇന്ത്യയിൽ മോഡിയുടെ നേതൃത്വത്തിൽ നടത്തിയ പ്രചരണങ്ങൾ ഇതേ ലക്ഷ്യത്തോടെയായിരുന്നു. 2014 ലെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ ഒന്ന് പോലും നടപ്പാക്കാൻ മോഡിക്ക് കഴിഞ്ഞില്ല. രാജ്യത്തെ സാമ്പത്തിക വളർച്ച മുരടിച്ചു. തൊഴിലില്ലായ്മ കഴിഞ്ഞ 45 വർഷക്കാലത്തെ ഏറ്റവും ഉയർന്ന നിരക്കിലായി. കാർഷിക പ്രതിസന്ധി മൂലം കർഷക ആത്മഹത്യ പെരുകി. നോട്ട് നിരോധനവും, ജിഎസ്ടിയും വലിയ തോതിൽ തൊഴിൽ നഷ്ടപ്പെടുത്തി. വിലക്കയറ്റം രൂക്ഷമായി. തൊഴിലാളികൾ ഉന്നയിച്ച ഒരാവശ്യവും സർക്കാർ ഗൗനിച്ചില്ല.

മോഡി സർക്കാർ നയങ്ങൾക്കെതിരെ തൊഴിലാളികളും, കർഷകരും വമ്പിച്ച സമരങ്ങൾ സംഘടിപ്പിച്ചു. മൂന്ന് ദേശീയ പണിമുടക്കുകളാണ് നടന്നത്. കർഷക മാർച്ചുകൾ നാടിനെ പ്രകമ്പനം കൊള്ളിച്ചു. ഡൽഹിയിൽ നടന്ന തൊഴിലാളി-കർഷക മാർച്ച് വലിയ ചലനമുണ്ടാക്കി. പാതകളിൽ പൊടിഞ്ഞ കർഷകരുടെ ചോര കണക്ക് ചോദിക്കുമെന്ന് കരുതപ്പെട്ടു. നോട്ട് നിരോധനം കൊണ്ട് വഴിമുട്ടിയ പാവം ജനത തെരുവിലിറങ്ങി നടത്തിയ പ്രതിഷേധങ്ങൾ സർക്കാരിനെ താഴെയിറക്കാൻ കരുത്ത് പകരുമെന്നും കരുതപ്പെട്ടിരുന്നു. കത്വയിലെ പെൺകുട്ടിയുടെ കീറിപ്പറിഞ്ഞ ശരീരം മോഡി ഭരണത്തെ കത്തിച്ചു കളയാൻ പര്യാപ്തമാവുമെന്നും കണക്ക് കൂട്ടിയവരുണ്ടായിരുന്നു. ഈ സംഭവങ്ങളെല്ലാം കഴിഞ്ഞതിന് ശേഷം കോർപറേറ്റ് മാധ്യമങ്ങൾ അവരുടെ ജോലി തുടങ്ങി. ബിജെപിയും സംഘപരിവാറും വർഗീയത പറഞ്ഞ് പ്രചരിപ്പിച്ച് ജനങ്ങളെ ഭിന്നിപ്പിച്ചു. ഫൂൽവാമയും ബാലെക്കോട്ടും മുഖ്യ ചർച്ചാവിഷയമാക്കി. ഭീകരരിൽ നിന്നും പാക്കിസ്ഥാൻ ആക്രമണത്തിൽ നിന്നും രാജ്യത്തെ രക്ഷിക്കാൻ കഴിയുന്ന ഏക രക്ഷകൻ മോഡി മാത്രമാണെന്ന പ്രതീതി സൃഷ്ടിക്കപ്പെട്ടു. ആർഎസ്എസ് എന്ന സംഘടനയുടെ ശക്തമായ സംഘടനാ സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്തി അവർ ജനങ്ങളെ സ്വാധീനിച്ചു. ആധുനിക ശാസ്ത്ര- സാങ്കേതിക വിദ്യയുടെ സഹായത്തോടെ സംഘടിപ്പിക്കപ്പെട്ട പ്രചരണങ്ങൾ വലിയ തോതിൽ ജനങ്ങളെ സ്വാധീനിച്ചു. ഈ സുസംഘടിത സംവിധാനത്തോട് ഏറ്റുമുട്ടാനുള്ള കെല്പ് കോൺഗ്രസിനും കൂട്ടാളികൾക്കുമുണ്ടായിരുന്നില്ല.

കോർപറേറ്റുകൾ പണമൊഴുക്കി

മോഡി സർക്കാരിന്റെ അഞ്ച് വർഷത്തെ ഭരണം കോർപറേറ്റുകൾക്ക് വമ്പിച്ച നേട്ടമുണ്ടാക്കി. അവർ പ്രത്യുപകാരമായി ബിജെപിയെ കയ്യയച്ച് സഹായിച്ചു. തെരഞ്ഞെടുപ്പിൽ മുമ്പൊരിക്കലുമില്ലാത്ത വിധം പണമൊഴുക്കാൻ ബിജെപിക്ക് സാധിച്ചത് ഈ സാഹചര്യത്തിലാണ്. ബിജെപിയുടെ മുദ്രാവാക്യങ്ങൾ കോർപറേറ്റ് മാധ്യമങ്ങളുടെ പിന്തുണയോടെ ജനങ്ങളിലെത്തിക്കാൻ അവർക്ക് കഴിഞ്ഞു. "സെന്റർ ഫോർ മീഡിയ സ്റ്റഡീസ്" എന്ന സ്ഥാപനം തെരഞ്ഞെടുപ്പിന് ശേഷം പുറത്ത് വിട്ട വിവരങ്ങളനുസരിച്ച് ബിജെപി 27000 കോടി രൂപ തെരഞ്ഞെടുപ്പിൽ ചെലവഴിച്ചു. ഈ തുക തെരഞ്ഞെടുപ്പിൽ ആകെ ചെലവായ തുകയുടെ 45 ശതമാനമാണ്. ഇലക്ട്രൽ ബോണ്ടുകളിലൂടെ കോർപറേറ്റുകൾ വലിയ തുകയാണ് ബിജെപിക്ക് ലഭ്യമാക്കിയത്. സ്വതന്ത്രമായ തെരഞ്ഞെടുപ്പ് അസാധ്യമാക്കുന്ന സ്ഥിതിയാണ് രാജ്യത്ത് ഉണ്ടായിരിക്കുന്നത്.

ഭരണവർഗ പിന്തുണ

ഭരണ വർഗങ്ങളിൽപെട്ട കുത്തക മുതലാളിമാരും, ഉയർന്ന ബിസിനസുകാരും ഈ തെരഞ്ഞെടുപ്പിൽ ബിജെപിയെ വലിയ തോതിൽ സഹായിച്ചു. മോഡി ഭരണകാലത്തെ ചങ്ങാത്ത മുതലാളിത്ത നയങ്ങൾ കുത്തക മുതലാളിമാരുടെ സമ്പത്തിൽ വൻവർധനവുണ്ടാക്കി. മുകേഷ് അമ്പാനിയുടെ

സമ്പത്ത് ഇരട്ടിയിലധികം വർധിച്ചു. 2014 ൽ നിന്ന് 2018 ആവുമ്പോഴേക്ക് 23 ബില്യൻ (1 ബില്യൻ= 100 കോടി) ഡോളറിൽ നിന്ന് 55 ബില്യൻ ഡോളറായിട്ടാണ് ഉയർന്നത്. മുകേഷ് അമ്പാനിയുടെ ജീവിതത്തിലെ നീണ്ട 58 വർഷക്കാലം നേടിയ സമ്പത്തിനേക്കാൾ കൂടുതലാണ് അദ്ദേഹം 5 വർഷക്കാലത്തെ മോഡി ഭരണത്തിൽ നേടിയത്. ഗൗതം അദാനിയുടെ സമ്പത്തിൽ മോഡി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരുന്ന കാലത്ത് 5000 ശതമാനം വർധവുണ്ടായി. കഴിഞ്ഞ 4 വർഷക്കാലത്ത് അദാനിയുടെ സമ്പത്ത് അഞ്ച് ഇരട്ടിയോളമായി. 2.6 ബില്യൻ ഡോളറിൽ നിന്ന് 11.9 ബില്യൻ ഡോളറായി ഉയർന്നു. മോഡി ഭരണകാലത്ത് സമ്പത്ത് വാരിക്കൂട്ടിയ മറ്റൊരാൾ, ബാബ രാംദേവിന്റെ 'പതഞ്ജലി' എന്ന സ്ഥാപനമാണ്. ഒരു ചെറിയ ബിസിനസ് സ്ഥാപനമായിരുന്ന പതഞ്ജലിയുടെ 2018 ലെ സമ്പത്ത് 6 ബില്യൻ ഡോളറിൽ അധികമാണ്. ഇന്ത്യയിലെ അതിസമ്പന്നന്മാരായ 20 പേരിലൊരാളാണ് ബാബ രാംദേവ്. ഇത്തരം കുത്തകമുതലാളിവർഗമാണ് ബിജെപിയുടെ മുന്നിൽ മടിശീല അഴിച്ചത്. പരസ്യങ്ങൾക്കും, 'പെയ്ഡ് ന്യൂസി'നുമായി ആയിരക്കണക്കിന് കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്. നിയമ വിരുദ്ധമായി സംപ്രേക്ഷണം ആരംഭിച്ച 'നമോ ടിവി' നരേന്ദ്രമോഡിയുടെ വ്യക്തി പ്രഭാവം ഉയർത്തുക എന്ന ലക്ഷ്യത്തോടെ മാത്രമാണ് പ്രവർത്തിച്ചത്. ഈ പ്രചരണ കോലാഹലം ജനങ്ങളെ പൊതുവിലും യുവജനതയെ പ്രത്യേകിച്ചും സ്വാധീനിച്ചു.

തെരഞ്ഞെടുപ്പ് കമ്മീഷൻ

നിഷ്പക്ഷമായി പ്രവർത്തിക്കേണ്ട തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനങ്ങൾ വ്യാപകമായ വിമർശനങ്ങൾക്ക് വിധേയമായി. കമ്മീഷന്റെ തീരുമാനങ്ങളിൽ പലതും ബിജെപിക്കനുകൂലമായിരുന്നു. തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പരിഷ്കരിക്കേണ്ട ആവശ്യകതയിലേക്കാണ് ഈ കാര്യങ്ങൾ വിരൽ ചൂണ്ടുന്നത്. തെരഞ്ഞെടുപ്പ് കമ്മീഷനെ കേന്ദ്ര സർക്കാർ നിയമിക്കുന്ന രീതി മാറണം. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ വിശ്വാസ്യത സംബന്ധിച്ച് ധാരാളം പരാതികൾ ഉയർന്ന് വന്നിട്ടുണ്ട്. ഈ കാര്യവും പരിശോധനക്ക് വിധേയമാക്കണം.

കേരള സ്ഥിതി

ലോകസഭാ തെരഞ്ഞെടുപ്പ് ഫലങ്ങൾ നിയമസഭാ തെരഞ്ഞെടുപ്പ് ഫലങ്ങളിൽ നിന്ന് വ്യത്യസ്തമായിരിക്കുക എന്നത് സംസ്ഥാനത്ത് ഒരു രീതിയാണ്. ഈ തെരഞ്ഞെടുപ്പിൽ മോഡിയുടെ നേതൃത്വത്തിൽ ബിജെപി അധികാരത്തിൽ വരുന്നതിനെ ഭീതിയോടെയാണ് മതനിരപേക്ഷ ചിന്താഗതിക്കാരായ ജനങ്ങളിൽ ഒരു വിഭാഗവും മതന്യൂനപക്ഷ വിഭാഗങ്ങളും നിരീക്ഷിച്ചത്. ഈ സാഹചര്യത്തിൽ കേന്ദ്രത്തിൽ കോൺഗ്രസ് നേതൃത്വത്തിൽ ഒരു മതനിരപേക്ഷ ബദൽ സർക്കാരുണ്ടാക്കാൻ കഴിയുമെന്ന യുഡിഎഫ് പ്രചരണത്തിൽ മേൽപറഞ്ഞ വിഭാഗം ജനങ്ങൾ സ്വാധീനിക്കപ്പെട്ടു. രാഹുൽ ഗാന്ധി വയനാട്ടിൽ മത്സരിക്കാനെത്തിയത് യുഡിഎഫിനനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടു. ദേശീയ തലത്തിൽ ഇടത്പക്ഷം ദുർബലമായതിനാൽ തെരഞ്ഞെടുപ്പിന് ശേഷം ഒരു മതനിരപേക്ഷ സർക്കാരിനെ അധികാരത്തിൽ കൊണ്ടുവരുന്നതിൽ ഇടത്പക്ഷത്തിന് ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്നും ആയതിന് പാർലമെന്റിൽ ഇടത്പക്ഷ അംഗബലം വർധിപ്പിക്കണമെന്നുമുള്ള പ്രചരണത്തിന് ജനങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്താനായില്ല. ശബരിമല സ്ത്രീപ്രവേശന പ്രശ്നത്തിൽ സുപ്രീം കോടതി വിധി, ഇന്ത്യൻ ഭരണഘടനയിലെ പൗരന്മാരുടെ തുല്യ അവകാശം എന്ന തത്വം ഉയർത്തിപ്പിടിക്കുന്നതായിരുന്നു. ആ വിധിയെ അനുകൂലിച്ച ഇടത് പക്ഷ ജനാധിപത്യ മുന്നണിയുടെ നിലപാടിനെ ഒരുനിലയിലും കുറ്റപ്പെടുത്താനാവില്ല. സുപ്രീം കോടതി വിധി വന്ന ഉടനെ അതിനെ പിന്തുണച്ച ബിജെപി - കോൺഗ്രസ് നേതൃത്വം പിന്നീട് നിലപാട് മാറ്റി. സുപ്രീം കോടതി വിധിക്കെതിരെ എൻഎസ്എസ് പോലുള്ള സംഘടനകളും വിശ്വാസികളിൽ ഒരു വിഭാഗവും പരസ്യമായി രംഗത്ത് വന്നപ്പോൾ ഇവർ അതിനോട് ചേർന്നു. ആർഎസ്എസ് ശബരിമലയെ സംഘർഷഭൂമിയാക്കി. ബിജെപി, കോൺഗ്രസ്, എൻഎസ്എസ് തുടങ്ങിയ സംഘടനകൾ വിശ്വാസം - ആചാരം എന്നിവയെ ആസ്പദമാക്കി നടത്തിയ പ്രചരണങ്ങൾ ഇടത്പക്ഷത്തെ അനുകൂലിക്കുന്ന ഒരു വിഭാഗം ജനങ്ങളിൽ സ്വാധീനം ചെലുത്തി. എൽഡിഎഫിന് ലഭിച്ചുകൊണ്ടിരുന്നതും ലഭിക്കേണ്ടിയിരുന്നതുമായ കുറെ വോട്ടുകൾ യുഡിഎഫിനും ബിജെപിക്കും ലഭിക്കാനിടയായി. സംസ്ഥാനത്ത് എൽഡിഎഫിന്റെ പരാജയത്തിന് ഇത് ഒരു കാരണമാണ്.

ഇടത്പക്ഷം പ്രധാന ശത്രു

ദേശീയ തലത്തിലെടുത്താൻ ദുർബലമാണെങ്കിലും ഭരണവർഗ നയങ്ങൾക്കെതിരെ പ്രക്ഷോഭങ്ങൾ ഉയർത്തി കൊണ്ടുവരാൻ ഇടത്പക്ഷ ശക്തികൾക്കുള്ള കഴിവിനെ ഭരണവർഗം ആശങ്കയോടെയാണ് വീക്ഷിക്കുന്നത്. ഇടതുപക്ഷത്തെ ദുർബലമാക്കുക എന്നത് അവരുടെ മുഖ്യ അജണ്ടയാണ്. ഇടത്പക്ഷത്തിന്റെ പ്രധാന ശക്തികേന്ദ്രങ്ങളിലൊന്നായ കേരളത്തിലെ എൽഡിഎഫ് സർക്കാർ നവ- ഉദാരവൽക്കരണ നയങ്ങൾക്ക് ബദൽ നയങ്ങൾ ഉയർത്തിപിടിച്ചാണ് പ്രവർത്തിക്കുന്നത്. പൊതുമേഖലാ സംരക്ഷണം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ, വിദ്യാഭ്യാസ- ആരോഗ്യരംഗത്തെ മുന്നേറ്റങ്ങൾ, സുദൃഢമായ മതനിരപേക്ഷ നിലപാട് തുടങ്ങിയവ എൽഡിഎഫ് സർക്കാരിനെ വേറിട്ടതാക്കുന്നു. കേന്ദ്ര സർക്കാരിന്റെ നവ- ഉദാരവൽക്കരണ നയങ്ങൾക്ക് ബദലുണ്ടെന്ന് വ്യക്തമാക്കുന്ന എൽഡിഎഫ് സർക്കാരിനെയും, എൽഡിഎഫിനെയും ദുർബലമാക്കുക എന്നത് ഭരണവർഗത്തിന്റെ ലക്ഷ്യമാണ്. കോർപറേറ്റ് മാധ്യമങ്ങൾ ഈ ലക്ഷ്യം വച്ചാണ് എൽഡിഎഫിനെതിരെ ദുഷ്പ്രചരണങ്ങൾ നടത്തുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഭരണ വർഗ പാർടികളായ കോൺ

ഗ്രസും ബിജെപിയും ഇടത്പക്ഷത്തെ പരാജയപ്പെടുത്തുക എന്ന കാര്യത്തിൽ ഒരേ നിലപാടുകാരായിരുന്നു. ഏതാനും മണ്ഡലങ്ങളിൽ ബിജെപിയുടെ വോട്ടുകൾ യുഡിഎഫിന് ലഭിച്ചത് ഈ സാഹചര്യത്തിലാണ്.

തൊഴിലാളി വർഗ സമരങ്ങൾ

മോഡി സർക്കാർ നയങ്ങൾക്കെതിരെ 2015 മുതൽ ദേശീയ പണിമുടക്കുകൾ ഉൾപ്പെടെ നിരവധി പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിരുന്നു. അമ്പത് കോടിയോളം വരുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉയർത്തിയായിരുന്നു ഈ പ്രക്ഷോഭങ്ങൾ. ബിഎംഎസ് ഒഴികെയുള്ള മുഴുവൻ ട്രേഡ് യൂണിയനുകളും ഒന്നിച്ചായിരുന്നു ഈ സമരങ്ങളെല്ലാം. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം ആദ്യമായി തൊഴിലാളികളും കർഷകരും ചേർന്ന് 2018 സെപ്തംബർ 5 ന് ഡൽഹിയിൽ സംഘടിപ്പിച്ച മസ്ദൂർ- കിസാൻ റാലി വലിയ ആവേശം സൃഷ്ടിച്ചിരുന്നു. തെരഞ്ഞെടുപ്പിന് മുമ്പ് ട്രേഡ് യൂണിയനുകളുടെ ദേശീയ കൺവെൻഷൻ ചേർന്ന് അംഗീകരിച്ച 'വർക്കേഴ്സ് ചാർട്ടർ' രാജ്യത്തിന് പുതിയൊരനുഭവമായിരുന്നു. വർക്കേഴ്സ് ചാർട്ടറിൽ ഉന്നയിച്ച കാര്യങ്ങൾ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഉൾപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് രാജ്യത്തെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും നൽകുകയുണ്ടായി. എന്നാൽ സിപിഐ(എം), സിപിഐ എന്നീ പാർട്ടികൾ ഒഴികെ മറ്റൊരു പാർട്ടിയും തൊഴിലാളി സംഘടനകൾ ഉന്നയിച്ച കാര്യങ്ങൾ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഉൾക്കൊള്ളിച്ചില്ല.

ദേശീയ തലത്തിലും, മേഖലാ തലങ്ങളിലും തൊഴിലാളി വർഗം നടത്തിയ പോരാട്ടങ്ങളുടെ സന്ദേശം തെരഞ്ഞെടുപ്പ് കാലത്ത് പ്രചരണമാക്കാൻ കഴിഞ്ഞില്ല. നാം ഉന്നയിച്ച പ്രശ്നങ്ങൾ ജനങ്ങളിലെത്തിക്കുന്നതിലും വിജയിക്കാനായില്ല. ഇടത്പക്ഷം മാത്രമാണ് അവർക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ ഈ പ്രശ്നങ്ങൾ പ്രചരണം നടത്തിയത്. ദേശീയ തലത്തിൽ ബിജെപി പ്രചരണത്തിന്റെ കേന്ദ്രബിന്ദു വർഗീയതയും രാജ്യരക്ഷപോലുള്ള പ്രശ്നങ്ങളാക്കി മാറ്റി. മാധ്യമങ്ങളും സാമൂഹ്യ മാധ്യമങ്ങളും ഫലപ്രദമായി ഉപയോഗിക്കാൻ ഭരണകക്ഷിക്ക് സാധിച്ചു. നമ്മുടെ പ്രക്ഷോഭങ്ങളിൽ അണിനിരക്കുന്ന തൊഴിലാളികളെ മുഴുവൻ സമരത്തിനാധാരമായി ഉയർത്തിയ മുദ്രാവാക്യങ്ങളുടെ പിന്നിൽ അണിനിരത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. അധ്വാനിക്കുന്ന ജനതയുടെ ജീവിതം തകർക്കുന്ന നവ- ഉദാരവൽക്കരണ നയങ്ങൾക്ക് പിന്നിലെ രാഷ്ട്രീയം മുഴുവൻ തൊഴിലാളികളെയും ബോധ്യപ്പെടുത്താനും കഴിഞ്ഞില്ല. നാം ഇത് വരെ "എത്തിച്ചേർന്നിട്ടില്ലാത്തവരിലേക്ക് എത്തിച്ചേരുക" എന്ന മുദ്രാവാക്യം പൂർണമായി നടപ്പായോ എന്ന് നാം പരിശോധിക്കണം.

ദേശീയ തലത്തിലും, മേഖലാ തലങ്ങളിലും തൊഴിലാളി വർഗം നടത്തിയ പോരാട്ടങ്ങളുടെ സന്ദേശം തെരഞ്ഞെടുപ്പ് കാലത്ത് പ്രചരണമാക്കാൻ കഴിഞ്ഞില്ല. നാം ഉന്നയിച്ച പ്രശ്നങ്ങൾ ജനങ്ങളിലെത്തിക്കുന്നതിലും വിജയിക്കാനായില്ല. ഇടത്പക്ഷം മാത്രമാണ് അവർക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ ഈ പ്രശ്നങ്ങൾ പ്രചരണം നടത്തിയത്. ദേശീയ തലത്തിൽ ബിജെപി പ്രചരണത്തിന്റെ കേന്ദ്രബിന്ദു വർഗീയതയും രാജ്യരക്ഷപോലുള്ള പ്രശ്നങ്ങളാക്കി മാറ്റി. മാധ്യമങ്ങളും സാമൂഹ്യ മാധ്യമങ്ങളും ഫലപ്രദമായി ഉപയോഗിക്കാൻ ഭരണകക്ഷിക്ക് സാധിച്ചു. നമ്മുടെ പ്രക്ഷോഭങ്ങളിൽ അണിനിരക്കുന്ന തൊഴിലാളികളെ മുഴുവൻ സമരത്തിനാധാരമായി ഉയർത്തിയ മുദ്രാവാക്യങ്ങളുടെ പിന്നിൽ അണിനിരത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല.

രണ്ടാം മോഡി സർക്കാർ കൂടുതൽ തീവ്രതയോടെ നവ-ഉദാരവൽക്കരണ നയങ്ങളുമായി മുന്നോട്ടുപോകും. 44 പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയോ അടച്ചുപൂട്ടുകയോ ചെയ്യണമെന്ന് 'നീതി ആയോഗ്' നടത്തിയ പ്രഖ്യാപനം, സർക്കാരിന്റെ ദിശ സൂചിപ്പിക്കുന്നതാണ്. തൊഴിൽ നിയമ "പരിഷ്കാരങ്ങൾ"ക്ക് വേഗത കൂട്ടണമെന്നും നീതി ആയോഗ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ കയറ്റുമതിയുടെ മേൽ നികുതി അടിച്ചേല്പിച്ചുകൊണ്ടുള്ള അമേരിക്കൻ ഭരണകൂടത്തിന്റെ നയങ്ങൾ ചോദ്യം ചെയ്യാതെ ഇന്ത്യ അംഗീകരിച്ചു. അമേരിക്കയുടെ ഈ നയം ഇന്ത്യൻ വ്യവസായങ്ങളെ ദുർബലമാക്കും. അനേകം തൊഴിൽ നഷ്ടപ്പെടാനിടയാക്കും. ഇറാനിൽ നിന്ന് എണ്ണ വാങ്ങുന്നത് നിർത്തണമെന്ന അമേരിക്കൻ തിട്ടൂരത്തിന് ഇന്ത്യ വഴങ്ങി. എണ്ണ ഇറക്കുമതി ചെലവ് കൂടാൻ ഇതിടയാക്കും. ഇന്ത്യയുടെ കയറ്റുമതി വരുമാനം കുറയുകയും ഇറക്കുമതി ചെലവ് കൂടുകയും ചെയ്യും. രാജ്യത്തിന്റെ സമ്പദ് ഘടനയെ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിക്കും. ഇതിന്റെയെല്ലാം ഭാരം ജനങ്ങളുടെ തലയിൽ പതിക്കുമെന്നുറപ്പാണ്. ഈ സാഹചര്യത്തിൽ നമ്മുടെ ചെറുത്ത് നിൽപ്പും പോരാട്ടവും കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

അതിനായി മുഴുവൻ തൊഴിലാളികളുടെയും ഐക്യമുണ്ടാക്കാൻ ശ്രമിക്കണം. തൊഴിലാളി- കർഷക സഖ്യം ശക്തിപ്പെടുത്താനും നമുക്ക് സാധിക്കണം. സംഘപരിവാർ ഉയർത്തുന്ന വർഗീയ ഭീഷണിക്കെതിരെ മതനിരപേക്ഷതയുടെ പതാകവാഹകരാവാൻ നമുക്ക് സാധിക്കണം. വർഗീയതക്കെതിരെ വർഗ ഐക്യം, ഐക്യത്തോടെ കരുത്തുറ്റ വർഗസമരം ഇതായിരിക്കണം നമ്മുടെ ഭാവി കടമ.

സമരങ്ങൾ തുടരും

തോൽവി ചരിത്രത്തിന്റെ അന്ത്യമാണെന്ന് കരുതേണ്ടതില്ല. അല്പം പോറലുകൾ ഏറ്റിട്ടുണ്ടെങ്കിലും ഭരണഘടനാ സ്ഥാപനങ്ങൾ രാജ്യത്ത് നിലവിലുണ്ട്. സമരങ്ങൾ തുടരുക തന്നെ ചെയ്യും. ലോക ചരിത്രത്തിൽ ഇത്തരം അവസ്ഥകളിലൂടെ പല രാഷ്ട്രങ്ങളും കടന്ന് പോയിട്ടുണ്ട്. ലോകം മുഴുവൻ കീഴടക്കാൻ വന്ന ഫാസിസത്തെ അതിന്റെ മടയിൽ കടന്ന് ചെന്ന് തുരത്തിയ അനുഭവം ലോകത്തുണ്ട്. കോർപറേറ്റുകൾ നയിക്കുന്ന ഭരണം പാവപ്പെട്ട ജനങ്ങളുടെ തലയിൽ തീമഴയായി പെയ്യാൻ തുടങ്ങുമ്പോൾ കോർപറേറ്റ് മാധ്യമങ്ങൾ സൃഷ്ടിച്ച മായാപ്രപഞ്ചത്തിൽ നിന്നും അവ പുറത്ത് കടക്കും. കപട ദേശീയതയും യുദ്ധവീര്യവും കൊണ്ട് ഒരു ഭരണകൂടവും ചിരകാലം വാഴില്ല. ചരിത്രം മെയ് 23 ന് അവസാനിക്കുന്ന കലണ്ടറല്ല. ■

അടിയന്തിരാവസ്ഥയുടെ കറുത്തകാലം ഇനിയും ആവർത്തിക്കരുത്

എം.വി.ഗോവിന്ദൻ മാസ്റ്റർ

രാജ്യത്തെ ജനങ്ങളുടെ സ്വാതന്ത്ര്യം കവർന്നെടുക്കുക മാത്രമല്ല അടിയന്തിരാവസ്ഥ ചെയ്തത്. സ്വാതന്ത്ര്യഭാരതത്തിന്റെ സ്രഷ്ടാക്കൾ ആരംഭിച്ച രാഷ്ട്രനിർമാണപ്രക്രിയയെ തന്നെ അത് നിശ്ചലമാക്കി. കുറേയധികം പിറകിലോട്ട് വലിച്ചിഴച്ചു.

അടിയന്തിരാവസ്ഥയുടെ ഓർമ ഇന്നും ജനാധിപത്യ വിശ്വാസികളെ ജാഗ്രതപ്പെടുത്തുന്ന ഒന്നാണ്. ഭരണാധികാരികൾ ഏകാധിപതികളായി മാറാൻ വെമ്പുമ്പോൾ അവർ ജനാധിപത്യത്തെ ചവിട്ടിമെതിക്കാൻ മടിച്ചുനിൽക്കാറില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതാവ് ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്ത് രാജ്യം അഭിമുഖീകരിച്ച അടിയന്തിരാവസ്ഥ കാലം നമുക്കത് തെളിയിച്ചു തന്നു. ബ്രിട്ടീഷ് വാഴ്ചയിൽ നിന്നും സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ പാരമ്പര്യമുള്ള സ്വാതന്ത്ര്യസമര പ്രസ്ഥാനമായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്, അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിലൂടെ നിഷേധിച്ചത് ജനങ്ങളുടെ സ്വാതന്ത്ര്യവും ജനാധിപത്യവുമാണ്. ഇന്ത്യ ഇന്ദിരയും ഇന്ദിര ഇന്ത്യയുമായി മാറിയപ്പോൾ കോൺഗ്രസും കൂട്ടുകക്ഷികളും രാജ്യത്തെ ജനങ്ങളെ മറന്നു. തങ്ങളുടെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളുടെ ഭൂതകാല തിളക്കവും വലിച്ചെറിഞ്ഞു.

രാജ്യത്തെ ജനങ്ങളുടെ സ്വാതന്ത്ര്യം കവർന്നെടുക്കുക മാത്രമല്ല അടിയന്തിരാവസ്ഥ ചെയ്തത്. സ്വാതന്ത്ര്യഭാരതത്തിന്റെ സ്രഷ്ടാക്കൾ ആരംഭിച്ച രാഷ്ട്രനിർമാണപ്രക്രിയയെ തന്നെ അത് നിശ്ചലമാക്കി. കുറേയധികം പിറകിലോട്ട് വലിച്ചിഴച്ചു. നെഹ്റു ഒരു പരിധിവരെ രാഷ്ട്രത്തെ നിർമിക്കാൻ ശ്രമിച്ചു എന്ന് പറയുമ്പോൾ, അദ്ദേഹത്തിന്റെ മകൾ ഇന്ദിരാഗാന്ധി അതിന് തടസമായി മാറി. രാജ്യത്തിന്റെ തിളക്കമായി മാറേണ്ട സ്ഥാപനസ്വരൂപങ്ങളുടെ അടിത്തറ തകർത്തു. അങ്ങിനെ പാർലമെന്റിന്റെയും നീതിപീഠത്തിന്റെയും കാര്യനിർവഹണ വിഭാഗത്തിന്റെയും സ്വതന്ത്രമായ നിലനിൽപ്പ് അപകടത്തിലായി. ആ ഒരു ദുരവസ്ഥയിൽ നിന്നും തുടക്കമിട്ട വീഴ്ചകളിൽ നിന്നും ഇന്ത്യൻ ജനാധിപത്യം പൂർണമായും കരകയറി എന്ന് പറയാൻ ഇപ്പോഴും സാധിക്കില്ല. ഫാസിസ്റ്റ് സംഘടനയായ ആർ എസ് എസ് നിയന്ത്രിക്കുന്ന ബി ജെ പിയുടെ വളർച്ചപോലും അടിയന്തിരാവസ്ഥ രാജ്യത്ത് ഉണ്ടാക്കിയിട്ടുള്ള അരാജകത്വ രാഷ്ട്രീയ കാലാവസ്ഥയുടെ ഉൽപ്പന്നമാണ്. ആർ എസ് എസ് പ്രചാരകനായ നരേന്ദ്ര മോഡി രണ്ടാമതും രാജ്യത്തിന്റെ പ്രധാനമന്ത്രി പദത്തിലേക്കെത്തുമ്പോൾ അടിയന്തിരാവസ്ഥ കാലത്ത് തുടക്കം കുറിച്ച അപകടം പിടിച്ച പോക്കിന് തുടർച്ചയുണ്ടാവുകയാണ്.

രാജ്യത്തിന്റെ നിലനിൽപ്പിന് തന്നെ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒന്നാണ് അടിയന്തിരാവസ്ഥ എന്ന് മനസിലാക്കിയപ്പോൾ അന്നത്തെ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ദേശീയാധ്യക്ഷനായിരുന്ന കെ കാമരാജ് പറഞ്ഞത്; എല്ലാം പോച്ച്. എൻ തപ്പ് എന്നാണ്. ഇന്ദിരയെ പ്രധാനമന്ത്രി പദത്തിലിരുത്താൻ മുൻകൈയെടുത്ത കാമരാജിന് വരെ എല്ലാം കൈവിട്ട് പോയി, എന്റെ തെറ്റാണ് എന്ന് വിലപിക്കേണ്ടി വന്നത് തങ്ങളാഗ്രഹിച്ച രീതിയിൽ ജനാധിപത്യം പുലരാതെ പോയതുകൊണ്ടാണ്. ഇന്ന് ഇന്ത്യൻ നാഷണൽ കോൺഗ്ര

സിന്റെ നേതൃത്വവും അണികളും ബി ജെ പിയെയും അവരുടെ പ്രധാനമന്ത്രിയെയും വിമർശിക്കുമ്പോൾ, ജനാധിപത്യവും മതനിരപേക്ഷതയും അപകടത്തിലാവുന്നു എന്ന് വിളിച്ചുകൂവുമ്പോൾ, ഇതിനൊക്കെ തുടക്കം കുറിച്ച ഒരു ഭൂതകാല രാഷ്ട്രീയ ചരിത്രം കോൺഗ്രസിനുണ്ട് എന്നത് മറന്നുപോകാൻ പാടില്ല.

ഒരു രാജ്യത്തിന്റെ ഭരണസംവിധാനത്തെയോ രാഷ്ട്രീയസാമൂഹ്യ ക്രമത്തെയോ സമ്പദ്ഘടനയെയോ അട്ടിമറിക്കാൻ സാധിക്കുന്നതും അടിയന്തിര പരിഹാരം ആവശ്യമായ ഒരു സന്നിഗ്ധഘട്ടത്തിൽ ഒരു രാജ്യത്തിലെ ഭരണകൂടം ആ രാജ്യത്തിന്റെ ഭരണഘടനയിലെ വകുപ്പുകളനുസരിച്ച് ഭരണസംവിധാനത്തെ താത്കാലികമായി റദ്ദുചെയ്യുകയും ജനങ്ങളുടെയും ഭരണസംവിധാനത്തിന്റേയും അവകാശങ്ങളിൽ മാറ്റം വരുത്തി ആ സമയത്തെ പ്രത്യേക അവസ്ഥയെ നേരിടാൻ രാജ്യത്തെ പ്രാപ്തമാക്കുന്നതിനെയാണ് അടിയന്തിരാവസ്ഥ എന്ന് പറയുന്നത്. രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നുവെങ്കിൽ ആഭ്യന്തര കലാപമോ, പ്രകൃതി ക്ഷോഭമോ, യുദ്ധപ്രഖ്യാപനമോ പോലുള്ള പശ്ചാത്തലം ഉണ്ടാവും. ഇന്ത്യയെ അടിയന്തിരാവസ്ഥയിലേക്ക് തള്ളിയിടുമ്പോൾ ഇന്ദിരാ ഗാന്ധിക്ക് മുന്നിൽ അത്തരം അവസ്ഥകൾ ഉണ്ടായിരുന്നില്ല.

രാജ്യത്ത് കഴിഞ്ഞ തെരഞ്ഞെടുപ്പുകളിൽ നരേന്ദ്രമോഡി സർക്കാരിന്റെ പിൻബലത്തോടുകൂടി ബി ജെ പി തെരഞ്ഞെടുപ്പിൽ തിരിമറി കാണിച്ചു എന്ന കുറ്റപ്പെടുത്തൽ പ്രബലമായി നിൽക്കുന്നുണ്ട്. ഇ വി എം വരെ ബി ജെ പി അട്ടിമറിച്ചു എന്ന ആരോപണം പോലെ 1971ലെ തെരഞ്ഞെടുപ്പിൽ ഇന്ദിരാ ഗാന്ധിയും കോൺഗ്രസ് പാർട്ടിയും പരക്കെ തിരഞ്ഞെടുപ്പു കൃത്രിമം കാട്ടി എന്ന് ആരോപണം ഉയർന്നിരുന്നു. ആ കാലഘട്ടത്തിൽ ബംഗ്ലാദേശ് വിമോചന യുദ്ധം പോലുള്ള നീക്കങ്ങളിലൂടെ ജനങ്ങളുടെ പ്രീതി പിടിച്ചുപറ്റാൻ ഇന്ദിരയ്ക്ക് സാധിച്ചു. എന്നാൽ, നെഹ്രുവിന്റെ നയങ്ങളെ വലിച്ചെറിഞ്ഞ ഇന്ദിരയുടെ ഭരണകാലം കടുത്ത സാമ്പത്തിക മാന്ദ്യത്തിലേക്ക് രാജ്യത്തെ തള്ളിയിട്ടു. തൊഴിലില്ലായ്മയും വിലക്കയറ്റവും രൂക്ഷമായി. 73ലെ എണ്ണ പ്രതിസന്ധിയും തുടർന്ന് വിദേശ കരുതൽ ശേഖരത്തിലുണ്ടായ ഇടിവും ജനങ്ങളിൽ അസംതൃപ്തി വളർത്തി. രാജ്യത്ത് ദാരിദ്ര്യം സാർവ്വത്രികമായി. പട്ടിണി മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. രൂക്ഷമായ ഭക്ഷ്യക്ഷാമത്തിന് രാജ്യം സാക്ഷ്യം വഹിച്ചു. ആ സമയത്താണ് റെയിൽവെ പണിമുടക്ക് പ്രഖ്യാപിക്കുന്നത്. ആ സമരത്തിന്റെ തുടർച്ചയായും സമാന്തരമായും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും വിവിധ സമരങ്ങളാൽ രാജ്യം മുഖരിതമായി. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ പരിപാകമാവാത്ത സമ്പൂർണ വിപ്ലവം എന്ന മുദ്രവാക്യവുമായി നടത്തിയ മുന്നേറ്റവും പ്രസക്തമാണ്. 74 മാർച്ചിലെ ബിഹാർ അസംബ്ലി ഉപരോധവും പോലീസ് വെടിവെപ്പും 27 പേരുടെ ധീര രക്തസാക്ഷിത്വവും ഭരണകൂടത്തെ പിടിച്ചുകുലുക്കാൻ പോന്നതായിരുന്നു.



പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കിൽനിന്ന് സ്വേച്ഛാധിപത്യ റിപ്പബ്ലിക്കിലേക്ക് രാജ്യം മൂക്കുകുത്തിയ കറുത്ത കാലഘട്ടമായിരുന്നു അടിയന്തിരാവസ്ഥ. ജനാധിപത്യത്തിന്റെ കാലത്തും സ്വേച്ഛാധിപത്യം ഇരച്ചുകയറി വരാമെന്ന് ഇന്ദിര ഗാന്ധി തെളിയിച്ചു. ഒരു ഭരണകൂടത്തിന് ആത്മവിശ്വാസം നഷ്ടപ്പെട്ടാൽ അത് ജനങ്ങൾക്കെതിരെ തിരിയുമെന്നും അടിയന്തിരാവസ്ഥ തെളിയിച്ചു.

ഏതാണ്ട് ഇതിന് സമാന്തരമായി ഒരു കോടതി വ്യവഹാരം കൂടി നടക്കുന്നുണ്ടായിരുന്നു. ഇന്ദിരാഗാന്ധിയോട് ലോകസഭാ തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട രാജ നാരായണനാണ് ഇന്ദിരയ്ക്കെതിരെ അലഹബാദ് ഹൈക്കോടതിയിൽ കേസുകൊടുത്തത്. തെരഞ്ഞെടുപ്പിൽ നടന്ന കൃത്രിമവും സർക്കാർ വസ്തുവകകൾ തിരഞ്ഞെടുപ്പ് പ്രചരണത്തിനായി ഉപയോഗിച്ചതുമൊക്കെ ചൂണ്ടിക്കാട്ടിയായിരുന്നു ആ കേസ്. തുടർന്ന് 1975 ജൂൺ 12 നു ജസ്റ്റിസ് ജഗ് മോഹൻലാൽ സിൻഹ ഭരണകൂടത്തിന്റെ വസ്തുവകകൾ തിരഞ്ഞെടുപ്പു പ്രചരണത്തിനായി വിനിയോഗിച്ചു എന്ന കുറ്റത്തിന് ഇന്ദിരാഗാന്ധിയെ കുറ്റക്കാരിയായി വിധിച്ചു. ഇന്ദിരയുടെ തിരഞ്ഞെടുപ്പു വിധി കോടതി റദ്ദാക്കി. ലോകസഭാ സീറ്റും റദ്ദാക്കി. അടുത്ത ആറു വർഷം ഇന്ദിരാഗാന്ധി തെരഞ്ഞെടുപ്പിൽ മത്സരിക്കുവാൻ പാടില്ലെന്നും കോടതി പറഞ്ഞു. ഇന്ദിരാഗാന്ധി ആ വിധിക്കെതിരെ അപ്പീലുമായി സുപ്രീംകോടതിയെ സമീപിച്ചു. മലയാളിയായ ജസ്റ്റിസ് വി ആർ കൃഷ്ണയ്യരായിരുന്നു ന്യായാധിപൻ. 1975 ജൂലൈ 14ന്റെ ഇടക്കാല ഉത്തരവിലൂടെ ഇന്ദിരാഗാന്ധിക്ക് പ്രധാനമന്ത്രിയായി തുടരാമെന്ന് സുപ്രീം കോടതിയുടെ ഇടയ്ക്കാല ഉത്തരവ് പുറത്തുവന്നു. എന്നാൽ, ആ ഉത്തരവിലൂടെ ഇന്ദിരയുടെ വോട്ടു ചെയ്യാനുള്ള അവകാശം കോടതി നിഷേധിച്ചു.

രാജ്യമാകെ രാഷ്ട്രീയമായി പ്രക്ഷുബ്ധമായ കാലമായിരുന്നു അത്. ഇന്ദിരാ സർക്കാരിനെതിരെ പ്രതിപക്ഷ കക്ഷികൾ ഡൽഹിയിൽ ജൂൺ 25ന് സംഘടിപ്പിച്ച ഉജ്ജ്വലമായ മാർച്ചിൽ ജയപ്രകാശ് നാരായൺ ഇന്ദിരാഗാന്ധിയുടെ രാജി ആവശ്യപ്പെട്ടു. അനധികൃതമായും ഭരണഘടനാ വിരുദ്ധവുമായും ഭരണത്തിൽ കടിച്ചുതൂങ്ങുന്ന ഇന്ദിരാഗാന്ധിയെ പ്രതിപക്ഷം രൂക്ഷമായി വിമർശിച്ചു. രാജ്യത്തിന്റെ സൈന്യവും ബ്യൂറോക്രസിയും പ്രധാനമന്ത്രി പദത്തിലിരിക്കുന്ന ഇന്ദിരയുടെ ഉത്തരവുകൾ അനുസരിക്കേണ്ടതില്ലെന്ന് ജയപ്രകാശ് നാരായൺ ഡൽഹിയിൽ പ്രഖ്യാപിച്ചു. അപ്പോഴാണ് ഭരണം അട്ടിമറിക്കാൻ പ്രതിപക്ഷ കക്ഷികൾ ശ്രമിക്കുന്നു എന്ന് പറഞ്ഞുകൊണ്ട് ആ ദിവസം അർദ്ധരാത്രി തന്നെ ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത്. തൊട്ടടുത്ത ദിവസം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നൂറുകണക്കിന് നേതാക്കളെ അറസ്റ്റ് ചെയ്തു. ആഭ്യന്തര സുരക്ഷാ നിയമം മിസയാണ് ചുമത്തിയത്. രാഷ്ട്രീയ എതിരാളികളെ വേട്ടയാടാനുള്ള ഉപകരണമായി ഇന്ദിരാഗാന്ധി അടിയന്തിരാവസ്ഥയെ ഉപയോഗിച്ചു.

കേന്ദ്ര മന്ത്രിസഭയിൽ മന്ത്രിമാർ പലരും ഉണ്ടെങ്കിലും ഇന്ദിര ഗാന്ധിയുടെ കാലത്തെന്നതുപോലെ ഭരണം ഒരാളിൽ കേന്ദ്രീകരിക്കുന്നു. ആ കേന്ദ്രീകരണത്തിലൂടെ ഭരണഘടന അപ്രസക്തമാണെന്ന് തന്നെയാണ് മോഡി വിളിച്ചുപറയുന്നത്. ദാരിദ്ര്യവും തൊഴിലില്ലായ്മയും നിരക്ഷരതയും നിർമാർജനം ചെയ്തുകൊണ്ടോ മതനിരപേക്ഷതയെയും ജനാധിപത്യത്തെയും തിട്ടപ്പെടുത്തിക്കൊണ്ടോ അല്ല, പാഠ്യപദ്ധതി തിരുത്തിയും സ്ഥാപന സ്വരൂപങ്ങളെ കാവിവൽക്കരിച്ചും ഭൂരിപക്ഷ വർഗീയതയെ താലോലിച്ചുകൊണ്ടുമാണ് മോഡി, ഭരണഘടനയെ മറികടക്കാനുള്ള വഴി ഒരുക്കുന്നത്.

ഇന്ദിരാഗാന്ധി ജനാധിപത്യത്തെ നിശ്ചലാവസ്ഥയിലാക്കിയ നാളുകളായിരുന്നു അത്. അന്ന് രാഷ്ട്രപതി ആയിരുന്ന ഫക്രുദ്ദീൻ അലി അഹമ്മദ്, ഭരണഘടന അനുശാസിക്കുന്ന വിധത്തിൽ ഇന്ദിരയുടെ നിർദേശം പാലിച്ചു. ആറുമാസം തോറും അടിയന്തിരാവസ്ഥ തുടരുവാനുള്ള അനുമതി നൽകി. ഇത് 1977ൽ തിരഞ്ഞെടുപ്പ് നടക്കുന്നതുവരെ തുടർന്നു. ജനാധിപത്യം ഭൂരിപക്ഷ ഭരണമല്ലെന്നും ഒരു വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് അതിനെ പരുവപ്പെടുത്താമെന്നും ഇന്ദിര ഗാന്ധി ആ കറുത്ത കാലത്ത് ജനതയെ ബോധ്യപ്പെടുത്തി. പലപ്പോഴും പ്രധാനമന്ത്രിയായല്ല സഞ്ജയ് ഗാന്ധിയുടെ അമ്മ ഇന്ദിര ഗാന്ധിയായാണ് അവർ രാജ്യം ഭരിച്ചത്. ഒരു കോൺഗ്രസുകാരിയായോ, ബ്രിട്ടീഷുകാരിൽ നിന്നും പോരാട്ടവീര്യത്തിലൂടെ സ്വാതന്ത്ര്യം നേടിയ ഇന്ത്യക്കാരുടെ പ്രതീകമായോ ഉയരാൻ ഇന്ദിരയ്ക്ക് കഴിയാതെ പോയി.

ഇന്ദിര കോൺഗ്രസ് പാർടിക്കുള്ളിലെ എതിർസ്വരങ്ങളെ ഇല്ലാതാക്കി. ഭരണത്തെ തന്നിലേക്കും മകനിലേക്കും കേന്ദ്രീകരിച്ചു. എതിരായി ഉയർന്ന ശബ്ദങ്ങളെയെല്ലാം അടിച്ചമർത്തി. വലതുപക്ഷ ഭരണകർത്താക്കൾക്ക് അധികാരമെന്നത് മോഹമായി മാറുകയും മാർഗം അല്ലാതായി തീർന്നതും ഈ കറുത്ത കാലത്തോടെയാണ്. പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കിൽനിന്ന് സ്വേച്ഛാധിപത്യ റിപ്പബ്ലിക്കിലേക്ക് രാജ്യം മൂക്കുകുത്തിയ കറുത്ത കാലഘട്ടമായിരുന്നു അടിയന്തിരാവസ്ഥ. ജനാധിപത്യത്തിന്റെ കാലത്തും സ്വേച്ഛാധിപത്യം ഇരച്ചുകയറി വരാമെന്ന് ഇന്ദിര ഗാന്ധി തെളിയിച്ചു. ഒരു ഭരണകൂടത്തിന് ആത്മവിശ്വാസം നഷ്ടപ്പെട്ടാൽ അത് ജനങ്ങൾക്കെതിരെ തിരിയുമെന്നും അടിയന്തിരാവസ്ഥ തെളിയിച്ചു. ഇന്ന് മോഡിയുടെ ഭരണകൂടം ഇന്ദിരയുടെ ഫാസിസ്റ്റ് വഴികളെ പാഠപുസ്തകം പോലെ പിന്തുടരുന്നവരാണ്. രാജ്യത്തിന്റെ ജനാധിപത്യത്തെയും ഭരണഘടനയെയും ഫെഡറലിസത്തെയും മതനിരപേക്ഷതയേയും അംഗീകരിക്കാത്ത ആർ എസ് എസിന്റെ പ്രചാരകനായ മോഡിക്ക് വളരെ എളുപ്പം ഇന്ദിരയുടെ അടിയന്തിരാവസ്ഥയ്ക്കും അപ്പുറമുള്ള കറുത്ത നാളുകൾ സൃഷ്ടിക്കാനാവുമെന്നത് നാം മറന്നുപോകരുത്.

അടിയന്തരാവസ്ഥ കാലത്ത് സിപിഐ നേതാവായിരുന്ന സി അച്യുതമേനോൻ ആയിരുന്നു കേരളത്തിൽ മുഖ്യമന്ത്രി. ഇന്ദിരാഗാന്ധിയുടെ ആജ്ഞാനുവർത്തിയെന്ന് അറിയപ്പെട്ട കോൺഗ്രസ് നേതാവ് കെ. കരുണാകരനാണ് ആഭ്യന്തര വകുപ്പ് മന്ത്രി. ഭരണകൂടം പോലീസിനെ മർദ്ദക ഉപകരണമായി മാറ്റുന്നതിന്റെ നിഷ്ഠൂരമായ ഉദാഹരണങ്ങൾ ആ കാലത്ത് കേരളത്തിൽ നിന്നുണ്ടായി. കോഴിക്കോട് റീജിയണൽ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയായ രാജനെ ഉരുട്ടിക്കൊന്ന സംഭവം അടിയന്തിരാവസ്ഥയുടെ കരാളതയുടെ ദൃഷ്ടാന്തമായി മാറി. അടിയന്തിരാവസ്ഥയ്ക്കെതിരെ അതിശക്തമായ പ്രതിഷേധമാണ് പുരോഗമന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഉയർന്നുവന്നത്. സുന്ദരയ്യയും എ

കെ ജിയും ഇ എം എസുമൊക്കെ ഒളിവിലും തെളിവിലുമായി അടിയന്തിരാവസ്ഥയെ എതിർക്കാൻ ജനതയെ പ്രാപ്തരാക്കി. വി എസും പിണറായിയും കോടിയേരിയുമൊക്കെ ജയിലിലായി. ഈ ലേഖകനെ അറസ്റ്റ് ചെയ്തത് കണ്ണൂർ കുടിയാൻമലയിൽ വെച്ചായിരുന്നു. ജയിലറകൾ സമരവിളംബരത്തിന്റെ ഗാഥകൾ രചിച്ച കാലം കൂടിയായിരുന്നു അത്.

ഇന്ദിരാഗാന്ധി മാധ്യമങ്ങൾക്ക് ഏൽപ്പിച്ച വിലക്കും കുപ്രസിദ്ധമായിരുന്നു. സെൻസർഷിപ്പ് ഏർപ്പെടുത്തിയാണ് മാധ്യമങ്ങളുടെ നാവുകളെ പിടിച്ചുകെട്ടിയത്. നിരവധി പത്രപ്രവർത്തകർ ജയിലിലായി. സർക്കാരിന്റെ പരസ്യം അടിയന്തിരാവസ്ഥയെ അനുകൂലിക്കുന്നവർക്ക് മാത്രമായി നിജപ്പെടുത്തി. ജനാധിപത്യത്തെ വെല്ലുവിളിച്ച ഇന്ദിര, നീതിന്യായ വിലയിരുത്തലുകൾക്ക് അടിയന്തിരാവസ്ഥ വിധേയമാകാതിരിക്കാൻ വേണ്ടി 38-ാമത് ഭേദഗതിക്ക് ഭരണഘടനയെ വിധേയമാക്കി. പ്രധാനമന്ത്രി തെരഞ്ഞെടുപ്പ് സുപ്രീംകോടതിക്ക് ചോദ്യം ചെയ്യാൻ പാടില്ലെന്ന് വരുത്തിക്കൊണ്ട് 39-ാം ഭരണഘടനാ ഭേദഗതി വരുത്തി. പാർലമെന്റ് പാസാക്കുന്ന നിയമങ്ങൾക്കുമേൽ സുപ്രീംകോടതിക്ക് ഇടപെടാൻ സാധിക്കില്ലെന്നതായിരുന്നു 42-ാം ഭരണഘടനാ ഭേദഗതി. തമിഴ്നാട് ഗുജറാത്ത് സർക്കാരുകളെ പിരിച്ചുവിടാനും ഇന്ദിര തയ്യാറായി. ജനാധിപത്യം മരിച്ചു ജീവിച്ച നാളുകളായിരുന്നു അത്.

ഇന്ദിര ഗാന്ധിയുടെ മകൻ സഞ്ജയ് ഗാന്ധി അടിയന്തിരാവസ്ഥ കാലത്തെ ജനവിരുദ്ധ നടപടികളുടെ ഉപജ്ഞാതാവായി മാറി. രാജ്യത്ത് ഒരു കേസുപോലും ഇല്ലെങ്കിൽപ്പോലും ആരെ വേണമെങ്കിലും പിടിച്ചുവെക്കാനും അറസ്റ്റ് ചെയ്യാനും സാധിക്കുന്ന സ്ഥിതി ഉണ്ടായി. കുടുംബങ്ങളെ പോലും അറിയിക്കാതെ നിരവധി നിരപരാധികളെ പോലീസ് വേട്ടയാടി. 1,10,806 പേരെ ഇത്തരത്തിൽ വിചാരണ കൂടാതെ അറസ്റ്റ് ചെയ്ത് പീഡിപ്പിച്ചതായി ഷാ കമ്മീഷൻ റിപ്പോർട്ട് പറയുന്നു. രാഷ്ട്രീയ തടവുകാരും മറ്റ് തടവുകാരും അതിക്രൂരമായ പീഡനങ്ങൾക്കാണ് ഇരയായത്. ജയിലറകളിൽ നിണം കെട്ടി കിടന്ന നാളുകളായിരുന്നു അത്. നിർബന്ധിത വന്ധ്യംകരണം അടിച്ചേൽപ്പിച്ചതും അപ്പോഴായിരുന്നു. 81,32,209 പുരുഷന്മാരെ

കേവലം അഞ്ച് വർഷംകൊണ്ട് നരേന്ദ്രമോഡിയും സംഘവും രാജ്യത്തെ ഹിന്ദുത്വത്തിലേക്ക് പരിമിതപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടി. സാധാരണക്കാർക്ക് ഇന്ത്യയിൽ ജീവിക്കാൻ തന്നെ ബുദ്ധിമുട്ടാണെന്ന് വന്നിരിക്കുന്നു. ജീവിക്കാൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുന്ന പരശതം കർഷകരും ജാതിയുടെയും മതത്തിന്റെയും പേരിൽ തെരുവുനായ്ക്കളെപ്പോലെ തല്ലിക്കൊല്ലപ്പെടുന്ന മനുഷ്യരും അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ വേട്ടയാടപ്പെടുന്ന പുരോഗമന ചിന്തകരും മാധ്യമപ്രവർത്തകരും മോഡിയുടെ അപ്രഖ്യാപിത അടിയന്തിരാവസ്ഥയുടെ ഇരകളാണ്.

നിർബന്ധിത വന്ധ്യംകരണത്തിനു വിധേയമാക്കി എന്ന് രേഖകൾ പറയുന്നു. പഴയ ദില്ലിയിലെ തുർക്മാൻ ഗേറ്റ്, ജുമാ മസ്ജിദ് പ്രദേശങ്ങളിലെ ചേരികളുടെയും താഴ്ന്ന വരുമാനമുള്ളവരുടെ വീടുകളുടെയും നശീകരണം കുപ്രസിദ്ധമായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. ദൽഹിയിൽ മാത്രം 1,50,105 കുടിലുകൾ തകർക്കപ്പെട്ടു. 200 ഓളം പാവപ്പെട്ടവരെ വെടിവെച്ചു കൊന്നു. നിരാലംബരായ പാവങ്ങൾ നരകയാതനയിലേക്ക് വലിച്ചെറിയപ്പെട്ടു. ഇത്തരം കാര്യങ്ങൾ മൂടിവെക്കാനും വ്യാജപ്രചരണങ്ങൾക്കുമായി ദൂരദർശൻ പോലുള്ള പൊതു മാധ്യമങ്ങളെയും മലയാള മനോരമ അടക്കമുള്ള സ്വകാര്യ മാധ്യമങ്ങളെയും ഉപയോഗിച്ചു. ഇന്ത്യയുടെ ജനാധിപത്യത്തിനെതിരായുള്ള ഏറ്റവും വലിയ വെല്ലുവിളി ആയി അടിയന്തിരാവസ്ഥയെ ചരിത്രം രേഖപ്പെടുത്തുന്നു.

അടിയന്തിരാവസ്ഥ കാലത്ത് എതിർപ്പുമായി വന്ന് ഇന്ദിരയുടെ അർധഫാസിസ്റ്റ് നയങ്ങൾക്കെതിരെ ശബ്ദിച്ചവരായിരുന്നു ആർ എസ് എസ് നിയന്ത്രിത രാഷ്ട്രീയക്കാർ. ഇന്നവർ ഭരണത്തിലേറി നടപ്പിലാക്കുന്നത് അപ്രഖ്യാപിത അടിയന്തിരാവസ്ഥയാണ്. ഇവർ നടപ്പിലാക്കുന്ന പൗരാവകാശലംഘനങ്ങൾ അടിയന്തിരാവസ്ഥയെ വെല്ലുന്നതാണ്. കേവലം അഞ്ച് വർഷംകൊണ്ട് നരേന്ദ്രമോഡിയും സംഘവും രാജ്യത്തെ ഹിന്ദുത്വത്തിലേക്ക് പരിമിതപ്പെടുത്തുവാനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടി. സാധാരണക്കാർക്ക് ഇന്ത്യയിൽ ജീവിക്കാൻ തന്നെ ബുദ്ധിമുട്ടാണെന്ന് വന്നിരിക്കുന്നു. ജീവിക്കാൻ നിവൃത്തിയില്ലാതെ ആത്മഹത്യ ചെയ്യുന്ന പരശതം കർഷകരും ജാതിയുടെയും മതത്തിന്റെയും പേരിൽ തെരുവുനായ്ക്കളെപ്പോലെതല്ലിക്കൊല്ലപ്പെടുന്ന മനുഷ്യരും അഭിപ്രായസ്വാതന്ത്ര്യത്തിന്റെ പേരിൽ വേട്ടയാടപ്പെടുന്ന പുരോഗമന ചിന്തകരും മാധ്യമപ്രവർത്തകരും മോഡിയുടെ അപ്രഖ്യാപിത അടിയന്തിരാവസ്ഥയുടെ ഇരകളാണ്.

ആർ എസ് എസ് പ്രചാരകനായ മോഡിയുടെ നേതൃത്വത്തിൽ രണ്ടാമത്തെ തവണയും കേന്ദ്രഭരണം സംഘപരിവാർ നിയന്ത്രണത്തിലാവുമ്പോൾ അധികാരം വലിയതോതിൽ കേന്ദ്രീകരിക്കപ്പെടുകയാണ്. സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അധികാരങ്ങൾ കേന്ദ്രം കവർന്നെടുക്കുന്നു. കേന്ദ്ര മന്ത്രിസഭയിൽ മന്ത്രിമാർ പലരും ഉണ്ടെങ്കിലും ഇന്ദിര ഗാന്ധിയുടെ കാലത്തെന്നതുപോലെ ഭരണം ഒരാളിൽ കേന്ദ്രീകരിക്കുന്നു. ആ കേന്ദ്രീകരണത്തിലൂടെ ഭരണഘടന അപ്രസക്തമാണെന്ന് തന്നെയാണ് മോഡി വിളിച്ചുപറയുന്നത്. ദാരിദ്ര്യവും തൊഴിലില്ലായ്മയും നിരക്ഷരതയും നിർമാർജനം ചെയ്തുകൊണ്ടോ മതനിരപേക്ഷതയെയും ജനാധിപത്യത്തെയും തിട്ടപ്പെടുത്തിക്കൊണ്ടോ അല്ല, പാഠ്യപദ്ധതി തിരുത്തിയും സ്ഥാപനസ്വരൂപങ്ങളെ കാവിവൽക്കരിച്ചും ഭൂരിപക്ഷ വർഗീയതയെ താലോലിച്ചുകൊണ്ടുമാണ് മോഡി, ഭരണഘടനയെ മറികടക്കാനുള്ള വഴി ഒരുക്കുന്നത്. ഈ രാഷ്ട്രീയ കാലാവസ്ഥയിൽ രാജ്യത്തിന്റെ ഭരണഘടനാ സാക്ഷരത വളർത്തി ജനാധിപത്യത്തെ കൂടുതൽ ഈടുറ്റതാക്കി മാറ്റാനുള്ള പോരാട്ടങ്ങൾ ഏറെ പ്രസക്തമാണ്. മതനിരപേക്ഷതയും ഫെഡറലിസവും രാജ്യത്തിന്റെ ദേശീയപതാക തന്നെയും കാത്തുസൂക്ഷിക്കാനുള്ള ഈ പോരാട്ടത്തിന്റെ മുന്നണി പോരാളിയാകാനുള്ള ബാധ്യത നമുക്കോരോരുത്തർക്കുമുണ്ട്. ■

◆കവിത

പോൾ കല്ലാനോട്

കുഞ്ഞുറുമ്പുകളുടെ ദേശസ്നേഹം

ചെറുവിരൽകൊണ്ട്
അരച്ചുകൊല്ലപ്പെടാൻ
പോലും
വലിപ്പമില്ലാത്ത
കുഞ്ഞുറുമ്പുകളാണിപ്പോൾ
സ്വൈര്യം കെടുത്തുന്നത്.

ഇരുന്നാൽ കസേരയിൽ!
കിടന്നാൽ കിടക്കവിരിയിൽ!!
വായിക്കുന്ന പത്രത്തിൽ!
കുടിച്ചുവെച്ച പാത്രത്തിൽ
തട്ടിത്താഴെയിട്ടാൽ,
വീണുചാവാനുള്ള ഭാരവുമില്ല!!!

അലോസരമുണ്ടാക്കുന്ന
ഓർമ്മപ്പെടുത്തൽ പോലെയാണ്
കടി.
ബുദ്ധിപൂർവ്വം, ഉടലിന്റെ
കാണാമറയത്തെവിടെയെങ്കിലും!
ബുദ്ധിയോളം മാത്രം വലിപ്പമുള്ള
കുഞ്ഞുറുമ്പുകൾ
വരിവരിയായി ജാഥപോലെ, ചിലപ്പോൾ.
കരിമ്പിൻ തോട്ടത്തിലെ
കരിവീരനെപ്പോലെ വേറെ ചിലപ്പോൾ
ഒറ്റയ്ക്ക് - മന്ദഗതി.

പത്രത്താളുകളിൽ
കുഞ്ഞുറുമ്പുകൾ
പരതിനടക്കുന്നതെല്ലാം
പഞ്ചാരവാർത്തകൾ.
പരാതിപ്പെടുന്ന വാക്കുകൾക്കെല്ലാം
കടിയേൽക്കുന്നുണ്ട്.

ദേഹസ്നേഹത്തിന്റെ
വിലാസത്തിലാണ്
സ്വൈര്യക്കേട്.
ദേശസ്നേഹമെന്നാണ് വിചാരം

◆വി.ബി. പരമേശ്വരൻ

2015 – ൽ അമേരിക്ക ഉൾപ്പെടെയുള്ള ആറ് രാഷ്ട്രങ്ങൾ(ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, റഷ്യ, ചൈന)ഇറാനുമായി ഒപ്പിട്ട ആണവ കരാറിൽ നിന്നാണ് അമേരിക്ക ഏകപക്ഷീയമായി പിന്മാറിയത്. അമേരിക്കയുടെ ഈ നിയമവിരുദ്ധ നടപടികൾക്കെതിരെ കരാറിൽ ഒപ്പിട്ട യുറോപ്യൻ രാഷ്ട്രങ്ങളായ ബ്രിട്ടനും ജർമ്മനിയും ഫ്രാൻസും മറ്റും നീങ്ങുമെന്നും അമേരിക്കയെകൊണ്ട് തീരുമാനം പുനഃപരിശോധിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടത്. എന്നാൽ ചൈനയും റഷ്യയും മാത്രമാണ് ഇറാനൊപ്പം നിന്നത്. യുറോപ്യൻ യൂണിയൻ രാഷ്ട്രങ്ങൾ വാചികമായി പിന്തുണ പ്രഖ്യാപിച്ചെങ്കിലും പതിവ് പോലെ അമേരിക്കക്ക് മുമ്പിൽ വഴങ്ങി നിന്നു.

വീണ്ടും കലുഷിതമാകുന്ന മദ്ധ്യ–പൗരസ്ത്യമേഖല

മധ്യ-പൗരസ്ത്യദേശത്ത് അമേരിക്കയും ഇറാനും തമ്മിലുള്ള തർക്കം നാൾക്കുനാൾ രൂക്ഷമാവുകയാണ്. 2015 ൽ ഒപ്പിട്ട ആണവ കരാറിൽ നിന്നും അമേരിക്ക ഏകപക്ഷീയമായി പിൻവാങ്ങുകയും ഇറാനെതിരെ ഉപരോധം ഏർപ്പെടുത്തുകയും ചെയ്തതോടെ ആരംഭിച്ച തർക്കമാണ് ഇപ്പോൾ യുദ്ധ ഭീതി പടർത്തുന്നത്. ഹോർമുസ് കടലിലിടുക്കിൽ കപ്പലുകൾക്ക് നേരേ ആവർത്തിക്കുന്ന ആക്രമണങ്ങളും അമേരിക്കൻ ഡ്രോൺ വിമാനം ഇറാൻ വെടിവച്ചിട്ടതും അതിനു പകരമെന്നോണം ഇറാൻ മത നേതാവ് ഖമനേയിക്കും വിദേശമന്ത്രിക്കുമെതിരെ അമേരിക്ക ഉപരോധം ഏർപ്പെടുത്തിയതുമാണ് യുദ്ധ ഭീതി പരക്കാൻ കാരണം. ഒരുവേള ഇറാനെതിരെ യുദ്ധത്തിന് തയ്യാറായ അമേരിക്ക നാടകീയമായി അതിൽ നിന്ന് പിന്മാറിയെങ്കിലും ഇറാനെതിരെ സൈബർ ആക്രമണത്തിന് ട്രംപ് അനുമതി നൽകി.

2015-ൽ അമേരിക്ക ഉൾപ്പെടെയുള്ള ആറ് രാഷ്ട്രങ്ങൾ(ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി, റഷ്യ, ചൈന) ഇറാനുമായി ഒപ്പിട്ട ആണവ കരാറിൽ നിന്നാണ് അമേരിക്ക ഏകപക്ഷീയമായി പിന്മാറിയത്. അമേരിക്കയുടെ ഈ നിയമവിരുദ്ധ നടപടികൾക്കെതിരെ കരാറിൽ ഒപ്പിട്ട യുറോപ്യൻ രാഷ്ട്രങ്ങളായ ബ്രിട്ടനും ജർമ്മനിയും ഫ്രാൻസും മറ്റും നീങ്ങുമെന്നും അമേരിക്കയെകൊണ്ട് തീരുമാനം പുന:പരിശോധിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കപ്പെട്ടത്. എന്നാൽ ചൈനയും റഷ്യയും മാത്രമാണ് ഇറാനൊപ്പം നിന്നത്. യുറോപ്യൻ യൂണിയൻ രാഷ്ട്രങ്ങൾ വാചികമായി പിന്തുണ പ്രഖ്യാപിച്ചെങ്കിലും പതിവ് പോലെ അമേരിക്കക്ക് മുമ്പിൽ വഴങ്ങി നിന്നു. ഇതിന്റെ ഫലമായി അമേരിക്ക ഇറാനെതിരായ നയം കടുപ്പിച്ചു. നവംബറിൽ ഇറാൻ എണ്ണക്കെതിരെ പ്രഖ്യാപിച്ച ഉപരോധത്തിൽ ഇന്ത്യ ഉൾപ്പെടെയുള്ള രാഷ്ട്രങ്ങൾക്ക് നൽകിയ ഇളവ് മെയ് രണ്ടോടെ അവസാനിപ്പിച്ചു. ഇന്ത്യയും ജപ്പാനും ദക്ഷിണ കൊറിയയും അമേരിക്കൻ തിട്ടൂരത്തിന് വഴങ്ങിയപ്പോൾ ചൈനയും തുർക്കിയും ഇറാനിൽ നിന്നുള്ള എണ്ണ ഇറക്കുമതി തുടരുമെന്ന് അറിയിച്ചു. അമേരിക്ക കരാറിൽ നിന്നും പിൻവാങ്ങിയിട്ടും 'തന്ത്രപ്രധാന ക്ഷമ' കാട്ടിയ ഇറാനെ പിന്തുണക്കാൻ അമേരിക്കൻ ശിങ്കിടി രാഷ്ട്രങ്ങൾ തയ്യാറായില്ല. വടക്ക് കിഴക്കൻ ഇറാനിലും തെക്ക് പടിഞ്ഞാറൻ ഇറാനിലും വെള്ളപ്പൊക്കം നാശം വിതച്ചപ്പോൾ പോലും ഇറാനെ സാമ്പത്തികമായി സഹായിക്കാൻ മറ്റ് രാഷ്ട്രങ്ങൾക്ക് അമേരിക്കൻ ഉപരോധം തടസ്സമായി. ആണവക്കരാറിൽ ഉറച്ചുനിന്നിട്ടും ഇറാൻ പ്രതീക്ഷിച്ച അന്തരാഷ്ട്ര പിന്തുണ ലഭിക്കാതായപ്പോഴാണ് കരാർ പാലിക്കുന്നതിൽ നിന്നും പിൻവാങ്ങുമെന്ന സൂചന ഇറാൻ കഴിഞ്ഞ ദിവസം നൽകിയത്. യുറേനീയം സമ്പുഷ്ടീകരണത്തിനും ഘനജല നിർമാണത്തിനും കരാർ ഏർപ്പെടുത്തിയ നിയന്ത്രണം പാലിക്കില്ലെന്ന് ഇറാൻ പ്രസിഡന്റ് റൂഹാനി വ്യക്തമാക്കി. 2015 ലെ കരാറിനെ തുടർന്ന് അറാക് നഗരത്തിലെ ആണവ റിയാക്ടർ സിമൻറ് ഉപയോഗിച്ച് ഇറാൻ അടച്ചിരുന്നു. കരാറിൽ നിന്നും അമേരിക്ക പിന്മാറുകയും കരാർ സംരക്ഷിക്കാൻ യുറോപ്യൻ രാഷ്ട്രങ്ങൾ വിമുഖത കാട്ടുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ റിയാക്ടർ വീണ്ടും പ്രവർത്തന സജ്ജമാക്കുമെന്ന് കഴിഞ്ഞ ജൂലൈ ആദ്യ വാരം ഹസ്സൻ റൂഹാനി പറയുകയുണ്ടായി. ആണവായുധം നിർമിക്കാനാവശ്യമായ പ്ലൂട്ടോണിയം ഉൽപാദിപ്പിക്കാൻ തങ്ങൾക്ക് കഴിവു

അന്താരാഷ്ട്ര കരാറുകളിൽ നിന്നും എകപക്ഷീയമായി പിന്മാറുന്ന അമേരിക്കയുമായി ചർച്ച നടത്തുന്നതുകൊണ്ട് എന്ത് ഫലമാണുണ്ടാകുക എന്ന ചോദ്യമാണ് ഇറാൻ ഉയർത്തിയത്. ചർച്ചക്കില്ലെന്ന ഇറാന്റെ സമീപനം അമേരിക്കയെ വല്ലാതെ ഉലച്ചിരിക്കുകയാണ്. അമേരിക്ക കണ്ണുരുട്ടിയാൽ പേടിക്കുന്ന കാലത്തിന് അന്ത്യമായെന്ന് സന്ദേശമാണ് ഇറാൻ നൽകുന്നത്. കടുത്ത സമ്മർദ്ദത്തിലൂടെ കാര്യം നേടാമെന്ന ട്രംപിന്റെ തന്ത്രമാണ് ഇറാന്റെ മുമ്പിൽ തകർന്നടിയുന്നത്.

ണ്ടെന്നും റൂഹാനി അമേരിക്കയെ ഓർമിപ്പിക്കുകയുണ്ടായി. എന്നാൽ റൂഹാനിയുടെ ആണവ ഭീഷണി അമേരിക്കയെ തിരിഞ്ഞുകൊത്തുമെന്ന് ട്രംപ് മുന്നറിയിപ്പ് നൽകി. അറാക്കിലെ ഘനജല റിയാക്ടർ ഉടൻ പ്രവർത്തനക്ഷമമാക്കുമെന്ന സൂചനയാണ് ഇറാൻ നൽകുന്നത്.

അമേരിക്കയുടെ ചാര ഡ്രോൺ വിമാനം കഴിഞ്ഞ ദിവസം ഇറാൻ റവലൂഷനറി ഗാർഡ്സ് കോർപസ് വെടിവെച്ചിട്ടിരുന്നു. ഇറാന്റെ അതിർത്തി കടന്ന് എത്തിയതിനാലാണ് ഡ്രോൺ വെടിവെച്ചിട്ടതെന്നാണ് ഇറാന്റെ വിശദീകരണം. എന്നാൽ അന്തരാഷ്ട്ര അതിർത്തിയിൽവെച്ചാണ് ഡ്രോൺ വെടിവെച്ചിട്ടതെന്നാണ് അമേരിക്കയുടെ വാദം. ഏതായാലും ഇതിന്റെ പേരിൽ ഇറാനെതിരെ യുദ്ധത്തിന് അമേരിക്കൻ ഭരണകൂടം നീക്കം നടത്തിയെങ്കിലും പിന്നീട് പ്രസിഡന്റ് ട്രംപ് ഇടപെട്ട് ആ നീക്കം ഉപേക്ഷിക്കുകയായിരുന്നു. അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മൈക്ക് പോംപിയോവും ദേശീയ സുരക്ഷ ഉപദേഷ്ടാവ് ജോൺ ബോൾട്ടണും സിഐഎ ഡയറക്ടർ ഗിന ഹസ്പലും യുദ്ധത്തിന് അനുകൂലമായ നിലപാട് എടുത്തപ്പോൾ പെന്റഗണും ട്രംപുമാണ് അതിൽ നിന്നും സമർഥമായി പിന്മാറിയത്. തുടർന്നാണ് ഇറാനെതിരെ സൈബർ ആക്രമണത്തിന് ട്രംപ് ഉത്തരവിട്ടത്. ഇറാന്റെ റോക്കറ്റ്, മിസൈൽ സംവിധാനത്തെ നിയന്ത്രിക്കുന്ന കമ്പ്യൂട്ടറുകൾ ഹാക്ക് ചെയ്തുകൊണ്ടാണ് അമേരിക്ക സൈബർ ആക്രമണം ആരംഭിച്ചത്. അതോടൊപ്പം ഇറാനിലെ മതനേതാവ് ഖമനേയിക്കും വിദേശമന്ത്രി ജാവദ് സരീഫിനും സൈനിക നേതാക്കൾക്കുമെതിരെ അമേരിക്ക ഉപരോധം ഏർപ്പെടുത്തുകയും ചെയ്തു. അമേരിക്കയുടെ മണ്ടൻ തീരുമാനമായാണ് ഇതിനെ ഇറാൻ വിശേഷിപ്പിച്ചത്.

ഇറാനെതിരെയുള്ള യുദ്ധത്തിന് വലിയ വില നൽകേണ്ടിവരുമെന്നതിനാലാണ് അമേരിക്ക യുദ്ധ പ്രഖ്യാപനത്തിൽ നിന്നും പിന്മാറിയതെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. യുറോപ്യൻ സഖ്യ ശക്തികളാരും തന്നെ ഇറാനുമായുള്ള ഒരു ഏറ്റുമുട്ടൽ ആഗ്രഹിക്കുന്നുമില്ല. യുദ്ധം തുടങ്ങിയാൽ തീർത്തും ഒറ്റക്കു തന്നെ അത് മുന്നോട്ടുകൊണ്ടുപേകണ്ടിവരുമെന്ന സ്ഥിതിവിശേഷമാണുള്ളത്. മാത്രമല്ല രണ്ടാമതും പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ(2020 ലാണ് അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്) തയ്യാറായ ട്രംപിന് യുദ്ധത്തിലുണ്ടാകുന്ന ഏതൊരു തിരിച്ചടിയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഈ പശ്ചാത്തലത്തിലാണ് സമർഥമായി തുറന്ന യുദ്ധത്തിൽ നിന്നും പിന്തിരിയാൻ ട്രംപ് തയ്യാറായത്.

ഇറാനെതിരെയുള്ള അമേരിക്കയുടെ നീക്കം മേഖലയെ തീർത്തും അസ്വസ്ഥമാക്കുകയാണ്. 1979 ൽ അമേരിക്കൻ ശിങ്കിടിയായിരുന്ന ഷായെ അധികാരത്തിൽ നിന്നും നീക്കിയതുമുതൽ ഇറാനിൽ ഭരണമാറ്റത്തിനായി വാഷിങ്ങ്ടൺ കിണഞ്ഞുശ്രമിക്കുകയാണെങ്കിലും ഇതുവരെയും വിജയിച്ചിട്ടില്ല. ട്രംപ് അമേരിക്കൻ പ്രസിഡന്റായി അധികാരമേറ്റതോടെ ഈ ശ്രമങ്ങൾ ശക്തി പ്രാപിച്ചു. ഉപരോധം ശക്തമാക്കി ഇറാനെ സാമ്പത്തികമായി തകർക്കുക എന്നതായിരുന്നു ലക്ഷ്യം. അതി സമ്മർദ്ദത്തിലൂടെ ഇറാനെ വരുതിയിലാക്കാൻ കഴിയുമെന്നായിരുന്നു ട്രംപിന്റെ കണക്കുകൂട്ടൽ. അതിന്റെഭാഗമായാണ് ഇന്ത്യ ഉൾപെടയുള്ള രാജ്യങ്ങളോട് ഇറാനിൽ നിന്നും എണ്ണ ഇറക്കുമതി പൂർണമായും നിർത്തിവെക്കാൻ അമേരിക്ക ആവശ്യപ്പെട്ടത്. ഉപരോധം ഇറാനെ സാമ്പത്തികമായി തളർത്തിയെങ്കിലും

അമേരിക്കയുമായി ചർച്ച നടത്താൻ ഇറാൻ സന്നദ്ധമായില്ല.

അമേരിക്ക-ഇറാൻ തർക്കത്തിൽ മാധ്യസ്ഥതക്ക് തയ്യാറായി ജപ്പാൻ പ്രധാനമന്ത്രി ഷിൻ ഷോ ആബെ ടെഹ്റാനിലെത്തിയെങ്കിലും അമേരിക്കയുമായി ചർച്ചക്കില്ലെന്ന മറുപടിയാണ് ഇറാനിൽ നിന്നും ഉണ്ടായത്. അന്താരാഷ്ട്ര കരാറുകളിൽ നിന്നും എകപക്ഷീയമായി പിന്മാറുന്ന അമേരിക്കയുമായി ചർച്ച നടത്തുന്നതുകൊണ്ട് എന്ത് ഫലമാണുണ്ടാകുക എന്ന ചോദ്യമാണ് ഇറാൻ ഉയർത്തിയത്. ചർച്ചക്കില്ലെന്ന ഇറാന്റെ സമീപനം അമേരിക്കയെ വല്ലാതെ ഉലച്ചിരിക്കുകയാണ്. അമേരിക്ക കണ്ണുരുട്ടിയാൽ പേടിക്കുന്ന കാലത്തിന് അന്ത്യമായെന്ന് സന്ദേശമാണ് ഇറാൻ നൽകുന്നത്. കടുത്ത സമ്മർദ്ദത്തിലൂടെ കാര്യം നേടാമെന്ന ട്രംപിന്റെ തന്ത്രമാണ് ഇറാന്റെ മുമ്പിൽ തകർന്നടിയുന്നത്.

ഇറാനെതിരെ യുദ്ധത്തിനുള്ള തയ്യാറെടുപ്പുമായി അമേരിക്ക രംഗത്ത് വന്ന സാഹചര്യത്തിലാണ് ഹസ്സൻ റൂഹാനി ഇത്തരമൊരു പ്രസ്താവന നടത്തിയത്. ആണവ കരാറിൽ നിന്നും അമേരിക്ക പിൻവാങ്ങിയതിന്റെ ഒന്നാം വർഷത്തിലാണ് അമേരിക്കൻ ദേശീയ സുരക്ഷാ ഉപദേഷ്ടാവും യുദ്ധകഴുകനുമായ ജോൺ ബോൾട്ടൺ അമേരിക്കൻ വിമാനവാഹിനി കപ്പലായ അബ്രഹാം ലിങ്കണെ ഇറാൻ തീരത്തേക്ക് അയക്കുകയാണെന്ന് അറിയിച്ചത്. ഇറാനുള്ള 'വ്യക്തവും കൃത്യവുമായ സന്ദേശമാണി' തെന്നും ബോൾട്ടൺ വളച്ചുകെട്ടില്ലാതെ പറഞ്ഞു. 13 വർഷം മുമ്പ് ഇതേ കപ്പലിൽ നിന്നുകൊണ്ടാണ് അമേരിക്കൻ പ്രസിഡന്റ് ജോർജ് ഡബ്ല്യു ബുഷ് ഇറാക്കിനെതിരെയുള്ള യുദ്ധം വിജയിച്ചതായി പ്രഖ്യാപിച്ചത്. സ്വാഭാവികമായും അമേരിക്കയിലെ 16 ാമത്തെ പ്രസിഡന്റിന്റെ പേരിലുള്ള യുദ്ധ കപ്പലിനെ മധ്യധരണ്യാഴിയിൽ നിന്നും ഇറാൻ തീരത്തേക്ക് അയക്കുമ്പോൾ യുദ്ധത്തിന്റെ കാർമേഘങ്ങളാണ് ഉരുണ്ടു കൂടുന്നത്. പെട്ടെന്ന് ഒരു യുദ്ധത്തിനുള്ള സാധ്യത ആരും കാണുന്നില്ലെങ്കിലും ബുഷ് ഭരണകൂടം ഇറാക്കിനെ വരിഞ്ഞുകെട്ടിയതുപോലെ ഇപ്പോൾ ട്രംപും ഇറാനെ വരിഞ്ഞുകെട്ടുകയാണെന്നും അത് യുദ്ധത്തിനുള്ള തയ്യാറെടുപ്പാണെന്നുമുള്ള വിലയിരുത്തലുകളും ശക്തമാണ്. ഇറാന്റെ ഇസ്ലാമിക്ക് റവലൂഷണറി ഗാർഡിനെ അമേരിക്ക ഭീകരവാദികളായി പ്രഖ്യാപിച്ചതും ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധം വഷളാക്കി. മധ്യപൗരസ്ത്യ ദേശത്ത് വിന്യസിക്കപ്പെട്ട എല്ലാ അമേരിക്കൻ സൈനികരും ഭീകരവാദികളാണെന്ന് ഇറാനും പ്രഖ്യാപിച്ചു.

ഇറാനെ വരിഞ്ഞുകെട്ടുകയെന്ന അമേരിക്കൻ നീക്കത്തിന്റെ ഏറ്റവും അവസാനത്തെ നടപടിയാണ് ട്രംപ് ബുധനാഴ്ച പ്രഖ്യാപിച്ച എണ്ണയേതര ഉൽപന്നങ്ങൾക്കുള്ള ഉപരോധം. ഇറാൻ കയറ്റുമതി ചെയ്യുന്ന ഇരുമ്പ് , ഉരുക്ക്, അലുമനീയം, ചെമ്പ് എന്നിവയുടെ വ്യാപാരത്തിനാണ് ഉപരോധം പ്രഖ്യാപിച്ചിട്ടുള്ളത്. എണ്ണയിൽ നിന്നുള്ള ഇറാന്റെ വരുമാനം ഉപരോധത്തിലൂടെ തടഞ്ഞ അമേരിക്ക ഇപ്പോൾ എണ്ണഇതര വരുമാനവും തടയുന്നതിനാണ് ഉപരോധം ലോഹവ്യാപരത്തിലേക്കും വ്യാപിപ്പിച്ചിട്ടുള്ളത്. മൂന്ന് മാസത്തിനകം ഈ ഉപരോധവും നിലവിൽ വരുമെന്നാണ് അമേരിക്ക പ്രഖ്യാപിച്ചിട്ടുള്ളത്.

എന്നാൽ ഇറാനെ ഒരു യുദ്ധത്തിലൂടെ കീഴടക്കുക അത്ര എളുപ്പമല്ല. ഇറാക്കിലും സിറിയയിലും അഫ്ഗാനിസ്ഥാനിലുമായി അമേരിക്ക വിന്യസിച്ച 20000 സൈനികരെ ലക്ഷ്യം വെക്കാനുള്ള മിസൈൽ ശേഷി ഇറാനുണ്ട്. മാത്രമല്ല ഇറാന്റെ ആണവകേന്ദ്രങ്ങൾ രാജ്യത്തിന്റെ പല ഭാഗത്തായാണ് കിടക്കുന്നത്. ഇത് പൂർണമായും നശിപ്പിക്കുക അമേരിക്കക്ക് വെല്ലുവിളിയാണ്. യുദ്ധം ഉണ്ടാകുന്ന പക്ഷം ഹോർമുസ് കടലിടുക്ക് അടച്ചിടാൻ ഇറാൻ തയ്യാറാകും. ഇത് എണ്ണ വ്യാപാരത്തെ ഹാനികരമായി ബാധിക്കും. ഇറാനിൽ കൈപൊള്ളിയാണ് മുൻ അമേരിക്കൻ പ്രസിഡന്റ് ജിമ്മി കാർട്ടർക്ക് രണ്ടാംമൂഴം നഷ്ടമായതെന്ന കാര്യം ട്രംപ് ഓർക്കുമെന്ന് കരുതാം. അന്തരാഷ്ട്ര കരാറിൽ നിന്നും എകപക്ഷീയമായി പിന്മാറി, ഇസ്രയേലിന്റെയും സൗദിയുടെയും താളത്തിനൊത്ത് തുള്ളി ഗൾഫ് മേഖലയിൽ യുദ്ധഭീതി സൃഷ്ടിക്കുന്ന അമേരിക്കയ്ക്ക് എതിരെ ശക്തമായ പ്രതിഷേധം ഉയരുമെന്ന് പ്രതീക്ഷിക്കാം. ■

ഇറാനെതിരെയുള്ള യുദ്ധത്തിന് വലിയ വില നൽകേണ്ടിവരുമെന്നതിനാലാണ് അമേരിക്ക യുദ്ധ പ്രഖ്യാപനത്തിൽ നിന്നും പിന്മാറിയതെന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. യുറോപ്യൻ സഖ്യ ശക്തികളാരും തന്നെ ഇറാനുമായുള്ള ഒരു ഏറ്റുമുട്ടൽ ആഗ്രഹിക്കുന്നുമില്ല. യുദ്ധം തുടങ്ങിയാൽ തീർത്തും ഒറ്റക്കു തന്നെ അത് മുന്നോട്ടുകൊണ്ടുപേകേണ്ടിവരുമെന്ന സ്ഥിതിവിശേഷമാണുള്ളത്. മാത്രമല്ല രണ്ടാമതും പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കാൻ(2020 ലാണ് അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പ്) തയ്യാറായ ട്രംപിന് യുദ്ധത്തിലുണ്ടാകുന്ന ഏതൊരു തിരിച്ചടിയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

ഡോ. രാജൻ ഗുരുക്കൾ



നോളജ് ഇക്കോണമിയും പ്രത്യാഘാതങ്ങളും

ദേശീയ വിദ്യാഭ്യാസനയ കരടുരേഖ 2019ന്റെ വിശദാംശങ്ങളെക്കുറിച്ചൊന്നും ഞാനിവിടെ ചർച്ച ചെയ്യുന്നില്ല. ഉന്നതവിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട് നയരേഖ അടിവരയിടുന്ന അജണ്ടയായ നോളജ് സാമ്പത്തിക വ്യവസ്ഥ എന്താണെന്നും അതിന്റെ പ്രത്യാഘാതങ്ങളെന്തൊക്കെയാണെന്നും മാത്രമേ ഞാനിവിടെ പരാമർശിക്കുന്നുള്ളൂ. വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണം, വാണിജ്യവൽക്കരണം, ധനികപക്ഷവൽക്കണം, അരാഷ്ട്രീയവൽക്കരണം, കോർപ്പറേറ്റുവൽക്കരണം, സമ്പൂർണ്ണകേന്ദ്രീകരണം എന്നിവ മുറുകെ പിടിക്കുന്നുവെന്നും മറ്റുമുള്ള ന്യൂനതകളെപ്പറ്റി പലരും ചർച്ച ചെയ്തു കഴിഞ്ഞിട്ടുണ്ട്. സാങ്കേതിക സായൻസിക കോർപ്പറേറ്റു മൂലധനവ്യവസ്ഥയുടെ വ്യാവസായിക വികസനത്തിനു അനുയോജ്യമാം വിധം ഉന്നതവിദ്യാഭ്യാസം ഉടച്ചുവാർക്കണമെന്നും ഒരുമറയുമില്ലാതെ തുറന്നു പറയുന്നുണ്ട്. അക്കാര്യം അധികമാരും വിശദീകരിച്ചു കണ്ടിട്ടില്ല.

അതുപോലെ സമത്വം, തുല്യത, സാമൂഹ്യനീതി, ജനക്ഷേമം, മാനവീയത, സുസ്ഥിരത എന്നുവേണ്ട എല്ലാ ഉയർന്ന ആശയങ്ങളെയും ഉന്നതമൂല്യങ്ങളെയും ചേർത്തു പിടിച്ചും ലോകോത്തര വിദ്യാഭ്യാസ ദർശനങ്ങളെയാകെ ഉൾക്കൊണ്ടും അധുനാതന മാർഗ്ഗങ്ങളവലംബിച്ചും വളരെ ഉദാത്തമായ ഭാഷാശൈലി ഉപയോഗിച്ചുമാണ് ഈ നയരേഖ എഴുതപ്പെട്ടിരിക്കുന്നതെന്ന് എല്ലാവരും നിരീക്ഷിച്ചിട്ടുണ്ട്. പക്ഷെ നയം സുപ്രധാനമായി അവതരിപ്പിക്കുന്ന അജണ്ടയും ഉന്നതാശയങ്ങളും പരസ്പരം പൊരുത്തപ്പെടാത്തവയാണെന്ന സത്യം ശ്രദ്ധിച്ചതായി കാണുന്നില്ല. ഉയർന്ന ആശയങ്ങളെയും ഉന്നത മൂല്യങ്ങളെയും ചേർത്തു പിടിക്കുന്നത് എല്ലാ വിഭാഗക്കാരെയും താല്പര്യങ്ങളെയും തൃപ്തിപ്പെടുത്താനുള്ള ഒരുതന്ത്രമെന്ന രീതിയിലാണ്. രേഖയിലെ സായൻസിക വിദ്യാഭ്യാസാശയങ്ങളെയും പദ്ധതികളെയും ആദർശാത്മക നയങ്ങളെയും ആർക്കും നിരാകരിക്കാനാവില്ല. അതാണീ രേഖയുടെ രചനാതന്ത്രം.

അതേസമയം ആർക്കും എളുപ്പം എതിർക്കാവുന്ന ചില സംഗതികളും ഈ രേഖയിലുണ്ട്. മതനിരപേക്ഷ സമീപനം ഒരിടത്തും പറയുന്നില്ല. മതമൂല്യങ്ങളെയും മതപാഠശാലകളെയും അംഗീകരിക്കുന്ന സമീപനമാണ്. ഭാരതീയ പൈതൃകത്തെ ഹിന്ദു വർഗ്ഗീയത ഉദ്ദീപിപ്പിക്കും വിധം പ്രോത്സാഹിപ്പിക്കുന്നുണ്ട്. അധികാര കേന്ദ്രീകരണത്തെ സാധൂകരിക്കുന്നതും സ്വേച്ഛാധിപത്യത്തിലൂന്നുന്നതുമായ നിലപാടുണ്ട്. പക്ഷെ പുതിയ വിദ്യാഭ്യാസ നയം വർഗ്ഗീയവൽ

ക്കരണം പ്രോത്സാഹിപ്പിക്കുന്നുവെന്നോ ഫാസിസം കൊണ്ടുവരുന്നുവെന്നോ വിമർശിക്കുന്നതിലിനി കാര്യമില്ല. കാരണം ഹിന്ദുരാഷ്ട്രം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം രണ്ടു ദശകങ്ങളായി ഈരാജ്യത്തു പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഇരുപതിനായിരത്തോളം വിദ്യാഭാരതി സ്കൂളുകളുണ്ടിന്ന്. ലോകത്തെ ഏറ്റവും വലിയ വിദ്യാഭ്യാസ എൻജിഒ വിശ്വഭാരതിയായിരിക്കും. ആദിവാസി ദളിത് കുട്ടികൾക്കു ചിലവുകുറഞ്ഞ വിദ്യാഭ്യാസം നൽകുന്ന സംവിധാനമെന്ന നിലയിലാണിത് ഉത്തരേന്ത്യയിലെ പിന്നോക്ക പ്രദേശങ്ങളിലെങ്ങും പ്രവർത്തിക്കുന്നത്. അതു പൂർവ്വാധികം വളർച്ച പ്രാപിക്കുമെന്ന് തീർച്ചയാണ്.

അതുപോലെ ഫാസിസ്റ്റു ഭരണകൂടം അധികാരമോഹികളുടെ സൃഷ്ടിയാണെങ്കിലും കോർപ്പറേറ്റ് മൂലധന വ്യവസ്ഥയുടെ ഉപകരണമാണത്. വിമർശാവബോധമില്ലാത്തവരും രാഷ്ട്രീയമായി നിർജ്ജീവമായവരും ആയ യുവജനതയെ പാകപ്പെടുത്താനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണു കോർപ്പറേറ്റുകളുടെ ആവശ്യം. നല്ല ബുദ്ധിശക്തിയുള്ള പക്ഷെ റോബോട്ടുകളെപ്പോലെ പ്രവർത്തിക്കുന്ന യുവസമൂഹത്തെ വാർത്തെടുക്കുന്ന വിദ്യാഭ്യാസമാണവരാവശ്യപ്പെടുന്നത്. പുതിയ നയം അതുറപ്പുവരുത്തുന്നു. തീർത്തും കോർപ്പറേറ്റുകൾക്കാവശ്യമായ ഒന്നാണു പുതിയ വിദ്യാഭ്യാസ നയമെന്ന വിമർശനമാണു പ്രധാനം.

ഇതു സ്വാഭാവികമാണ്. കാരണം എപ്പോഴും അധീശ സമ്പദ്വ്യവസ്ഥയുടെ താൽപര്യം അനുസരിച്ചു മാത്രമേ വിദ്യാഭ്യാസനയം നിയമമായിത്തീരുകയുള്ളൂ. നയരേഖകളൊരിക്കലും നിർദ്ദേശിക്കപ്പെടുന്ന രൂപത്തിലല്ലല്ലോ നിയമമാവുന്നത്. തീർത്തും സാങ്കേതിക സായൻസിക കോർപ്പറേറ്റു മൂലധനവ്യവസ്ഥയുടെ വ്യാവസായിക വികസനത്തിനു അനുയോജ്യമാംവിധം മാത്രമേ ഇനിയീ രാജ്യത്തെ വിദ്യാഭ്യാസനിയമം ആവിഷ്കരിക്കപ്പെടുകയുള്ളൂ. അതിന്റെ വിദഗ്ദ്ധരുടെ നേരിട്ടുള്ള ഇടപെടലിലൂടെയാണ് ഇപ്പോഴത്തെ നയരൂപീകരണം നടന്നിരിക്കുന്നത്. മൂലധനവ്യവസ്ഥയുടെ ഏറ്റവും പുതിയരൂപം ഇന്നുലാഭം സമാഹരിക്കുന്നതു സായൻസിക സാങ്കേതികജ്ഞാനത്തെയും അതുവഴി നേടാനാവുന്ന ബൗദ്ധിക സ്വത്തവകാശങ്ങളെയും ആശ്രയിച്ചാണ്.

മൂലധനവ്യവസ്ഥയുടെ പുതുരൂപം

മൂലധനവ്യവസ്ഥയുടെ അധുനാതന രൂപം ജ്ഞാനസമ്പദ്വ്യവസ്ഥയാണ്. ജ്ഞാനമാണതിന്റെ ചരക്കും മൂലധനവും. ജ്ഞാനം ഇന്നു പെയ്റ്റന്റും ബൗദ്ധിക സ്വത്തവകാശവുമുള്ള വിനിമയച്ചരക്കാണ്. സയൻസിനെയും സാങ്കേതിക വിദ്യയെയും ആശ്രയിച്ചു പുതിയ ജ്ഞാനനിർമ്മാണം നടത്തിയും ബൗദ്ധിക സ്വത്തവകാശവും പെയ്റ്റന്റും വിനിമയം ചെയ്തുമാണതു ലാഭം കൊയ്യുന്നത്. അത് ധൈഷണിക മേഖലയിലാകെ അക്രമാസക്തമായി വ്യാപിച്ചുകൊണ്ടിരിക്കുന്നു. ടെക്നോകാപ്പിറ്റലിസം എന്ന പേരാണതിനു വിദഗ്ദ്ധരിന്നു നൽകിയിരിക്കുന്നത്. ചരക്കായിമാറുന്ന ജ്ഞാനത്തെ അതിന്റെ ഉപഭോക്താവിൽ നിന്നും വേർപെടുത്തുകയും വലിയ ലാഭത്തിനു വിനിമയം ചെയ്യുകയുമാണ്. ഇതിനായി മൂലധന വ്യവസ്ഥ ഇന്നു വലിയ കോർപ്പറേറ്റു ഭീമന്മാരായി സംഘടിച്ചു ആഗോള സാങ്കേതിക-സൈനിക-വ്യാവസായിക ശക്തിയായി വളർന്നിരിക്കുന്നു.

പുതിയ ജ്ഞാനം സൃഷ്ടിക്കാനുള്ള സർഗ്ഗശേഷി ചൂഷണം ചെയ്യാനുള്ള വിപുലമായ സാങ്കേതിക സജ്ജീകരണങ്ങളും ആഗോള നിയമങ്ങളും ഈ അധുനാതന മൂലധന വ്യവസ്ഥയ്ക്കുണ്ട്. അവയുടെ സഹായത്തോടെ ലോക കോർപ്പറേറ്റുകളെല്ലാം മൂർത്തമായ ചരക്കുകളിൽ നിന്നു ജ്ഞാനമെന്ന അമൂർത്ത ഉൽപന്നത്തിലേക്കു ശ്രദ്ധ തിരിച്ചിരിക്കുകയാണ്. വലിയ കോർപ്പറേറ്റുകൾക്ക് അതിഭീമ ഗവേഷണ കേന്ദ്രങ്ങളിന്നു സ്വന്തമായുണ്ട്. അവിടെ വമ്പിച്ച ലാഭസമാഹരണത്തിനു പറ്റിയ പുതിയ ജ്ഞാന നിർമ്മാണം നടക്കുകയാണ്. അതിന്റെ പെയിറ്റന്റും ബൗദ്ധിക സ്വത്തവകാശവും നേടിയാണു മൂലധന സമാഹരണത്തിനു പുതിയ മാനം കൈവരിച്ചിരിക്കുന്നത്. കോർപ്പറേറ്റുകളെല്ലായിടത്തും യുവസയന്റിസ്റ്റുകളുടെയും ടെക്നോളജിസ്റ്റുകളുടെയും സൃഷ്ടിപരത കവർന്നെടുക്കുന്നതിനുള്ള ഭീമമായ സജ്ജീകരണങ്ങളുണ്ടാക്കിയിരിക്കുന്നു.

അറിവു സമ്പദ്വ്യവസ്ഥ അഥവാ സാങ്കേതിക-സായൻസിക മൂലധനവ്യവസ്ഥയെക്കുറിച്ചു നമ്മുടെ വിദ്യാഭ്യാസ വിചക്ഷണർക്കോ രാഷ്ട്രീയ ചിന്തകർക്കോ സാമ്പത്തിക നിരീക്ഷകർക്കോ വ്യക്തമായ ഗ്രാഹ്യം ഉള്ളതായി തോന്നുന്നില്ല. മാനവ വിഭവശേഷി മന്ത്രാലയം വളരെ ലാഘവത്തോടെയാണ് നോളജ് ഇക്കോണമിയെപ്പറ്റി ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരടു രേഖയുടെ ഭാഗമായി പരാമർശിക്കുന്നത്. സായൻസിക-സാങ്കേതിക സങ്കര വിഷയങ്ങളിലെ വ്യാവസായിക മൂല്യമുള്ള പുതിയ അറിവുകളുടെ ഉത്പാദനവും ബൗദ്ധിക സ്വത്തവകാശം പെയിറ്റന്റ് തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള

വിനിമയവും വഴി ഭീമമായ ലാഭ സമാഹരണം നടത്തുന്ന സമ്പദ്വ്യവസ്ഥയുടെ പേരാണു നോളജ് ഇക്കോണമിയെന്നു നാം മനസ്സിലാക്കണം. ഉന്നതവിദ്യാഭ്യാസം പുതിയ അറിവുൽപാദനത്തിനു പ്രാപ്തിയുണ്ടാക്കുന്നതായിരിക്കണം എന്ന കാര്യത്തിലാർക്കും തർക്കമുണ്ടാവില്ല. പക്ഷെ നോളജ് ഇക്കോണമിയിലെ പുതിയ അറിവെന്താണെന്നു

തീരുമാനിക്കുന്നതു കോർപ്പറേറ്റുകളാണ്. കമ്പോളമൂല്യമുള്ള അറിവാണത്.

മൈക്രോ ആറെ സാങ്കേതിക വിദ്യയനുസരിച്ചുള്ള ജനിതക ഗവേഷണവും എക്സ്-റെ ക്രിസ്റ്റലോഗ്രഫിയും റോബോട്ടിക് ക്രിസ്റ്റലൈസേഷനും വഴിയുള്ള ജനിതകഘടനാ ഗവേഷണവും ഹൈഫീൽഡ്-എൻ.എം.ആർ. സ്പെക്ട്രോ സ്കോപ്പി വഴിയുള്ള പ്രോട്ടീനുകളുടെ ഘടനാപഠനവും ഡി.എൻ.എ ബാർകോഡനുസരിച്ചുള്ള ജീവ ജാലപഠനവും ഒക്കെയാണ് വലിയ കമ്പോളമൂല്യമുള്ള അത്തരം അറിവുകളുടെ നിർമ്മാണത്തിലേക്കു നയിക്കുന്നത്. ബയോസിന്തറ്റിക് എഞ്ചിനീയറിങ്ങും ബയോമെഡിസിനും ബയോഇൻഫർമാറ്റിക്സും അഗ്രോ-ബയോടെക്നോളജിയും റൊബോട്ടിക്സും അടരടരായുള്ള നാനോഫിലിം അസംബ്ലിങ്ങും ഗ്രാഫീനെഞ്ചിനിയറിങ്ങും ബയോഎഞ്ചിനിയേഡ് തന്മാത്രാ പ്രോസസ്സറുകളും നാനോടെക് സെൻസറുകളും ട്രാൻസ്മിറ്ററുകളും അധുനാതന സോഫ്റ്റ്വെയറുപയോഗിച്ചുള്ള ആശയ വിനിമയോപാധികളും സൗരോർജ്ജമുപയോഗിച്ചുള്ള അതിവേഗ വാഹനങ്ങളും തലച്ചോറുമായി നേരിട്ടു ബന്ധപ്പെടുന്ന ഉപകരണങ്ങളും ഒക്കെയാണ് ഈ സായൻസികസാങ്കേതിക സങ്കര വിജ്ഞാനീയങ്ങളുടെ ഗവേഷണം ലക്ഷ്യമിടുന്നത്.

ഭീമമായ ചിലവുള്ള ഇത്തരം ഗവേഷണത്തിനുവേണ്ട അറിവും മികവുറ്റ ഗണിതശാസ്ത്ര യുക്തിയും ഹൈ-പവർ കമ്പ്യൂട്ടിങ്ങിനുള്ള പാടവവും വിലകൂടിയ ഉപകരണങ്ങളും പണവും നമ്മുടെ ഒരുസ്ഥാപനത്തിനുമില്ല. ഏറ്റവും മികവുറ്റ സ്ഥാപനത്തിനുപോലും അതിനുള്ള പ്രാപ്തി കൈവരിക്കാനാവുന്ന യുവസമൂഹത്തെ പരിശീലിപ്പിച്ചു കോർപ്പറേറ്റുകളുടെ അതിഭീമങ്ങളായ ഗവേഷണകേന്ദ്രങ്ങളിലേക്കു കയറ്റി അയക്കാനേ കഴിയുന്നുള്ളൂ. കുറച്ചുപേരെ കയറ്റി അയച്ചുകൊണ്ട് രാഷ്ട്രത്തിനു സ്വയം വികസിക്കാനാവുകയില്ലല്ലൊ. അവരെ ഈ രാജ്യത്തിനുപകരിക്കാനുള്ള പദ്ധതിവേണം. മസ്തിഷ്കചോർച്ച തടയുന്നതിനുള്ള നടപടികളുണ്ടാവണം. അല്ലാതെ വ്യാവസായികാടിസ്ഥാനത്തിലുള്ള ജ്ഞാനോല്പാദനത്തിനായി പതിനായിരക്കണക്കിനു യുവശാസ്ത്രസാങ്കേതിക ഗവേഷകരെ റൊബോട്ടുകളെപ്പോലെ ഉപയോഗപ്പെടുത്തി അവരുടെ സർഗ്ഗാത്മക ശക്തി കവർന്നെടുത്തു പെയ്റ്റന്റുകളും ബൗദ്ധികസ്വത്തവകാശങ്ങളും സ്വന്തമാക്കുന്ന കോർപ്പറേറ്റു കമ്പനികൾക്കു വേണ്ടി കയറ്റി അയയ്ക്കുകയല്ല. എന്നാലീ കൊടിയ ചൂഷണത്തിനു വിധേയരാവാനുള്ള യോഗ്യത നേടി ആഗോള യുവ പൗരസമൂഹമാക്കി മാറ്റാനാണു പുതിയ നയം ലക്ഷ്യമിടുന്നത്. അതേസമയം രാഷ്ട്രത്തിന്റെ സാമ്പത്തിക വളർച്ച ലക്ഷ്യമാണുതാനും. ബുദ്ധിശക്തിയും കഴിവുമുള്ള യുവജനം മുഴുവനും അന്താരാഷ്ട്ര പൗരസമൂഹമായി മാറിയതുകൊണ്ട് രാഷ്ട്രമെങ്ങനെ രക്ഷപ്പെടും?

വേണ്ടത് യഥാർത്ഥ ദേശീയനയം:

നമ്മുടെ ഒരു സ്ഥാപനത്തിനും കോർപ്പറേറ്റുകളോടു മത്സരിക്കാനോ ഒപ്പമെത്താനോ ആവില്ല. അതുപോലെ നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെ അന്താരാഷ്ട്ര മികവിനുവേണ്ടി ആസൂത്രണം ചെയ്യുന്നതിലും കാര്യമില്ല. അന്താരാഷ്ട്ര മത്സരോന്മുഖത നമ്മെ എവിടെയുമെത്തിക്കില്ല. ആ നിലയ്ക്ക് നമുക്കു ചെയ്യാവുന്നത് പ്രാദേശിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ടുള്ള സുസ്ഥിര വികസന പ്രധാനങ്ങളായ അറിവുൽപാദനമായി രിക്കും. അതിനുള്ള ശാസ്ത്ര-സാങ്കേതികമേഖലകളുടെ വികസനത്തിനായിരിക്കണം നാം പ്രാധാന്യം കൊടുക്കേണ്ടത്. പ്രാദേശികാവശ്യങ്ങളോരോന്നും പരിശോധിച്ചും വിദഗ്ദ്ധരുടെ അഭിപ്രായങ്ങളാരാഞ്ഞും ഉന്നത വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലും വേണ്ട പരിവർത്തനം വരുത്തി ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര കർമ്മപദ്ധതിയാണു വേണ്ടത്. ഈ സമീപനം പക്ഷെ നയരേഖയിലില്ല.

ദേശീയതല വിദ്യാഭ്യാസനയം മുൻഗണന കൊടുക്കുന്ന കാര്യങ്ങളൊന്നും ദേശീയ പ്രാദേശിക വികസനത്തിനാവശ്യമായ സംഗതികൾക്കല്ല. കുടിവെള്ളലഭ്യത, വെള്ളത്തിന്റെ ഗുണനിലവാരം, ജലസംരക്ഷണം, വരൾച്ച, വെള്ളപ്പൊക്കം, ഉപ്പുവെള്ളക്കയറ്റം, ഊർജ്ജ പ്രതിസന്ധി, മാലിന്യ നിർമ്മാർജ്ജനം, പകർച്ചവ്യാധി പ്രതിരോധം, നിലനിൽപ്പുള്ള കീടനാശിനി തുടങ്ങി നമുക്കു അടിയന്തിര പ്രധാന്യമുള്ള അനേകം വിഷയങ്ങളുണ്ട്. മൂലധന വ്യവസ്ഥയുടെ അധീശത്വം അതിവേഗം ശക്തിപ്പെട്ടു വരുന്ന ഇക്കാലത്ത് ദേശീയ പ്രാദേശിക പ്രശ്നപരിഹാരത്തിനുപറ്റിയ വിദ്യാഭ്യാസ നയമാണ് നമുക്കാവശ്യം. ■

ഫാസിസ്റ്റു ഭരണകൂടം അധികാരമോഹികളുടെ സൃഷ്ടിയാണെങ്കിലും കോർപ്പറേറ്റ് മൂലധന വ്യവസ്ഥയുടെ ഉപകരണമാണത്. വിമർശാവബോധമില്ലാത്തവരും രാഷ്ട്രീയമായി നിർജ്ജീവമായവരും ആയ യുവജനതയെ പാകപ്പെടുത്താനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളാണു കോർപ്പറേറ്റുകളുടെ ആവശ്യം. നല്ല ബുദ്ധിശക്തിയുള്ള പക്ഷെ റോബോട്ടുകളെപ്പോലെ പ്രവർത്തിക്കുന്ന യുവസമൂഹത്തെ വാർത്തെടുക്കുന്ന വിദ്യാഭ്യാസമാണവരാവശ്യപ്പെടുന്നത്. പുതിയ നയം അതുറപ്പുവരുത്തുന്നു.

◆ ഡോ. അനീഷ് ടി.എസ്

മുസാഫർപൂർ മുതൽ കോഴിക്കോട് വരെ

രണ്ടു നയങ്ങൾ രണ്ടു നടപടികൾ

മുസാഫർപൂർ ബീഹാറിലാണ്, കോഴിക്കോട് കേരളത്തിലും. ഭാരതത്തിന്റെ വിലങ്ങനെയുള്ള ദൂരമുണ്ട് ഇവക്കിടയിൽ. എന്നാൽ ഭൗതികമായ ദൂരത്തിനപ്പുറം സാമൂഹ്യആരോഗ്യത്തിന്റെ ഒരു വലിയ അന്തരമുണ്ട് ഇവയ്ക്കിടയിൽ.

മുസാഫർപൂരിലും പരിസരപ്രദേശങ്ങളിലും അടിക്കടി കുഞ്ഞുങ്ങളെ കൊന്നൊടുക്കുന്ന രോഗബാധ കോഴിക്കോടുണ്ടായ നിപ ബാധക്കും തമ്മിൽ ലക്ഷണങ്ങളിൽ സമാനതകളുണ്ട്. രണ്ടും തലച്ചോറിനെ ബാധിക്കുന്ന രോഗങ്ങളാണ്. എന്നാൽ മുസാഫർപൂരിൽ ഈ രോഗം കൊന്നൊടുക്കുന്നത് കുഞ്ഞുങ്ങളെയാണ്. കോഴിക്കോട് രോഗബാധ നേരിട്ടവരിൽ ഒരു കുട്ടിപോലും ഇല്ലായിരുന്നു. മുസാഫർപൂരിൽ പട്ടിണിയാണ് യഥാർത്ഥവില്ലൻ, അതേസമയത്ത് കോഴിക്കോട് വഴി തെറ്റിവന്ന ഒരു അണുബാധയും. മുസാഫർപൂരിൽ വർഷങ്ങളായി ഈ പ്രശ്നമുണ്ടായിട്ടും അതിനെ തടയുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ഓരോ മെയ്-ജൂൺ മാസങ്ങളിലും നൂറുകണക്കിന് കുഞ്ഞുങ്ങൾ മരണപ്പെടുന്നു. രോഗം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നതുപോലും രോഗബാധയുണ്ടായി മാസങ്ങൾക്ക് ശേഷമാണ്. അതുതന്നെ സംസ്ഥാനത്തിന് പുറത്തുള്ള വിദഗ്ധർ അന്വേഷിച്ചതിനുശേഷം മാത്രം. അതേ സമയം കോഴിക്കോട്ടെ നിപരോഗമാകട്ടെ രണ്ടാമതായി വന്ന കേസുകളിൽ മുന്നിൽത്തന്നെ, ചരിത്രത്തിൽ ആദ്യമായി കണ്ടെത്തുകയും വളരെ ചെറിയ എണ്ണത്തിൽ നിജപ്പെടുത്തുകയും മരുന്നുകളും മറ്റും പുറം രാജ്യത്തുനിന്നും ദിവസങ്ങൾക്കുള്ളിൽ എത്തിക്കുകയും ഇത്തരത്തിലുള്ള രോഗബാധ സംസ്ഥാനത്ത് എവിടെ ഉണ്ടായാലും ഉടനടി

കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. രോഗബാധയെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും, ആദ്യരോഗിക്ക് എങ്ങനെ, എവിടെവച്ച് രോഗബാധയുണ്ടായി എന്ന വിവരം ഒഴികെ, സംസ്ഥാന ആരോഗ്യവകുപ്പിന്റെ മേശപ്പുറത്തുണ്ട്. മുസാഫർപൂരിൽ കുഞ്ഞുങ്ങളെ കൊല്ലുന്ന മസ്തിഷ്ക രോഗം ഒറ്റ അണുബാധയല്ല എന്നാണ് ഇതുവരെയുള്ള തെളിവുകൾ സൂചിപ്പിക്കുന്നത്. സാമൂഹ്യ-സാമ്പത്തിക പിന്നാക്കാവസ്ഥ കാരണം പട്ടിണിയിലായ കുഞ്ഞുങ്ങളുടെ ശരീരത്തിൽ ശരിയായ അളവിൽ കൊഴുപ്പോ, സംഭരിച്ചുവച്ച ഗ്ലൂക്കോസോ ഉണ്ടാവുകയില്ല. അത്താഴപ്പട്ടിണിയിലായ കുട്ടികളുടെ ശരീരത്തിൽ, പ്രഭാതമാവുമ്പോഴേക്കും ഗ്ലൂക്കോസിന്റെ അളവ് വളരെയധികം താഴ്ന്നിട്ടുണ്ടാവും. ഗ്ലൂക്കോസിന്റെ അളവ് വളരെ താഴുന്നത് സാധാരണ ഗതിയിൽ കൂടുതൽ ബാധിക്കുന്നത് തലച്ചോറിന്റെ പ്രവർത്തനത്തെയാണ്. എന്നാൽ ഇത് മരണകാരണമാവാതെ സൂക്ഷിക്കാൻ ശരീരത്തിനാകും. ഈ ഇടങ്ങളിലാണ് ലിച്ചിപ്പഴങ്ങൾ മേൽപ്പറഞ്ഞ അവസ്ഥ ഗുരുതരമാക്കുന്നത്. ലിച്ചിപ്പഴത്തിന്റെ സീസണിൽ ഇവയുടെ ലഭ്യത കൂടുന്നു എന്നതുകൊണ്ടുതന്നെ സ്വതവേ പട്ടിണിയിലായ കുട്ടികൾ ഈ പഴങ്ങൾ കൂടുതൽ കഴിക്കുന്നു. സാധാരണ ഒരു കുട്ടി ലിച്ചി പഴങ്ങൾ കഴിക്കുന്നതുകൊണ്ട് ഒന്നും തന്നെ ഇല്ലെന്ന് മാത്രമല്ല അതിൽ ധാരാളമായി അടങ്ങിയിട്ടുള്ള സൂക്ഷ്മ പോഷകങ്ങൾ ആരോഗ്യത്തിന് നല്ലതുമാണ്. എന്നാൽ കാലങ്ങളായി പോഷണവൈകല്യമുള്ള കുട്ടികൾ രാത്രിയിൽ മറ്റാഹാരങ്ങളൊന്നും കഴിക്കാതെ ലിച്ചി പഴങ്ങൾ കഴിക്കുന്നത് അപകടം ക്ഷണിച്ചുവരുത്തുന്നു. ഈ പഴത്തിലടങ്ങിയിട്ടുള്ള മീഥേൽ സൈക്ലോ ഗ്രാപൈൽ ഗ്ലൈസിൽ എന്ന വസ്തു രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് അപകടകരമാംവിധം താഴ്ത്തുകയും കുട്ടിക്ക് മസ്തിഷ്ക ജ്വരത്തിന് സമാനമായ അവസ്ഥ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ അവസ്ഥയിലെത്തിയ കുഞ്ഞുങ്ങളെ മണിക്കൂറുകൾക്കകം ആശുപത്രിയിലെത്തിച്ചില്ലെങ്കിൽ ജീവൻ രക്ഷിക്കാൻ കഴിയില്ല. എന്നാൽ ആരോഗ്യസ്ഥിതി താറുമാറായ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഈ അവസ്ഥ കണ്ടെത്തുന്നതിനോ, കുഞ്ഞുങ്ങളെ ആശുപത്രികളിലെത്തിക്കുന്നതിനോ ഉള്ള സങ്കേതങ്ങൾ തികച്ചും അപര്യാപ്തമാണ്.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നും ഇവിടങ്ങളിലെ സ്ഥിതി വ്യക്തമാണ്. കുട്ടികൾ പട്ടിണി കിടക്കേണ്ടിവരുകയും തീവ്രമായ പോഷണക്കുറവ് നേരിടുകയും ചെയ്യേണ്ടിവരുന്ന സാമൂഹ്യവ്യവസ്ഥിതി കുട്ടികളെ ലക്ഷ്യംവയ്ക്കുന്ന അങ്കണവാടികൾ പോലെയുള്ള പരിപാടികൾ അതേറ്റവും വേണ്ട ജനവിഭാഗങ്ങളിലേക്ക് എത്തുന്നില്ല എന്ന വസ്തുത കുട്ടികൾ സ്കൂളുകളിലും അങ്കണവാടികളിലും എത്തുകയും അവിടങ്ങളിൽ നിന്നും ഒരുനേരത്തെ ഭക്ഷണം കഴിക്കുകയും ചെയ്താൽ പോലും മേൽപ്പറഞ്ഞ അവസ്ഥ ഒഴിവാക്കാൻ കഴിയും. മറ്റൊന്ന് രോഗം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യവ്യവസ്ഥിതിക്കുമുള്ള കഴിവില്ലായ്മ, നൂറുകണക്കിന് കുട്ടികൾ മരണപ്പെട്ടതിനുശേഷമാണ് പലപ്പോഴും ഇത് ലോകം അറിയുന്നത്. ഈ രോഗത്തെപ്പറ്റി ആദ്യകാലത്ത് പഠനം നടത്തിയ പ്രശസ്ത ഭിഷഗ്വരൻ ഡോ: ജേക്കബ് ജോണിന്റെ അഭിപ്രായത്തിൽ ഈ രോഗത്തിന്റെ കാരണമെന്ത്, അതെങ്ങനെ തടയാം തുടങ്ങിയ ലളിതമായ സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കാൻ പോലും അവിടുത്തെ ഭരണകൂടത്തിന് കഴിയുന്നില്ല.

ഇതിനോടുകൂടി ചേർത്തുപറയേണ്ട ഒന്നാണ് സംസ്ഥാനങ്ങളുടെ ആരോഗ്യസൂചികകളെപ്പറ്റിയുള്ള

നീതി ആയോഗിന്റെ 2019 ലെ റിപ്പോർട്ട്. ആരോഗ്യരക്ഷാസംവിധാനം ,ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ, ആരോഗ്യസൂചികകൾ തുടങ്ങിയവയെ കുറിക്കുന്ന 23 സൂചകങ്ങളെ മുൻനിർത്തിയാണ് നീതിആയോഗ് സംസ്ഥാനങ്ങളുടെ ആരോഗ്യനിലവാരം കണക്കാക്കിയിട്ടുള്ളത്. ഈ സൂചികകളിൽ പലതും കേരളം, തമിഴ്നാട് തുടങ്ങി മുൻകാലങ്ങളിൽ തന്നെ ആരോഗ്യ നിലവാരം ഉയർത്തിയ സംസ്ഥാനങ്ങളെ പിന്തുണയ്ക്കുന്നതായിരുന്നില്ല. എന്നിട്ടും കേരളസംസ്ഥാനം ഒന്നാം സ്ഥാനത്തെത്തി. അതേ സമയം ഉത്തർപ്രദേശ്, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങൾ പിന്നോട്ട് പോവുകയാണുണ്ടായത്. ഒന്നാം സ്ഥാനത്തെത്തുന്നതിനെക്കാൾ ബുദ്ധിമുട്ടാണ് അത് നിലനിർത്തുകയെന്നത് എന്ന് നമുക്കെല്ലാപേർക്കും അറിയാം. എന്നാൽ സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യത്തെ മുൻനിർത്തി ഒട്ടനവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആയിരക്കണക്കിന് പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ആർദ്രം എന്ന പൊതുവായ കുടക്കീഴിലേക്ക് പൊതുമേഖലാ ആരോഗ്യസംവിധാനത്തെ കൊണ്ടുവരുന്നതിനും സംസ്ഥാന സർക്കാരിന് കഴിഞ്ഞു. പൊതുവികസന സങ്കൽപ്പത്തിലൂന്നിയ ആരോഗ്യപരിപാലനം എന്ന കേരളമാതൃക നിലനിർത്തിക്കൊണ്ടുതന്നെ ആരോഗ്യ രക്ഷാസംവിധാനം ശക്തിപ്പെടുത്തി പുതിയ മാതൃകകൾ സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംസ്ഥാനത്ത് നടന്നുവരുന്നത്. ചുരുക്കത്തിൽ

മുസാഫർപൂർ നിലനിൽക്കുന്ന ഇടങ്ങൾ കോഴിക്കോട് നിലനിൽക്കുന്നിടത്തുനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുന്നത് ഭാരതത്തിന്റെ ആരോഗ്യരംഗത്തെ പൊതുവിൽ ശക്തിപ്പെടുത്തും. ■

എം.എസ്. ശ്രീവത്സൻ സർവ്വീസിൽ നിന്നും വിരമിച്ചു

യൂണിയൻ സംസ്ഥാന കമ്മിറ്റിയംഗമായിരുന്ന എം.എസ്. ശ്രീവത്സൻ 2019 ജൂൺ 30-ന് സർവ്വീസിൽ നിന്നും വിരമിച്ചു. യൂണിയൻ പുത്തൻചന്ത ബ്രാഞ്ച് സെക്രട്ടറി, തിരുവനന്തപുരം നോർത്ത് ജില്ലാ ട്രഷറർ, എഫ്.എസ്.ഇ.ടി.ഒ. ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. 1996 ജനുവരി 7-നു ആറ്റിങ്ങൽ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലാണ് സർവ്വീസിൽ പ്രവേശിച്ചത്. തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിന്നും ജൂനിയർ അക്കൗണ്ടന്റ് തസ്തികയിൽ നിന്നും വിരമിച്ചു. 2013-ലെ അനിശ്ചിതകാല പണിമുടക്ക് ഉൾപ്പെടെയുള്ള പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി.

◆ ടി.സി.മാത്തുക്കുട്ടി

ശമ്പളപരിഷ്ക്കരണം

സർക്കാരുകൾ സമീപനങ്ങൾ

രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി മെച്ചപ്പെട്ട വേതനഘടന ഏതാണ്ടെല്ലാ തൊഴിൽ മേഖലകളിലും നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. ജന്മി-നാടുവാഴി വാഴ്ചക്കും തൊഴിലാളി ചൂഷണത്തിനുമെതിരെ നടന്ന എണ്ണമറ്റ തൊഴിലാളിവർഗ്ഗ പോരാട്ടങ്ങളുടെ ഫലമായാണ് ഈ കൂലിവ്യവസ്ഥ സൃഷ്ടിക്കപ്പെട്ടത്. കേരളത്തിലാരംഭിച്ച നവോത്ഥാന മുന്നേറ്റങ്ങൾ സാമൂഹ്യ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കാൻ വേണ്ടി മാത്രമായിരുന്നില്ല. ഒരുപരിധി വരെ സാമൂഹ്യമായ അസമത്വത്തിന് കാരണമായിതീർന്ന രാഷ്ട്രീയവും സാമ്പത്തികവുമായ അടിച്ചമർത്തലുകൾക്കെതിരെ കൂടി ചെറുത്തുനിൽപ്പ് സംഘടിപ്പിച്ചു. ഇതിന്റെ തുടർച്ചയായ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കൂടുതൽ വിപുലമായി ഇത്തരം പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹാരം കണ്ടെത്താൻ പരിശ്രമിച്ചു. കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ പുരോഗമന സർക്കാരുകൾ അധ്വാനിക്കുന്നവരുടെ സാമൂഹ്യസാമ്പത്തിക ഉന്നമനത്തിനുതകുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കി. ഇതിന്റെയെല്ലാം ഫലമായിട്ടാണ് കേരളത്തിലിന്നുകാണുന്ന കൂലിവ്യവസ്ഥ സംഘടിത-അസംഘടിത മേഖലയിലാകെ സൃഷ്ടിക്കപ്പെട്ടത്. കേരളത്തിന്റെ സിവിൽസർവ്വീസിൽ നിലനിൽക്കുന്ന മെച്ചപ്പെട്ട കൂലി വ്യവസ്ഥയ്ക്കും ഇത്തരം ഘടകങ്ങൾ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഐക്യ കേരളപ്പിറവിക്ക് മുമ്പ് തിരുവിതാംകൂറിലും കൊച്ചിയിലും മദിരാശിയുടെ ഭാഗമായിരുന്ന മലബാറിലും തികച്ചും വ്യത്യസ്തമായ സേവന-വേതന ക്രമവും ഘടനയുമാണ് സിവിൽസർവ്വീസിൽ നിലനിന്നിരുന്നത്. സംസ്ഥാന രൂപീകരണത്തെ തുടർന്ന് അധികാരമേറ്റ 1957 ലെ കമ്മ്യൂണിസ്റ്റ് സർക്കാരിന് മുന്നിലുള്ള പ്രധാന പ്രശ്നങ്ങളിലൊന്നായിരുന്നു സർവ്വീസുകളുടെ സംയോജനം. സർവ്വീസ് സംഘടനകളുടെ അഭിപ്രായം കൂടി പരിഗണിച്ച് നടത്തിയ സർവ്വീസ് സംയോജനത്തിന് ശേഷവും സേവന വേതനഘടനക്ക് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടായിരുന്നില്ല. ആ ഘട്ടത്തിലാണ് 1959 മെയ് 9 ന് പാലക്കാട് ചേർന്ന ഉത്തരകേരള എൻ.ജി.ഒ. അസോസിയേഷന്റെ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് മുഖ്യമന്ത്രി ഇ.എം.എസ് നടത്തിയ പ്രസംഗം "എൻ.ജി.ഒ. മാർക്ക് ശമ്പളവും അലവൻസും പ്രധാനമാണ് എന്നാൽ അതിലേറെ പ്രധാനമായി എനിക്ക് തോന്നുന്നത് അത് ചോദിക്കാനുള്ള അവകാശമാണ്." അതുവരെ ഭരണാധികാരികളുടെയും മേലധികാരികളുടെയും ദയാദാക്ഷിണ്യത്തിന് വിധേയമായി മാത്രം സംഘടിക്കാനും ആവശ്യങ്ങളുന്നയിക്കാനും കഴിഞ്ഞിരുന്ന സിവിൽ സർവ്വീസിലെ ജീവനക്കാർക്ക് അവകാശബോധത്തോടെ സംഘടിക്കാനും നിർഭയമായി ആവശ്യങ്ങൾ ചോദിക്കാനും പ്രചോദനമായത് ആ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ നിലപാടുകളായിരുന്നു. എന്നാൽ ഇഎംഎസ് സർക്കാരിനെ പിരിച്ചുവിട്ട ശേഷം കേരളത്തിലെ സിവിൽസർവ്വീസിനു നേരെ വീണ്ടും ഭരണാധികാരികളുടെ ധാർഷ്ട്യവും പകപോക്കലും തുടരുകയാണുണ്ടായത്. എന്നിട്ടും സർവ്വീസ് സംഘടനകൾ ജനാധിപത്യ അവകാശങ്ങൾക്കും മെച്ചപ്പെട്ട വേതനഘടനക്കുമായി പ്രക്ഷോഭരംഗത്ത് അണിനിരന്നു.

1962 ഒക്ടോബർ 27, 28 തീയതികളിലായി തൃശൂരിൽ ചേർന്ന സമ്മേളനത്തിൽ വച്ച് കേരള എൻ.ജി.ഒ. യൂണിയൻ രൂപീകരിക്കപ്പെട്ടതോടെ സംസ്ഥാന ജീവനക്കാരുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള പ്രക്ഷോഭങ്ങളുടെ ചരിത്രത്തിൽ ഒരു പുതിയ അധ്യായം വിരചിതമാവുകയായിരുന്നു. ജീവനക്കാരുടെ അവകാശങ്ങൾക്കുവേണ്ടി നിരവധി പ്രക്ഷോഭങ്ങൾക്ക് സംഘടന നേതൃത്വം നൽകി. പ്രക്ഷോഭങ്ങളെ തുടർന്ന് 1966 ലെ ഗവർണർ ഭരണ

1959 മെയ് 9 ന് പാലക്കാട് ചേർന്ന ഉത്തരകേരള എൻ. ജി. ഒ. അസോസിയേഷന്റെ സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് മുഖ്യമന്ത്രി ഇ. എം. എസ് നടത്തിയ പ്രസംഗം എൻ. ജി. ഒ. മാർക്ക് ശമ്പളവും അലവൻസും പ്രധാനമാണ് എന്നാൽ അതിലേറെ പ്രധാനമായി എനിക്ക് തോന്നുന്നത് അത് ചോദിക്കാനുള്ള അവകാശമാണ്. അതുവരെ ഭരണാധികാരികളുടെയും മേലധികാരികളുടെയും ദയാദാക്ഷിണ്യത്തിന് വിധേയമായി മാത്രം സംഘടിക്കാനും ആവശ്യങ്ങളുന്നയിക്കാനും കഴിഞ്ഞിരുന്ന സിവിൽ സർവ്വീസിലെ ജീവനക്കാർക്ക് അവകാശബോധത്തോടെ സംഘടിക്കാനും നിർഭയമായി ആവശ്യങ്ങൾ ചോദിക്കാനും പ്രചോദനമായത് ആ കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ നിലപാടുകളായിരുന്നു.

കാലത്ത് ശമ്പളകമ്മീഷനെ നിയമിച്ചെങ്കിലും സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൽ അപാകതകൾ മാത്രമായിരുന്നു അധികവും. ഈ സന്ദർഭത്തിലാണ് കേന്ദ്രനിരക്കിൽ ക്ഷാമബത്ത അനുവദിക്കുക, ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുക, ട്രേഡ് യൂണിയൻ ജനാധിപത്യാവകാശങ്ങൾ അംഗീകരിക്കുക തുടങ്ങിയ ആവശ്യങ്ങളുയർത്തി 1967 ജനുവരി 5 മുതൽ കേരള എൻ.ജി.ഒ. യൂണിയന്റെ നേതൃത്വത്തിൽ അനിശ്ചിതകാല പണിമുടക്കം ആരംഭിച്ചത്. കേരളത്തിലെ സംസ്ഥാന ജീവനക്കാരുടെ ചരിത്രത്തിലെ ആദ്യത്തെ അനിശ്ചിതകാല പണിമുടക്കായിരുന്നു അത്. 12 ദിവസക്കാലം നീണ്ടുനിന്ന പണിമുടക്കം ഒത്തുതീർപ്പ് വ്യവസ്ഥയെ തുടർന്ന് പിൻവലിച്ചെങ്കിലും ജീവനക്കാർക്ക് കേന്ദ്രനിരക്കിൽ ക്ഷാമബത്ത അനുവദിച്ചത് 1967 ൽ അധികാരത്തിൽ വന്ന രണ്ടാം ഇഎംഎസ് സർക്കാരാണ്. ശമ്പളപരിഷ്കരണം സംബന്ധിച്ചും ആ സർക്കാർ ചരിത്രപരമായ തീരുമാനമായിരുന്നു കൈക്കൊണ്ടത്. സംസ്ഥാന ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥകൾ സമഗ്രമായ പരിശോധനക്ക് വിധേയമാക്കി ശമ്പളം പരിഷ്കരിക്കാനാവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി പുതിയ കമ്മീഷനെ തന്നെ ഇഎംഎസ് സർക്കാർ നിയമിച്ചു. ആ കമ്മീഷൻ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധന നടത്തി 1968 ൽ റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് പരിഷ്കരണം നടത്തുകയും അഞ്ചുവർഷം കൂടുമ്പോൾ സേവന-വേതനവ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കണമെന്ന നയം തത്വത്തിൽ അംഗീകരിക്കപ്പെടുകയും ചെയ്തു. അപ്രകാരമാണ് കേരളത്തിലെ ജീവനക്കാർക്ക് അഞ്ചുവർഷം കൂടുമ്പോഴുള്ള വേതനപരിഷ്കരണം അവകാശമായി മാറിയത്. 1970 കളിൽ രാജ്യമാകെ അനുഭവപ്പെട്ട ഭക്ഷ്യക്ഷാമവും അതിരൂക്ഷമായ വിലക്കയറ്റവും തുച്ഛവരുമാനക്കാരായ സംസ്ഥാന ജീവനക്കാരെ അക്ഷരാർത്ഥത്തിൽ പട്ടിണിക്കാരാക്കി മാറ്റി. ജീവനക്കാർക്ക് ആശ്വാസകരമായ നടപടികൾ യാതൊന്നും സ്വീകരിക്കാൻ സർക്കാർ തയ്യാറായില്ല. ഇടക്കാലാശ്വാസം അനുവദിക്കണമെന്നാവശ്യപ്പെട്ട് 1971 ൽ 12 ദിവസം നീണ്ടുനിന്ന അനിശ്ചിതകാല പണിമുടക്കത്തെ തുടർന്നാണ് 11 രൂപ മുതൽ 17 രൂപ വരെ ഇടക്കാലാശ്വാസം അനുവദിച്ചത്. 1973 ൽ അഞ്ചുവർഷത്വം പാലിച്ച് വേതനം പരിഷ്കരിക്കേണ്ട സമയമായപ്പോഴും സി. അച്യുതമേനോൻ മുഖ്യമന്ത്രിയായ കോൺഗ്രസ് നിയന്ത്രണത്തിലുള്ള വലതുപക്ഷ സർക്കാർ ശമ്പളകമ്മീഷനെ നിയമിക്കാൻ കൂട്ടാക്കിയില്ല. ഈ സാഹചര്യത്തിലാണ് വേതന പരിഷ്കരണവും ഇടക്കാലാശ്വാസവും ആവശ്യപ്പെട്ട് കേരള എൻ. ജി.ഒ. യൂണിയന്റെ നേതൃത്വത്തിൽ അനിശ്ചിതകാല പണിമുടക്കം ആരംഭിച്ചത്. 1973 ജനുവരി 10 മുതൽ ആരംഭിച്ച് 54 ദിവസം നീണ്ടുനിന്ന പണിമുടക്കം കേരളത്തിന്റെ അവകാശ പ്രക്ഷോഭങ്ങളുടെ ചരിത്രത്തിലെ ജ്വലിക്കുന്ന അദ്ധ്യായമാണ്. ശമ്പളപരിഷ്കരണത്തിലെ അഞ്ചുവർഷത്വം യാഥാർത്ഥ്യമാക്കുന്നതിനായി നടന്ന സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ പണിമുടക്കത്തെ തകർക്കാൻ ഭരണകൂടത്തിന്റെ കോടാലി കൈകളായി സിവിൽ സർവ്വീസിന്റെ ഭാഗമായ ചിലരും അണിനിരന്നതോടെ വിവരണാതീതമായ പീഢനങ്ങൾക്കാണ് സമരത്തിൽ പങ്കെടുത്തവർ വിധേയരായത്. എന്നിട്ടും നാട്ടിലെ സാധാരണക്കാരും പട്ടിണിപ്പാവങ്ങളും നൽകിയ പിന്തുണയെ ഇന്ധനമാക്കി നിശ്ചയദാർഢ്യത്തോടെ സമരം മുന്നേറി. സർക്കാരിന്റെ ജനവിരുദ്ധതയും ജനാധിപത്യവിരുദ്ധതയും തുറന്നുകാട്ടപ്പെട്ട പണിമുടക്കം ചർച്ച കൂടാതെ പിൻവലിച്ചെങ്കിലും ശമ്പളപരിഷ്കരണം അനുവദിക്കാൻ സർക്കാരിനെ നിർബ്ബന്ധിതമാക്കിയത് ആ പണിമുടക്കമായിരുന്നു. ശമ്പളകമ്മീഷനെ നിയമിക്കാതെ ഉഭയകക്ഷി ചർച്ചയിലൂടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചത്. ക്ലാസ് IV ജീവനക്കാർക്കുപോലും അർഹമായ വേതനം നൽകാൻ വിസമ്മതിച്ച സർക്കാരിന് മുന്നിൽ വീണ്ടും പണിമുടക്കാൻ മടിക്കുകയില്ലെന്ന നിലപാട് എൻ. ജി. ഒ. യൂണിയൻ സ്വീകരിച്ചതിനെ തുടർന്നാണ് കേന്ദ്രനിരക്കിലുള്ള 196 രൂപ ഈ വിഭാഗം ജീവനക്കാർക്ക് നൽകാൻ തയ്യാറായത്. ഇതര വിഭാഗം ജീവനക്കാർക്ക് കാര്യമായ നേട്ടങ്ങളൊന്നുമുണ്ടായിരുന്നില്ല.

വലതുപക്ഷ സർക്കാരുകൾ കേരളത്തിൽ അധികാരത്തിലിരുന്ന ഘട്ടങ്ങളിലെല്ലാം സമയബന്ധിത ശമ്പള പരിഷ്ക്കരണം തർക്കപ്രശ്നമാക്കി നീട്ടിക്കൊണ്ടുപോകാനോ നിഷേധിക്കാനോ ശ്രമിച്ചിട്ടുണ്ട്. 1978-ലും 1983-ലും അനിശ്ചിതകാല പണിമുടക്കങ്ങൾക്കുശേഷമാണ് ശമ്പളപരിഷ്ക്കരണം നടപ്പിലായത്. 01.07.1983 മുതൽ ശമ്പളം പരിഷ്ക്കരിക്കുന്നതിന് 1983

2002 മാർച്ച് 1 മുതൽ എട്ടാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കേണ്ടതിനു മുൻപ് തന്നെ കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയാണെന്ന വാദം ഉയർത്തി എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ ജീവനക്കാർക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. കോവളത്ത് ചേർന്ന യു.ഡി.എഫ്. ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം 2002 ജനുവരി 16 – ന് സംസ്ഥാന ജീവനക്കാർ അനുഭവിച്ചിരുന്ന ഏതാണ്ട് എല്ലാ ആനുകൂല്യങ്ങളും അപഹരിച്ചുകൊണ്ട് ഉത്തവിറക്കി. സർക്കാർ നടപടിക്കെതിരെ നടന്ന സമാനതകളില്ലാത്ത പ്രക്ഷോഭം യു.ഡി.എഫ്. സർക്കാരിന്റെ ജനകീയ അടിത്തറ തന്നെ ഇളക്കാൻ പര്യാപ്തമായിരുന്നു.

ഏപ്രിൽ മാസം കമ്മീഷനെ നിയോഗിച്ചെങ്കിലും കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചു നൽകി ശമ്പള പരിഷ്ക്കരണം നിഷേധിക്കാനാണ് യു.ഡി.എഫ്. സർക്കാർ ശ്രമിച്ചത്. ഇതിനെതിരെ 1984 ഫെബ്രുവരിയിലും 1985 ആഗസ്റ്റിലും നടന്ന രണ്ട് അനിശ്ചിതകാല പണിമുടക്കങ്ങൾക്കൊടുവിലാണ് 1985 ഓഗസ്റ്റ് 17-ന് ശമ്പള പരിഷ്ക്കരണ ഉത്തരവ് പുറപ്പെടുവിച്ചത്. പക്ഷേ, 01.07.1983 മുതൽ 31.03.1985 വരെയുള്ള 21 മാസക്കാലത്തെ കുടിശ്ശിക ജീവനക്കാർക്ക് നിഷേധിച്ചുകൊണ്ടാണ് യു.ഡി.എഫ്. സർക്കാർ പരിഷ്ക്കരണം നടപ്പിലാക്കിയത്. യു.ഡി.എഫ്. സർക്കാർ ജീവനക്കാരോട് കാണിച്ച കൊടിയ വഞ്ചനയെ ന്യായീകരിക്കുന്ന സമീപനമാണ് അന്നും സെറ്റോ സ്വീകരിച്ചത്.

1988-ൽ അഞ്ചാം പരിഷ്ക്കരണത്തിന് സമയമായപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരായിരുന്നു അധികാരത്തിൽ. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സമഗ്രമായി പരിശോധിച്ച് സമർപ്പിക്കപ്പെട്ടതായിരുന്നു കമ്മീഷന്റെ റിപ്പോർട്ട്. 01.07.1988 മുതൽ പ്രാബല്യം നൽകി സർക്കാർ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി. 1983-ൽ യു.ഡി.എഫ്. അട്ടിമറിച്ച അഞ്ചുവർഷ തത്വം പാലിച്ചുകൊണ്ടായിരുന്നു അഞ്ചാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയത്. ഈ പരിഷ്ക്കരണത്തിലാണ് ആദ്യമായി മാസ്റ്റർ സ്കെയിൽ നടപ്പിലാക്കിയത്. ഇൻക്രിമെന്റ് നിരക്കുകൾ വർദ്ധിപ്പിച്ചു. ക്ലാസ് ഫോർ ജീവനക്കാർക്ക് കേന്ദ്ര നിരക്കിനേക്കാൾ ഉയർന്ന സ്കെയിൽ അനുവദിച്ചു. എൻ.ജി.ഒ.മാർക്ക് മൂന്നാമത്തെ ഗ്രേഡ് അനുവദിക്കുകയും സമയബന്ധിത ഹയർ ഗ്രേഡിന് പ്രൊമോഷന് തുല്യമായ സ്കെയിലും അനുവദിച്ചു. വർഷത്തിൽ നാലു തവണയായി പരമാവധി 45 ദിവസം ആർജിതാവധി സറണ്ടർ ചെയ്യാൻ അവസരമൊരുക്കി. മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് വ്യവസ്ഥകൾ ഉദാരമാക്കുകയും പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്ക്കരിക്കുകയും ചെയ്തു. പാർട്ടൈം ജീവനക്കാർക്ക് വേതനവും ലീവ് ആനുകൂല്യങ്ങളും പുതുക്കുകയും ഗ്രാറ്റുവിറ്റിയും ലീവ് സറണ്ടറും അനുവദിച്ച് ഉത്തരവാകുകയും ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പൊതു മാനദണ്ഡം ആവിഷ്ക്കരിക്കുകയും ചെയ്തു. ശമ്പള പരിഷ്ക്കരണ ചരിത്രത്തിൽ ജീവനക്കാർക്ക് ദീർഘകാല പ്രയോജനം ലഭിച്ച പരിഷ്ക്കരണമായിരുന്നു എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയത്. 1991-ൽ രാജീവ് ഗാന്ധിയുടെ മരണത്തെത്തുടർന്നുണ്ടായ സഹതാപ തരംഗത്താൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ പ്രകടന പത്രികയിലെ വാഗ്ദാനം നടപ്പിലാക്കാനെന്ന പേരിൽ 1992-ൽ പേ ഇകൃലൈസേഷൻ നടപ്പിലാക്കി. 1993-ൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്ക്കരണത്തിന് ബദലാകരുതെന്ന കേരള എൻ.ജി.ഒ. യൂണിയന്റെ ആവശ്യത്തെ നിരാകരിച്ചുകൊണ്ടാണ് ധനമന്ത്രിയായിരുന്ന ഉമ്മൻചാണ്ടിയുടെ കാർമ്മികത്വത്തിൽ പേ ഇകൃലൈസേഷൻ നടപ്പിലാക്കിയത്. 1988-ലെ പരിഷ്ക്കരണത്തിലൂടെ ജീവനക്കാർക്ക് ലഭിച്ച മെച്ചപ്പെട്ട എല്ലാ ആനുകൂല്യങ്ങളും തകർത്തെറിയുന്നതായിരുന്നു പേ ഇകൃലൈസേഷൻ. ഉയർന്ന ഇൻക്രിമെന്റ് നിരക്കും മാസ്റ്റർ സ്കെയിലും ഇല്ലാതാക്കി. 45 ദിവസത്തെ ലീവ് സറണ്ടർ വെട്ടിക്കുറച്ചു. ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കാത്തതിനാൽ വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങളിൽ വൻ നഷ്ടം നേരിട്ടു. തസ്തികകൾ തമ്മിലുള്ള ബന്ധവും തുല്യതയും നഷ്ടപ്പെടുത്തി. എന്നാൽ കേന്ദ്രത്തിൽ നിലവിലുണ്ടായിരുന്ന വീടുവാടക ബത്ത, വിദ്യാഭ്യാസ അലവൻസ് എന്നിവ ജീവനക്കാർക്ക് അനുവദിക്കാൻ സർക്കാർ തയ്യാറായതുമില്ല. ഫലത്തിൽ കേരളത്തിൽ നിലവിലുണ്ടായിരുന്ന മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും കേന്ദ്രത്തിൽ നൽകിവന്നിരുന്ന മെച്ചപ്പെട്ട അലവൻസുകൾ നിഷേധിക്കുന്നതുമായിരുന്നു പേ ഇകൃലൈസേഷൻ. എന്നാൽ ഈ ചതിക്കുഴി തിരിച്ചറിയാൻ സിവിൽ സർവ്വീസിലെ ചില സംഘടനകൾക്ക് കഴിയാതെപോയി.

1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്താണ് ഏഴാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയത്. പേ ഇകൃലൈസേഷൻ നടപ്പിലാക്കി കൃത്യം അഞ്ച് വർഷം തികഞ്ഞ 01.03.1997 മുതൽ പ്രാബല്യം നൽകിക്കൊണ്ട് ശമ്പളപരിഷ്ക്കരണം നടപ്പിലാക്കി. പേ ഇകൃലൈസേഷനിലൂടെ തകർത്ത വേതന ഘടന പുന:സ്ഥാപിക്കാനുതകുന്നതായിരുന്നു എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ പരിഷ്ക്കരണം. ആദ്യത്തെ നാല് സ്കെയിലുകൾ കേന്ദ്രത്തിനേക്കാൾ ഉയർന്നതായി 11 സ്കെയിലുകളിൽ തുല്യത അനുവദിച്ചു. ഈ വേതന പരിഷ്ക്കരണത്തോടെ പേ ഇകൃലൈസേഷനും സമഗ്രമായ വേതന പരിഷ്ക്കരണവും തമ്മിലുള്ള അജഗജാന്തരം ജീവനക്കാർക്ക് ബോധ്യമായെങ്കിലും ഇതിനെയും അധിക്ഷേപിക്കാൻ സെറ്റോക്കാരും മറ്റു ചിലരും മുന്നോട്ടു വന്നിരുന്നു. 2002 മാർച്ച് 1 മുതൽ എട്ടാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കേണ്ടതിനു മുൻപ് തന്നെ കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയാണെന്ന വാദം ഉയർത്തി എ.കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാർ ജീവനക്കാർക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. കോവളത്ത് ചേർന്ന യു.ഡി.എഫ്. ഉന്നതാധികാര സമിതിയുടെ തീരുമാനപ്രകാരം 2002 ജനുവരി 16-ന്

സംസ്ഥാന ജീവനക്കാർ അനുഭവിച്ചിരുന്ന ഏതാണ്ട് എല്ലാ ആനുകൂല്യങ്ങളും അപഹരിച്ചുകൊണ്ട് ഉത്തവിറക്കി. സർക്കാർ നടപടിക്കെതിരെ നടന്ന സമാനതകളില്ലാത്ത പ്രക്ഷോഭം യു.ഡി.എഫ്. സർക്കാരിന്റെ ജനകീയ അടിത്തറ തന്നെ ഇളക്കാൻ പര്യാപ്തമായിരുന്നു.

മുപ്പത്തിരണ്ട് ദിവസത്തെ പണിമുടക്കിനെ തുടർന്ന് കവർന്നെടുക്കപ്പെട്ട ആനുകൂല്യങ്ങളിൽ ചിലത് പുന:സ്ഥാപിച്ചെങ്കിലും ശമ്പള പരിഷ്ക്കരണം നിഷേധിക്കാനാണ് എ. കെ. ആന്റണിയും തുടർന്നു വന്ന ഉമ്മൻചാണ്ടി സർക്കാരും ശ്രമിച്ചത്. ജീവനക്കാർ എൻ. ജി. ഒ. യൂണിയന്റെ നേതൃത്വത്തിൽ അതിശക്തമായ പ്രക്ഷോഭങ്ങൾ ആരംഭിച്ചതിനെത്തുടർന്ന് മൂന്ന് വർഷങ്ങൾക്കു ശേഷമാണ് കമ്മീഷനെ നിയമിച്ചത്. 2006 മാർച്ചിൽ നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് എട്ടാം ശമ്പളപരിഷ്ക്കരണം ഉമ്മൻചാണ്ടി സർക്കാർ ഉത്തരവാക്കിയപ്പോഴാകട്ടെ 01.03.2002 മുതൽ നടപ്പിലാക്കേണ്ട പരിഷ്ക്കരണത്തിന്റെ സാമ്പത്തികാനുകൂല്യം 01.04.2005 മുതൽ മാത്രമാക്കി പരിമിതപ്പെടുത്തുകയാണ് ചെയ്തത്. 37 മാസത്തെ കുടിശ്ശികയാണ് യു.ഡി.എഫ്. സർക്കാർ ജീവനക്കാർക്ക് നിഷേധിച്ചത്. വീണ്ടും യു.ഡി.എഫ്. ഭരണത്തിൽ ശമ്പള പരിഷ്ക്കരണത്തിന്റെ അഞ്ചുവർഷ തത്വം അട്ടിമറിക്കപ്പെട്ടു. നടപ്പിലാക്കിയ പരിഷ്ക്കരണമാകട്ടെ പാർട്ടൈം അടക്കമുള്ള താഴെത്തട്ടിലുള്ള ജീവനക്കാർക്ക് വരുമാന നഷ്ടം വരുത്തുന്നതായിരുന്നു. 2006-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ് ഈ നഷ്ടം നികത്തി പാർട്ടൈംകാരുടെയും ആദ്യത്തെ ആറ് സ്കെയിലുകാരുടെയും ആനുകൂല്യം വർദ്ധിപ്പിച്ചത്.

2006-ലെ എൽ. ഡി. എഫ്. സർക്കാർ 01.07.2009 മുതൽ പ്രാബല്യം നൽകി വേതനം പരിഷ്ക്കരിക്കാൻ തയ്യാറായി. ഇതിനായി കമ്മീഷനെ നിയമിച്ച് റെക്കോർഡ് വേഗത്തിലാണ് റിപ്പോർട്ട് വാങ്ങി നടപ്പിലാക്കിയത്. കുടിശ്ശിക ആകെ അനുവദിക്കുകയും ചെയ്തു. 2014 ജൂലൈ 1 മുതൽ ശമ്പളം പരിഷ്ക്കരിക്കുമെന്ന് പ്രഖ്യാപിച്ച് ഉമ്മൻചാണ്ടി സർക്കാർ 2013 നവംബർ മാസത്തിൽ കമ്മീഷനെ നിയമിച്ചു. 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫിന് അനുകൂലമായി ജീവനക്കാരുടെ വിധിയെഴുത്ത് ഉണ്ടാകാനായിരുന്നു ഈ മുൻകൂർ പ്രഖ്യാപനമെന്ന് പിന്നീട് വെളിപ്പെട്ടു. കേരളത്തിലെ ശമ്പള പരിഷ്ക്കരണ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ കാലാവധിയെടുത്താണ് കമ്മീഷൻ റിപ്പോർട്ട് ഭാഗികമായി സമർപ്പിച്ചത്. അതും കേരള എൻ.ജി.ഒ. യൂണിയന്റെ നേതൃത്വത്തിൽ നിരവധി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിക്കുകയും ചെയ്തതിനു ശേഷം. യു.ഡി.എഫ്. സർക്കാരിന്റെ കാലാവധിക്കുള്ളിൽ ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം അനുവദിക്കാതിരിക്കാനുള്ള ആസൂത്രിത നീക്കമാണ് നടത്തിയത്. ശമ്പളപരിഷ്ക്കരണം ഉത്തരവായപ്പോഴാകട്ടെ കുടിശ്ശികയുടെ ബാധ്യത അടുത്തു വരുന്ന സർക്കാരിന്റെ ചുമലിൽ കെട്ടിവയ്ക്കുകയാണുണ്ടായത്. ഒപ്പം അടുത്ത ശമ്പളപരിഷ്ക്കരണം പത്ത് വർഷം കഴിഞ്ഞ് മതിയെന്ന കമ്മീഷന്റെ പ്രതിലോമ ശുപാർശ തള്ളിക്കളയാനും തയ്യാറായില്ല.

ഈ സാഹചര്യത്തിലാണ് 2016 മെയ് മാസത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലേറുന്നത്. യു.ഡി.എഫിൽ നിന്നും വ്യത്യസ്തമായി പ്രകടപത്രികയിൽ തന്നെ അഞ്ചു വർഷതത്വം പാലിച്ച് ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുമെന്ന് എൽ.ഡി.എഫ്. പ്രഖ്യാപിച്ചിരുന്നു. 2019-20 വർഷത്തെ ബഡ്ജറ്റ് അവതരണ വേളയിൽ സമയബന്ധിത വേതന പരിഷ്ക്കരണം നടപ്പിലാക്കുമെന്ന് സർക്കാർ വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇതര രാഷ്ട്രീയ സംവിധാനങ്ങളിൽ നിന്നും വ്യത്യസ്തമായി തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്കു മുന്നിൽ അവതരിപ്പിച്ച പ്രകടനപത്രികയോട് അങ്ങേയറ്റത്തെ സത്യസന്ധത പുലർത്തിപ്പോരുന്ന ഇടതുപക്ഷം ജീവനക്കാരുടെ വേതന പരിഷ്ക്കരണം യാഥാർത്ഥ്യമാക്കുമെന്നതിൽ സംശയമില്ല. ഈ സർക്കാരിന്റെ മൂന്ന് വർഷക്കാലത്തെ പ്രവർത്തനങ്ങൾ സാക്ഷ്യപ്പെടുത്തുന്നതും അതാണ്. മറ്റെല്ലാ മേഖലയിലും എന്നപോലെ സിവിൽ സർവ്വീസിനെയും സംരക്ഷിക്കാനും ശാക്തീകരിക്കാനുമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. നവലിബറൽ നയങ്ങളുടെ വക്താക്കൾ തസ്തിക വെട്ടിക്കുറയ്ക്കാനും സ്ഥിരം നിയമനങ്ങൾ ഒഴിവാക്കാനും വേതനം മരവിപ്പിക്കാനും ആനുകൂല്യങ്ങൾ നിഷേധിക്കാനും പരിശ്രമിക്കുമ്പോൾ ബദൽ നയങ്ങളുടെ നിർവ്വഹണത്തിൽ സിവിൽ സർവ്വീസിന്റെ പങ്ക് തിരിച്ചറിഞ്ഞ് സിവിൽ സർവ്വീസിനെ ശക്തിപ്പെടുത്താനാണ് എൽ. ഡി. എഫ്. സർക്കാർ ശ്രമിച്ചത്. ഇരുപത്തയ്യായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചും ഒന്നേകാൽ ലക്ഷത്തോളം പുതിയ നിയമനങ്ങൾ നടത്തിയും സിവിൽ സർവ്വീസിനെ ശക്തിപ്പെടുത്തിയ സർക്കാർ പങ്കാളിത്ത പെൻഷൻ പുനപരിശോധിക്കാൻ സമിതിയെ നിയോഗിച്ച് വാഗ്ദാനം പാലിച്ചു. ജീവനക്കാരുടെ ദീർഘകാല ആവശ്യമായിരുന്ന ആരോഗ്യ ഇൻഷ്വറൻസ് യാഥാർത്ഥ്യമാക്കി. യു.ഡി.എഫ്. നിഷേധിച്ച വേതന പരിഷ്ക്കരണ കുടിശ്ശിക അനുവദിച്ച് അവസാന ഗഡു റൊക്കം പണമായി നൽകി. ക്ഷാമബത്ത കുടിശ്ശിക റൊക്കം പണമായി നൽകുന്ന പുതിയ മാതൃകയും സൃഷ്ടിച്ചിരിക്കുന്നു. ഈ സർക്കാരും ഇതര ഇടതുപക്ഷ സർക്കാരുകളും സിവിൽ സർവ്വീസിനോട് പുലർത്തിയ ആഭിമുഖ്യം തൊഴിലെടുത്ത് ജീവിക്കുന്നവരോടുള്ള വർഗ്ഗപരമായ ഐക്യപ്പെടലാണ്. അതിനാൽ സമയബന്ധിത ശമ്പള പരിഷ്ക്കരണമടക്കമുള്ള ആനുകൂല്യങ്ങൾ എൽ.ഡി.എഫ്. സർക്കാർ അനുവദിക്കുമെന്ന കാര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ■

യു. ഡി. എഫിൽ നിന്നും വ്യത്യസ്തമായി പ്രകടപത്രികയിൽ തന്നെ അഞ്ചു വർഷതത്വം പാലിച്ച് ജീവനക്കാരുടെ വേതനം പരിഷ്ക്കരിക്കുമെന്ന് എൽ. ഡി. എഫ്. പ്രഖ്യാപിച്ചിരുന്നു. 2019-20 വർഷത്തെ ബഡ്ജറ്റ് അവതരണ വേളയിൽ സമയബന്ധിത വേതന പരിഷ്ക്കരണം നടപ്പിലാക്കുമെന്ന് സർക്കാർ വ്യക്തമാക്കുകയും ചെയ്തിരുന്നു.

◆ സിദ്ധിക്ക് റാബിയത്ത്

ബജറ്റ് 2019 നിർമ്മലമോ? ബജറ്റിലെ സകാരാത്മക ഇടപെടലുകൾ പരിശോധിക്കുമ്പോൾ

നരേന്ദ്രമോദി 2.0 സർക്കാരിന്റെ ആദ്യ ബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ ജൂലൈ 5 വെള്ളിയാഴ്ച ലോക്സഭയിൽ അവതരിപ്പിച്ചു. ഗ്രാമം, ദരിദ്രർ, കർഷകർ എന്നിവരാണ് ഈ സർക്കാരിന്റെ എല്ലാ നയങ്ങളുടെയും കേന്ദ്രസ്ഥാനത്ത് എന്നാണ് ധനമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. എന്നാൽ കൃഷിക്കാരും ദരിദ്രരും ഗ്രാമങ്ങളും എത്തരത്തിലാണ് കേന്ദ്രങ്ങളാകുന്നത് അഥവാ ഇവർ കൂടുതൽ ദുരിതവൽക്കരിക്കപ്പെടുമോ അതോ ദുരിതങ്ങളിൽ നിന്നും കരകയറുമോ എന്നത് ഈ പ്രഖ്യാപനത്തിൽ നിന്ന് വ്യക്തമല്ല. രണ്ട് പ്രധാന മുദ്രാവാക്യങ്ങളിൽ ഊന്നിയാണ് ഈ ബജറ്റിനെ ഞാൻ വിലയിരുത്തുന്നത്. ഒന്ന് ഗ്രാമം, ദരിദ്രർ, കർഷകർ എന്ന കാഴ്ചപ്പാടും രണ്ട് ഇന്ത്യ വൻ സാമ്പത്തിക ശക്തിയായി മാറും പ്രത്യേകിച്ചും അഞ്ച് ട്രില്യൺ സമ്പദ്ഘടന എന്ന നിലപാടും. ഇന്ത്യ അഞ്ച് ട്രില്യൺ ഡോളർ സമ്പദ്വ്യവസ്ഥയായി മാറുന്നതിന്റെ അർത്ഥമെന്താണ്? ഒരു സമ്പദ്വ്യവസ്ഥയുടെ വലുപ്പത്തെയും വളർച്ചയെയും വാർഷിക മൊത്ത ആഭ്യന്തര ഉൽപ്പാദനം അഥവാ ജിഡിപി യുടെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. സമ്പദ്വ്യവസ്ഥയുടെ വലുപ്പം നമ്മെ കൂടുതൽ സമ്പന്നമാക്കുമെന്നുള്ള ചിന്തയാണ് വലിയ സമ്പദ്വ്യവസ്ഥയാകണം എന്ന ആഗ്രഹം എല്ലാവരിലും ഉണർത്തുന്നത്. ജിഡിപി നിർണ്ണയിക്കുന്നതിന് സമ്പദ്വ്യവസ്ഥയിൽ ഉൽപാദിപ്പിക്കുന്ന എല്ലാ സാധനസേവനങ്ങളുടെയും മൊത്തം പണമൂല്യം ആളുകൾ സമ്പാദിച്ച എല്ലാ വരുമാനവും കൂട്ടിച്ചേർത്തോ, സമ്പദ്വ്യവസ്ഥയിലെ മുഴുവൻ എൻറിറ്റികൾ (സർക്കാർ ഉൾപ്പെടെ) നടത്തിയ എല്ലാ ചെലവുകളും കൂട്ടിയോ, ഉൽപാദന രീതി വഴിയോ (ഓരോ ഘട്ടത്തിലും നടന്ന മൂല്യവർദ്ധനവ് കൂട്ടിച്ചേർത്ത്) നിർണ്ണയിക്കാവുന്നതാണ്. 2024 ൽ ഇന്ത്യക്ക് അഞ്ച് ട്രില്യൺ കൈവരിക്കണമെങ്കിൽ രാജ്യം 12% നാമമാത്ര വളർച്ച കൈവരിക്കുകയും (8% യഥാർത്ഥ ജിഡിപി വളർച്ച) 5 ശതമാനത്തിനു താഴെ മാത്രം പണപ്പെരുപ്പം അനുവദനീയമായാൽ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ എന്നർത്ഥം. ഇന്ത്യയിലെ എക്കാലത്തെയും മികച്ച വളർച്ച കാലഘട്ടമായ 2000-2008 കാലഘട്ടത്തിൽ പോലും ശരാശരി 8 ശതമാനത്തിനും താഴെയാണ് എന്നത് ഓർക്കേണ്ടതുണ്ട്. ആ കാലഘട്ടത്തിൽ കാർഷിക-വ്യാവസായിക- സേവനമേഖല എല്ലാം തന്നെ മികച്ച വളർച്ചയാണ് കാഴ്ചവച്ചത്. എന്നാൽ അങ്ങേയറ്റം പ്രതിസന്ധിയിലായിരിക്കുന്ന കാർഷികമേഖലയും വ്യവസായമേഖലയും കുറഞ്ഞതോതിലുള്ള വളർച്ചയുള്ള (2000-2008 കാലഘട്ടത്തെ അപേക്ഷിച്ച് പകുതിയിൽ താഴെ മാത്രമേ ഇപ്പോൾ ശരാശരി വളർച്ചയുള്ളൂ) സാഹചര്യത്തിൽ എപ്രകാരമാണ് ഇത് സാധ്യമാക്കുക എന്നത് വലിയ ചോദ്യമാണ്. 2018 ലെ കണക്കനുസരിച്ച് ഇന്ത്യ ലോകത്തെ ജിഡിപി കണക്കനുസരിച്ച് എവിടെയാണ് എന്ന് മനസ്സിലാക്കിയാൽ മാത്രമെ ഈ പറച്ചിലിന്റെ ഗൗരവം നമുക്ക് മനസ്സിലാകുകയുള്ളൂ (പട്ടിക കാണുക).

ഇനി ഇന്ത്യ 2024 ഓടെ ജിഡി

പിയിൽ 5 ട്രില്യൺ ആയാൽ തന്നെ ഇന്ത്യയുടെ ആളോഹരി ജിഡിപി വാങ്ങൽശേഷി അനുസരിച്ച് 3000 ഡോളറിനു മുകളിൽ എത്തുകയുള്ളൂ. ഇത് ഇന്നത്തെ (2018 ലെ) ഇന്തോനേഷ്യയുടെ വാങ്ങൽ ശേഷി അനുസരിച്ചുള്ള ആളോഹരി വരുമാനത്തെക്കാൾ വളരെ കുറവായിരിക്കും. അപ്പോൾ അമേരിക്കയുടേതും ചൈനയുടേതും എത്രയാകുമെന്ന് മുകളിലെ സ്ഥിതി വിവരക്കണക്കനുസരിച്ച് അനുമാനിക്കാവുന്നതാണ്. ഇത് സാധ്യമായാൽ നല്ലത്. എന്നാൽ അതിനുതകുന്ന സർക്കാർ ഫിസ്കൽ നയങ്ങൾ ഇല്ലാതെ എങ്ങനെ സാധ്യമാകും എന്ന് ഏത് സാമ്പത്തിക വീക്ഷണത്തിലാണ് എന്നത് മാത്രമെ സംശയമുള്ളൂ. മറ്റൊരു കാര്യം ഇപ്പോഴത്തെ 7.5 ശതമാനം വളർച്ചാനിരക്ക് (ഇത് റിയലാണോ എന്ന ചർച്ച നിലനിൽക്കെത്തന്നെ) എന്ന ടാർഗറ്റ് തൃപ്തികരമാണ്. പക്ഷേ ഇരട്ട അക്ക വളർച്ച ലക്ഷ്യത്തിലെത്തുന്നില്ല എങ്കിൽ പ്രത്യേകിച്ചും കഴിഞ്ഞ അഞ്ചുവർഷത്തെ വളർച്ചാ നിരക്കിന്റെ പാതയായ 7.4, 8.0, 8.2, 7.2, 6.8 ശതമാനം നോക്കിയാൽ തന്നെ 2024 ലക്ഷ്യം സഫലീകരിക്കാനാകുമോ. നോട്ട് നിരോധന-ജി എസ്ടിയാനന്തര ഇന്ത്യയുടെ വളർച്ച താഴേക്കാകുമ്പോൾ മോദി 2.0 തങ്ങളുടെ ടാർഗറ്റ് നേടാൻ വിയർക്കും.

സർക്കാരിന്റെ സാമൂഹ്യക്ഷേമപദ്ധതികൾക്കായുള്ള ബജറ്റ് വിഹിതത്തിൽ പ്രത്യേകിച്ചും പെൻഷൻപദ്ധതികളിലും മുദ്ര-എസ്.എച്ച്.ജി. മേഖലയിൽ സ്ത്രീകൾക്കായുള്ള മുൻഗണനയും വിദ്യുച്ഛക്തി ലഭ്യമാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങളുമാണ് ഹൈലൈറ്റ്. എന്നാൽ കേന്ദ്രപദ്ധതികളിൽ കോർ സ്കീമുകളായ ദേശീയ സാമൂഹിക സഹായപദ്ധതിയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഉൾപ്പെടെയുള്ള ആറ് പ്രധാന സ്കീമുകൾ എടുക്കുകയാണെങ്കിൽ, നാമമാത്രമായ വിഹിതം മാത്രമാണ് ഈ ബജറ്റിലുള്ളത്. 2018-19 ൽ 84,361 കോടി രൂപയായിരുന്ന പദ്ധതികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2019-20 ൽ 81,863 കോടി രൂപയായി കുറയുമെന്നത് കൂടുതൽ ഉൽക്കണ്ഠാകുലമാക്കുകയാണ് കാര്യങ്ങളെ. ഇനി മൂന്ന് ശതമാനമെങ്കിലും പണപ്പെരുപ്പത്തെ അനുവദിച്ച് ഈ കണക്കുകൾ പരിശോധിച്ചാൽ അനുവദിച്ചിരിക്കുന്ന തുക അങ്ങേയറ്റം പിന്തിരിപ്പനാണ്. അപ്പോൾ എങ്ങനെയാണ് ഗ്രാമം, ദരിദ്രർ, കർഷകർ എന്ന മുദ്രാവാക്യം സാർത്ഥകമാകുക?

രാജ്യങ്ങൾ	2018 ജിഡിപി ട്രില്യനിൽ	2018 ജിഡിപി പ്രതിശീർഷവരുമാനം ഡോളറിൽ
ഇന്ത്യ	2.72	2,015
യു.എസ്.എ.	20.49	62,641
ചൈന	13.60	9,770
ജപ്പാൻ	4.97	39,286
ജർമ്മനി	3.99	48,195
യു.കെ.	2.82	42,491
ഇന്തോനേഷ്യ	1.04	3,893
ബംഗ്ലാദേശ്	0.27	1,698

അവലംബം : ലോകബാങ്ക്

പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന, വ്യാവസായിക ഇടനാഴികൾ, സമർപ്പിത ചരക്ക് ഇടനാഴികൾ, ഭരത്മാല, സാഗർമല, ജൽ മാർഗ് വികാസ് (ഉൾനാടൻ ജലപാതകൾ) ഉദയൻ പദ്ധതികൾ എന്നിവയിലൂടെ ഭൗതിക സാഹചര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള തീരുമാനം ബജറ്റ് മുന്നോട്ടുവയ്ക്കുന്നു. എന്നാൽ പ്രധാൻമന്ത്രി ഗ്രാമ സഡക് യോജനയ്ക്കുള്ള ബജറ്റ് വിഹിതവും പ്രധാൻമന്ത്രി ആവാസ് യോജനയുടെ 2018-19 വിഹിതവും 2019-20 ൽ കുറവാണ്. ഈ പദ്ധതികൾ എല്ലാം തന്നെ പ്രധാനമായും കർഷക വരുമാനത്തെ പിന്തുണക്കുന്ന പദ്ധതികളാണല്ലോ. അപ്പോൾ എപ്രകാരമാണ് വളർച്ചയും പുരോഗതിയും സാധ്യമാകുന്നത് എന്ന ചോദ്യം ബാക്കിയാകുന്നു. ഇതിൽ എടുത്തുപറയേണ്ടുന്ന കാര്യം ഓരോ കുടുംബത്തിനും 6000 രൂപ വീതം തെരഞ്ഞെടുപ്പിന് മുമ്പ് നൽകിയ/വകയിരുത്തിയ 75000 കോടി യഥാർത്ഥത്തിൽ മറ്റ് തൊഴിൽ-ഗാർഹിക വരുമാനപദ്ധതികളിൽ നിന്നുള്ള വകമാറ്റി ചിലവഴിക്കൽ മാത്രമാണ്. ഫലത്തിൽ, ത്വരിതപ്പെടുത്തിയ, സമഗ്രവും സുസ്ഥിരവുമായ വികസനത്തിന്റെ വാചാടോപത്തിന് പരിമിതമായ സാമ്പത്തിക പിന്തുണ മാത്രമേ ലഭിക്കുന്നുള്ളൂ.

പെട്രോൾ, ഡീസൽ എന്നിവയുടെ തീരുവയും സെസ്സും ലിറ്ററിന് 2 രൂപയാണ് ബജറ്റിലൂടെ വർദ്ധിപ്പിച്ചതെങ്കിലും ലെവി ഇനത്തിൽ 5 രൂപ വരെ വർദ്ധിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് ബജറ്റ് കഴിഞ്ഞ് ഏതാനും മണിക്കൂറുകൾ പോലും കാക്കാതെ രണ്ടര രൂപ പെട്രോളിനും 2 രൂപ ഡീസലിനും കൂടിയത്. വരും ദിനങ്ങളിൽ ഇത് വർദ്ധിക്കും. കാരണം ഇന്ധനങ്ങളിൽ റോഡ്, ഇൻഫ്രാസ്ട്രക്ചർ സെസ്സ് ഇനത്തിൽ ലിറ്ററിന് ഒരു രൂപ വീണ്ടും വർദ്ധിക്കും. അതിനാൽ തന്നെ അടിയന്തിരമായി പെട്രോളിന് ലിറ്ററിന് 8 രൂപയും ഡിസലിന് 9 രൂപയും വർദ്ധിക്കുമെന്നതിലും സംശയമില്ല. ഇന്ധനത്തിനുള്ള നികുതി വർദ്ധനവ് മൂലം ഒരു വർഷം 30000 കോടി രൂപയാണ് വരുമാനമായി ലഭിക്കുക എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. സാധാരണക്കാരെ ഒരു ദാക്ഷിണ്യവുമില്ലാതെ പിഴിയുന്ന നയമാണ് നിർമ്മലമായ ബജറ്റ് എന്ന തരത്തിലുള്ള അവതരണങ്ങളിലൂടെ മാധ്യമങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. ഇത് നഗ്നമായ കൊള്ളയടിയാണ് എന്നതിൽ തർക്കമില്ല.

പൊതുമേഖലാ ബാങ്കുകൾ നേരിടുന്ന നോൺ പെർഫോമിംഗ് അസറ്റ് പ്രശ്നങ്ങൾ പരിഹരിച്ചതി

പെട്രോൾ, ഡീസൽ എന്നിവയുടെ തീരുവയും സെസ്സും ലിറ്ററിന് 2 രൂപയാണ് ബജറ്റിലൂടെ വർദ്ധിപ്പിച്ചതെങ്കിലും ലെവി ഇനത്തിൽ 5 രൂപ വരെ വർദ്ധിപ്പിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പശ്ചാത്തലത്തിലാണ് ബജറ്റ് കഴിഞ്ഞ് ഏതാനും മണിക്കൂറുകൾ പോലും കാക്കാതെ രണ്ടര രൂപ പെട്രോളിനും 2 രൂപ ഡീസലിനും കൂടിയത്. വരും ദിനങ്ങളിൽ ഇത് വർദ്ധിക്കും.

PWD IRRIGATION & LSGD EMPLOYEES'S

Co-operative Society Ltd No. T 638

Public Office Buildings, Thiruvananthapuram -33

- അംഗങ്ങൾക്ക് മിതമായ പലിശനിരക്കിൽ 7,00,000 രൂപവരെ വായ്പ അനുവദിക്കുന്നു
- നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്
- എല്ലാമാസവും **MDS** ആരംഭിക്കുന്നു.
- എല്ലാ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും **MDS** ൽ ചേരാവുന്നതാണ്
- 40% വരെ വിലക്കുറവിൽ നീതി മെഡിക്കൽസ്റ്റോർ വഴി മരുന്നുകൾ നൽകുന്നു.
- നീതി പ്രൊവിഷൻ സ്റ്റോർ, ഫോട്ടോകോപ്പി സ്റ്റാൾ, ഫ്രഷ് ജ്യൂസ് പാർലർ എന്നിവ നടത്തുന്നു.
- സംഘത്തിന്റെ കാർ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുന്നു
- ഹയർ പർച്ചേയ്സ് വ്യവസ്ഥയിൽ കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകുന്നു
- ജില്ലാ സഹകരണ ബാങ്കിന്റെ 2015 ലെ മികച്ച സഹകരണസംഘത്തിനുള്ള അവാർഡ് നേടിയ സ്ഥാപനം

എം. അജയകുമാർ
പ്രസിഡന്റ്

കെ. ഭുവനേശ്വരി
സെക്രട്ടറി

നോൺ-ഡെറ്റ് വരുമാനമായി സർക്കാർ കാണുന്നത് ഈ വർഷം 1.05 ലക്ഷം കോടി പൊതുമേഖല ഓഹരി വിറ്റഴിക്കലിലൂടെയാണ്. ഇതിലൂടെ രാജ്യത്ത് 70 വർഷക്കാലമായോ അതിന് മുകളിലോ ആയി സ്വായത്തമാക്കിയ പൊതുമേഖലാസ്ഥാപനങ്ങൾ നിർദാക്ഷിണ്യം സ്വകാര്യവ്യക്തികൾക്ക് തീറെഴുതുന്നു എന്നാണ്. കഴിഞ്ഞ വർഷങ്ങളിൽ മോദി തുടർന്ന് തന്ത്രപരമായ വിൽപ്പന ഇനിയും തുടരും. അങ്ങനെ സർക്കാർ ഓഹരി പങ്കാളിത്തം 51 ശതമാനത്തിലെത്തിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ പോലും ഇക്വിറ്റി വിൽക്കേണ്ടതാണ് എന്നാണ് ബജറ്റിലൂടെ വ്യക്തമാക്കുന്നത്.

നുശേഷം പൊതുമേഖലാ ബാങ്കുകൾക്കിടയിൽ ഏകീകരണം കൈവരിക്കുകയും പുനർമൂലധനപിന്തുണ ഇനത്തിൽ 70,000 കോടി രൂപ നൽകും. ഇത് പൊതുവിൽ ബാങ്കുകളുടെ ലികിഡിറ്റി കൂട്ടുകയും ബാങ്കുകളുടെ വായ്പ നൽകുന്നതിനുള്ള സുസ്ഥിരത ഉറപ്പാക്കുകയുമാണ്. തത്വത്തിൽ ഈ ഉറപ്പാക്കലുകൾ വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് വായ്പ സ്വീകരിക്കാനുള്ള തലത്തിലേക്കാണ് സ്ട്രക്ച്ചർ ചെയ്തിരിക്കുന്നത് എന്നതും ഇതുമൂലം പൊതുമേഖല ബാങ്കുകളാണ് മെച്ചപ്പെടുന്നത് എന്ന വാദത്തിനെ അപ്രസക്തമാകുന്നു. ഉദാഹരണത്തിന് ബാങ്കിംഗ് ഇതര ധനകാര്യകമ്പനികൾ (എൻബിഎഫ്സി) വഹിക്കുന്ന നിർണായക പങ്ക് കാരണം അടിസ്ഥാനപരമായി മികച്ച എൻബിഎഫ്സികൾ ബാങ്കുകളിൽ നിന്നും മ്യൂച്വൽ ഫണ്ടുകളിൽ നിന്നും ഫണ്ട് ലഭിക്കുന്നത് തുടരണമെന്ന് പ്രഖ്യാപിച്ച് ഈ മേഖലയിലെ പണലഭ്യത പരിഹരിക്കാൻ ശ്രമിക്കുമെന്നാണ് മന്ത്രി ബജറ്റിൽ സൂചിപ്പിച്ചത്. സാമ്പത്തികമായി മെച്ചപ്പെട്ട എൻബിഎഫ്സികളുടെ പൂൾഡ് ആസ്തികൾ വാങ്ങുന്നതിന് പൊതുമേഖലാ ബാങ്കുകൾക്ക് സർക്കാർ ഒറ്റത്തവണ, ആറുമാസത്തെ ഭാഗിക ക്രെഡിറ്റ് ഗ്യാരണ്ടി നൽകുമെന്ന് ഫിനാൻസ് മിനിസ്റ്റർ പ്രഖ്യാപിച്ചു. ഒരു പരിധിവരെ ഇപ്പോഴുള്ള നോൺ പെർഫോമിംഗ് അസ്സെറ്റിന്റെയും മറ്റ് നഷ്ട കണക്കുകളും ലളിതമാക്കാൻ ഇത്തരം ഇടപെടലുകൾ ചിലപ്പോൾ സഹായിച്ചേക്കും. എൻബിഎഫ്സിക്കുമുകളിൽ നിലവിലുള്ള റിസർവ് ബാങ്കിന്റെ പരിമിതമായ നിയന്ത്രണ അധികാരം മെച്ചപ്പെടുത്തുന്നതിനായി ഭവന ധനകാര്യകമ്പനികളെ ഇനി മുതൽ റിസർവ് ബാങ്ക് നിയന്ത്രിക്കുമെന്നാണ് ധനമന്ത്രി പ്രഖ്യാപിച്ചത്. ഇതുകൂടാതെ, പൊതുപ്രശ്നങ്ങൾക്കായി ഡിബഞ്ചർ റിഡംപ്ഷൻ റിസർവ് ഒഴിവാക്കുകപോലുള്ള എൻബിഎഫ്സി മേഖലയെ സഹായിക്കുന്ന തീരുമാനവും ബജറ്റിൽ ഉൾപ്പെടുത്തി.

എയ്ഞ്ചൽ ടാക്സ് പ്രശ്നം പരിഹരിക്കുമെന്നും സ്റ്റാർട്ടപ്പുകൾക്ക് പരിശോധന വിധേയമല്ലാതെ ഫണ്ട് സമാഹരണം സാധ്യമാക്കും എന്നതും പുതിയ സംരംഭങ്ങളെ സ്വാഗതം ചെയ്യും. കൂടാതെ സ്റ്റാർട്ടപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഫണ്ട് സ്വരൂപീകരണത്തിനുമായി പുതിയ ടിവി ചാനൽ ആരംഭിക്കും. ഇലക്ട്രിക് വാഹനങ്ങളുടെ ജിഎസ്ടി നിരക്ക് അഞ്ച് ശതമാനമായി കുറയ്ക്കാനും ഇലക്ട്രിക് വാഹനങ്ങൾ വാങ്ങാൻ എടുത്ത വായ്പയുടെ 1.5 ലക്ഷം രൂപ വരെയുള്ള പലിശക്ക് ആദായനികുതി ഇളവും അനുവദിച്ചു. ഇത് പുതിയ വ്യവസായങ്ങളെ സംരക്ഷിക്കാനാകുമെന്നാണ് പ്രതീക്ഷ നൽകുന്നത്. ബിസിനസ് പെയ്മെന്റുകൾ ഡിജിറ്റൽ ആക്കുന്നതിന്റെ ഭാഗമായി വർഷത്തിൽ ഒരു കോടിയിൽ കൂടുതലുള്ള പണ ഇടപാടോ പിൻവലിക്കലോ 2% ടിഡിഎസിന് വിധേയമാകും. 2022 ഓടെ, കണക്ഷനെടുക്കാൻ തയ്യാറാകാത്തവർ ഒഴികെയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും വൈദ്യുതിയും ശുദ്ധമായ പാചക സൗകര്യവും ഉണ്ടായിരിക്കും എന്നത് ആശ്വാസമാണ്. എന്നാൽ നേരത്തെ ഉജ്വൽ യോജനയിൽ കണക്ഷൻ ലഭിക്കുമെങ്കിലും വർദ്ധിച്ച പാചക വാതക വില ഇവരെ മെച്ചപ്പെടുത്തുമോ എന്നതും കാത്തിരുന്ന് കാണേണ്ടതാണ്.

ഇന്ത്യയുടെ വിദേശ കടം ജിഡിപി അനുപാദത്തിൽ പരിശോധിച്ചാൽ 5 ശതമാനത്തിൽ താഴെയാണ്. ആഗോളതലത്തിൽ ഏറ്റവും താഴ്ന്ന നിലയിലുള്ള വിദേശ കടമാണിത്. ഈ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് വിദേശ വായ്പ സ്വീകരിക്കുന്നതിനുള്ള തീരുമാനം ബജറ്റ് മുന്നോട്ടുവച്ചിട്ടുണ്ട്. ഇന്ദിരാ ഗാന്ധി പണ്ട് വിദേശ വായ്പ സ്വീകരിക്കുകയും പിന്നെ ധൃതിയിൽ തിരികെ അടക്കുകയും ചെയ്തത് ചരിത്രം. ഇപ്പോൾ ആർക്കുവേണ്ടിയാണ് വിദേശത്തുനിന്നും ഈ വായ്പ ഓപ്പൺ മാർക്കറ്റിൽ നിന്നും സ്വീകരിക്കുന്നത് എന്നതും സംശയമാണ്. കാരണം കർഷകർക്കോ, തൊഴിലാളികൾക്കോ, ഗ്രാമീണർക്കോ, അസംഘടിത തൊഴിൽ മേഖലക്കോ ഗുണപരമായ സാമൂഹിക സുരക്ഷാ മുൻനിർത്തുന്ന വ്യക്തമായ നയം മുന്നോട്ടുവയ്ക്കാതെ വിദേശ വായ്പ സ്വീകരിക്കുന്നത് ആർക്ക് വേണ്ടിയായിരിക്കും എന്നതും കാലം തെളിയിക്കും. അത് നമുക്ക് വിലങ്ങുതടിയാകരുതേ എന്ന് മാത്രം ആശിക്കുന്നു.

നോൺ-ഡെറ്റ് വരുമാനമായി സർക്കാർ കാണുന്നത് ഈ വർഷം 1.05 ലക്ഷം കോടി പൊതുമേഖല ഓഹരി വിറ്റഴിക്കലിലൂടെയാണ്. ഇതിലൂടെ രാജ്യത്ത് 70 വർഷക്കാലമായോ അതിന് മുകളിലോ ആയി സ്വായത്തമാക്കിയ പൊതുമേഖലാ സ്ഥാപനങ്ങൾ നിർദാക്ഷിണ്യം സ്വകാര്യവ്യക്തികൾക്ക് തീറെഴുതുന്നു എന്നാണ്. കഴിഞ്ഞ വർഷങ്ങളിൽ മോദി തുടർന്ന് തന്ത്രപരമായ വിൽപ്പന ഇനിയും തുടരും. അങ്ങനെ സർക്കാർ ഓഹരി പങ്കാളിത്തം 51 ശതമാനത്തിലെത്തിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ പോലും ഇക്വിറ്റി വിൽക്കേണ്ടതാണ് എന്നാണ് ബജറ്റിലൂടെ വ്യക്തമാക്കുന്നത്. കഴിഞ്ഞ വർഷത്തെ 80,000 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 2019-20 ൽ ഇത് 1,05,000 കോടി രൂപ വരുമാനം വികസന ധനവ്യയത്തിനുപോയിട്ട് വളർച്ചയെ ത്വരിതപ്പെടുത്താൻ സഹായിക്കുമോ എന്ന സംശയം ബാക്കിയാകുന്നു. ഇതെല്ലാം കാലം തെളിയിക്കും - നോട്ട് നിരോധനം പോലെ ജിഎസ്ടി പോലെ പാളുന്ന സാമ്പത്തിക നയങ്ങളാണെങ്കിലും മധ്യ-മേലാള സമ്പന്നർ കൊഴുക്കുന്നുണ്ട്. ആര് പട്ടിണി കിടന്നാലും അവകാശങ്ങൾ ത്യജിച്ചാലും. ■

◆ എ. ജയകുമാർ

രണ്ടു കഥകൾ

പുകവലി

ഞാൻ ഗേറ്റിങ്കൽ നിന്ന് സിഗരറ്റ് വലിയ്ക്കുകയായിരുന്നു. വൈകുന്നേരങ്ങളിലെ പതിവു വിനോദം. സിഗരറ്റ് തീരുന്നതുവരെ വഴിയാത്രക്കാരെ കാണാമെന്ന ആഗ്രഹം മാത്രം ഇപ്പോഴിപ്പോൾ നടക്കാറില്ല. നമ്മുടെ റോഡുകളിൽ കാൽനടയാത്രക്കാരെവിടെ? എല്ലാവരും കാറുകളിലും സ്കൂട്ടറുകളിലും ചീറിപ്പായുന്നു. ആണുങ്ങളും പെണ്ണുങ്ങളും ഒരുപോലെ.

"അപ്പൂപ്പാ..."

പെട്ടെന്ന്, പൂമുഖത്തുനിന്ന് കൊച്ചുമോന്റെ വിളി.

"ദേ, വരുന്നു സിദ്ധൂ..." സിദ്ധാർത്ഥ് എന്നാണ് അവന്റെ പേര്.

"എന്തെടുക്കാ", അവിടെ അവൻ വിടുന്ന മട്ടില്ല.

"ദേ, വരുന്നൂ... ഒരു മിനിറ്റ്."

അവൻ കാണാതെയാണ് എന്റെ സിഗരറ്റ് വലി. സിഗരറ്റ് പായ്ക്കറ്റ് എവിടെയെങ്കിലും ഞാൻ ഒളിച്ചുവയ്ക്കും. അവൻ കണ്ടാൽ സിഗരറ്റുകൾ മുഴുവൻ ഒടിച്ചുകളയും. സിഗരറ്റ് പായ്ക്കറ്റ് പലപ്പോഴും ഞാൻ വച്ചിടത്ത് കാണാതെ തപ്പി നടക്കുമ്പോൾ അവൻ കൈകൊട്ടി ചിരിച്ചാർത്തു പറയും.

"എല്ലാം ഞാൻ ഒടിച്ചുകളഞ്ഞേ..."

"അപ്പൂപ്പാ..." അവന്റെ വിളി ഉച്ചത്തിലായി. സിഗരറ്റിന്റെ മൂന്നുനാലു പുക മാത്രമേ ഞാനെടുത്തിട്ടുള്ളൂ. കത്തിച്ചതല്ലേ, കളയാൻ മടി. മുഴുവൻ വലിച്ചിട്ട് പോകാമെന്ന് നിനച്ച് നിൽക്കുമ്പോൾ ഞാൻ ഞെട്ടിത്തരിച്ചുപോയി.

അവന്റെ പൊട്ടിക്കരച്ചിൽ. ഉച്ചത്തിൽ, ഉച്ചത്തിൽ...

ഞാൻ പൂമുഖത്തേക്ക് ഓടിച്ചെന്നു.

"എന്താ, സിദ്ധു... എന്താ..."

ഞാൻ അവനെ പിടിച്ചണച്ചു. അവൻ തേങ്ങുന്നുണ്ടായിരുന്നു.

"എന്താ, കാര്യം പറയ്.."

അവൻ കരച്ചിൽ തുടരുകയായിരുന്നു. ഒപ്പം ഏങ്ങലടിയും. ഞാൻ അവന്റെ കണ്ണുനീർ തുടച്ചു. മുഖം പിടിച്ച് മുഖത്തോടണച്ചു. ഉമ്മ വച്ചു. അവന്റെ കരച്ചിൽ ഏതാണ്ട് നിന്നു. എങ്കിലും സങ്കടം വിമ്മിപ്പൊട്ടുന്നുണ്ടായിരുന്നു.

"ഇത് കണ്ടോ..."

"എന്ത്? എനിക്ക് ഒന്നും കാണാനായില്ല. അവൻ കൈകൾ രണ്ടും പിറകിൽ പിടിച്ചിരിക്കുകയായിരുന്നു.

"പറയ്, എന്ത് കണ്ടൂന്നാ..."

അവൻ ഒരു നിമിഷം എന്നെ തറപ്പിച്ച് നോക്കിയ ശേഷം കൈകൾ മുന്നോട്ട് വിടർത്തി. കയ്യിൽ, സിഗരറ്റ് പായ്ക്കറ്റ്...

"ഇത് കണ്ടോ..."

അവൻ പായ്ക്കറ്റ് എന്റെ നേരെ നീട്ടി ഉച്ചത്തിൽ ചോദിച്ചു.

"ഇതാണോ, കാര്യം..." ഞാൻ ചിരിച്ചു.

"അപ്പൂപ്പൻ ചിരിയ്ക്കണ്ട..." അവൻ ഗൗരവത്തിൽ പറഞ്ഞു.

"ഇതിലെന്താ എഴുതിയിരിക്കുന്നെ...?" ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു.

"പുകവലി ആരോഗ്യത്തിന് ഹാനികരം."

ഞാൻ ചിരി തുടർന്നപ്പോൾ അവൻ ആജ്ഞാപിച്ചു.

"അപ്പൂപ്പാ, ചിരിയ്ക്കാതെ... ഈ പടം കണ്ടോ?"

നിത്യവും കാണുന്നുണ്ടെങ്കിലും കണ്ടില്ലെന്ന് നടിക്കുന്ന ചിത്രം. ക്യാൻസറിനെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന ബീഭത്സചിത്രം.

"സൂക്ഷിച്ച് നോക്ക്" അവൻ വീണ്ടും.

"സിഗരറ്റ് വലിച്ചാൽ അപ്പൂപ്പനും വരും ഇതുപോലെ."

അതു പറയുമ്പോൾ അവന്റെ ശബ്ദമിടറി. "ക്യാൻസർ" അവൻ വിക്കിവിക്കി പറഞ്ഞു.

വീണ്ടും കരയാനുള്ള ഭാവം അവന്റെ മുഖത്ത്. ഞാൻ അവനെ പിടിച്ച് മടിയിലിരുത്തി മാറോടണച്ചു.

"അപ്പൂപ്പന് ഇതുപോലെ അസുഖം വന്നാല് വാവയ്ക്ക് സങ്കടം വരും... കരയും.. കരച്ചിലു നിർത്തൂല.. പറയ്.. ഇനി സിഗരറ്റ് വലിക്കോ..."

"ഇല്ലില്ല..." ഞാൻ അവനെ തെരുതെരെ ഉമ്മവച്ചുകൊണ്ട് പറഞ്ഞു.

"സത്യം..."

"സത്യം..."

അവൻ എന്റെ കൈപിടിച്ച് തലയിൽ വച്ച് പറഞ്ഞു. "സത്യം ചെയ്യ്..."

ഞാൻ അവന്റെ തലയിൽ കയ്യമർത്തി പറഞ്ഞു. "സത്യം.. ഇതു സത്യം..."

അവൻ എന്നെ കെട്ടിപ്പിടിച്ചുമ്മ വച്ചു. തെരുതെരെ. ■

നല്ല അയൽക്കാരൻ

രാവിലെ വാതിൽ തുറന്നാൽ ഞാൻ കണികാണുന്നത് നേരെ എതിർവശത്തെ വീട്ടിൽ മതിലിന് മുകളിലൂടെ വളർന്ന് പന്തലിച്ചു നിൽക്കുന്ന ചെടികളും അവയിൽ പൂത്തുല്ലസിക്കുന്ന പൂക്കളുമായിരുന്നു. എത്ര എത്ര ചെടികൾ. എത്ര എത്ര പൂക്കൾ. ചെത്തി, ചേമന്തി, ചെമ്പരത്തി, ചെമ്പകം പിന്നെ ഒരു ചെറിയ വൃക്ഷമെന്നോണമുള്ള ചെടിയിൽ നിറയെ വെള്ളപ്പൂക്കൾ. സൂക്ഷിച്ചു നോക്കിയാൽ മാത്രമേ ആ ചെടിയിൽ ഇലകളുണ്ടെന്ന് മനസ്സിലാക്കാനാകൂ. ചെമ്പരത്തികൾ മാത്രം എത്ര ഇനം. അവ കണ്ടു നിൽക്കേ എന്റെ കണ്ണുകൾ വിടർന്നു വികസിക്കുമായിരുന്നു. ആ കാഴ്ചയ്ക്ക് സമയത്തിന്റെ പരിധി ഉണ്ടായിരുന്നില്ല. ആ നിമിഷങ്ങളിൽ ഞാൻ വിസ്മൃതിയിലും വിശ്രാന്തിയിലുമായിരുന്നു.

ആ നല്ല അയൽക്കാരനോട് എനിക്ക് എന്നും കൃതാർത്ഥതതോന്നിയിരുന്നു. പ്രഭാതത്തിലെ ഈ കാഴ്ചയ്ക്കുവേണ്ടി പക്ഷേ ഒരിക്കലും അയാളെ ശരിക്ക് കാണാൻ എനിക്ക് കഴിഞ്ഞിട്ടില്ല. രോമത്തൊപ്പി വച്ച അയാളുടെ തല മാത്രം ഇടയ്ക്ക് മതിലിനപ്പുറത്ത് മിന്നിമറയുന്നത് ഞാൻ കണ്ടിരുന്നു.

തൊട്ട് എതിർവശത്തെ വീട്ടുകാരൻ, അതും ഒരു നടപ്പാതയ്ക്കപ്പുറമുള്ള വീട്ടുകാരൻ എങ്ങനെ അയൽക്കാരനാകുമെന്ന് ചോദിച്ചേക്കാം. കാരണമുണ്ട്. ഞാൻ താമസിക്കുന്ന വീടിന്റെ ഇരുവശവും വീടുകളില്ല. കാടുപിടിച്ചു കിടക്കുന്ന ചതുപ്പുനിലങ്ങളായിരുന്നു ഇരുഭാഗങ്ങളിലും എങ്ങനെ ഇങ്ങനെയൊരു വാസസ്ഥലത്ത് വന്നുപെട്ടുവെന്ന് ചോദിച്ചാലും ഉത്തരമില്ല. അപ്പോഴൊക്കെ ഭൂമിയിൽ ഒരു വാസസ്ഥലമെന്ന പാബ്ലോ നെരൂദയുടെ കവിതയാണ് ഓർമ്മിക്കുക. ഭൂമിയിൽ ഒരു വാസസ്ഥലം അത്ര തന്നെ. നമുക്ക് ഇഷ്ടപ്പെട്ട വാസസ്ഥലം തെരഞ്ഞെടുക്കണമെങ്കിൽ അതിന് അനുകൂലമായ ജീവിത സാഹചര്യങ്ങൾ ആവശ്യമാണല്ലോ. അതൊന്നും എന്റെ ജീവിതത്തിലില്ലായിരുന്നു.

അതിൽ എനിക്ക് ഖേദമൊന്നും തോന്നിയിരുന്നുമില്ല. ജീവിതത്തിൽ പരിഭവത്തിനോ, പരാതിക്കോ ഒന്നും തന്നെ ഒരു പ്രസക്തിയുമില്ലെന്ന ധാരണയാണ് എനിക്ക് എന്നുമുണ്ടായിരുന്നത്.

ഇപ്പോഴാകട്ടെ, എല്ലാ പ്രഭാതങ്ങളിലും എനിക്ക് അനുവദിച്ചുകിട്ടുന്ന ഈ കാഴ്ച എത്രയോ ധന്യമാണ്. പല നിറപ്പൂക്കൾ കണ്ടുനിൽക്കുമ്പോൾ നന്ദിയുടെ ഒരു പുഞ്ചിരി ഞാൻ കാത്തുസൂക്ഷിച്ചിരുന്നു. എന്റെ അയൽക്കാരന് നൽകാൻ വേണ്ടി. അയാൾക്കായി എന്റെ കണ്ണുകൾ ദിവസവും തിരയുന്നുണ്ടായിരുന്നു. പക്ഷേ ഒരിക്കൽപോലും... രണ്ടും കൽപ്പിച്ച് ആ വീട്ടിലേക്ക് കയറിച്ചെന്നാലോയെന്നും ഞാൻ ആലോചിച്ചിരുന്നു. എനിക്ക് അതിന് കഴിയാത്തത് വീടിന്റെ ഗേറ്റ് തൊട്ടെതിർവശത്തായിരുന്നില്ലെന്നതുകൊണ്ടാവാം.

ഇടയ്ക്ക്, ഒരു ദിവസം ഞാൻ പുറത്തിറങ്ങി നടപ്പാതയിൽ വീണുകിടന്നിരുന്ന കുറേ പൂക്കൾ പെറുക്കിയെടുത്തിരുന്നു. ചെടികൾ അസാമാന്യമായി വളർന്നു പൊങ്ങിയിരുന്നതിനാൽ ആ വീടിന്റെ രൂപം എനിക്ക് കാണാൻ കഴിയുമായിരുന്നില്ല.

ഇന്ന്, പ്രഭാതത്തിൽ ആദ്യ കിരണങ്ങൾ പ്രസരിക്കുന്ന വേളയിൽ പതിവുപോലെ വാതിൽ തുറന്നപ്പോൾ ഞാൻ നടുങ്ങിപ്പോയി. മുൻപിൽ, ഒരു കൂറ്റൻ കെട്ടിടം. ലക്ഷങ്ങളായ ലക്ഷങ്ങൾ ചെലവിട്ട് പണിത കെട്ടിടമെന്ന് ഒറ്റനോട്ടത്തിലറിയാം.

ഞാൻ കണ്ണുകൾ ഇറുക്കിയടച്ചും ചിമ്മിത്തുറന്നുമൊക്കെ നോക്കി. എവിടെ ചെടികൾ?

എവിടെ പൂക്കൾ? വെള്ളപ്പൂക്കൾ പരവതാനി തീർത്തിരുന്ന ആ ചെറുവൃക്ഷമെവിടെ?

പാരവശ്യത്തോടെ നോക്കിനിൽക്കേ ഞാൻ കണ്ടു അയൽക്കാരനെ. എന്നെ നോക്കി പുഞ്ചിരിച്ചുകൊണ്ട് അയാൾ വീടിന് മുന്നിൽ നിൽക്കുന്നു. ഇടയ്ക്കിടയ്ക്ക് എന്നെ നോക്കുന്നതിനിടയിൽ അയാൾ ആ കൂറ്റൻ കെട്ടിടത്തിന്റെ എടുപ്പിലേയ്ക്കും നോക്കുന്നുണ്ടായിരുന്നു. അയാളുടെ മുഖത്ത് ചാരിതാർത്ഥ്യത്തിന്റെ വെളിച്ചം ഞാൻ കണ്ടു. അയാൾ ചിരിച്ചുകൊണ്ട് പരിചയഭാവത്തിൽ എന്തോ എന്നോട് പറയാൻ മുതിരുകയായിരുന്നു.

അയാളുടെ വാക്കുകൾ എനിക്ക് ഊഹിക്കാനാവും. അയാളുടെ വമ്പൻ വീടിന്റെ കാഴ്ച മറ്റുള്ളവരിൽ നിന്ന് ഇതുവരെ മറച്ചുപിടിച്ചിരുന്ന ദയനീയാവസ്ഥയെക്കുറിച്ച്.

എന്റെ കണ്ണുകളിൽ ഇരുട്ട് പടർന്നുകയറി. നീര് നിറയുകയും ചെയ്തു. നിമിഷനേരത്തേക്ക് എന്ത്, ഏത്, എങ്ങനെയെന്നൊന്നും അറിയാത്ത അവസ്ഥയിൽ ഞാൻ നിന്നു.

അയൽക്കാരന്റെ പുഞ്ചിരിക്ക് പകരം നൽകാൻ എന്റെ ചുണ്ടുകളിൽ പുഞ്ചിരി വിടർന്നതുമില്ല.

എന്നും കൃതാർത്ഥതയോടെ കാത്തുസൂക്ഷിച്ചിരുന്ന ആ പുഞ്ചിരി കൊഴിഞ്ഞുകഴിഞ്ഞിരുന്നു. ■



സാർവദേശീയം ◆ ജോസ് ടി.എബ്രഹാം

ദേശീയ വരുമാനത്തിൽ തൊഴിലാളികളുടെ പങ്ക് താഴേക്ക്

ദേശീയ മൊത്ത വരുമാനത്തിൽ നിന്ന് തൊഴിലാളികൾക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന വേതനം, കൂലി, മറ്റാനുകൂല്യങ്ങൾ തുടങ്ങിയവയുടെ പങ്ക് ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ പ്രതിഭാസം വികസിത രാജ്യങ്ങളിൽ കൂടിയതോതിലും വികസ്വര രാജ്യങ്ങളിൽ കുറഞ്ഞ തോതിലും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം 1980 കൾ വരെ ദേശീയ വരുമാനത്തിൽ നിന്ന് തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന പങ്ക് ഏതാണ്ട് സ്ഥിരമായി നിൽക്കുകയായിരുന്നു. ദേശീയ വരുമാനത്തിൽ തൊഴിലാളികളുടെ പങ്ക് ഇടിയുന്നത് സാമ്പത്തികരംഗത്തും സാമൂഹികരംഗത്തും വലിയ പ്രത്യാഘാതങ്ങൾക്ക് കാരണമാകുന്നുണ്ട്.

ഇടിവ് വ്യത്യസ്ഥ രാജ്യങ്ങളിൽ വ്യത്യസ്ഥ തോതിൽ

മക്കൻസി ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് 35 വികസിത രാജ്യങ്ങളിൽ നടത്തിയ ഒരു പഠനത്തിൽ കണ്ടത്, 1980 കളിൽ ദേശീയ വരുമാനത്തിൽ തൊഴിലാളികളുടെ പങ്ക് 54 ശതമാനമായിരുന്നത് 2014 ആയപ്പോൾ 50.5 ശതമാനമായി കുറഞ്ഞു എന്നാണ്. 2008 ലെ സാമ്പത്തിക തകർച്ചക്ക് മുമ്പുതന്നെ പല രാജ്യങ്ങളിലും തൊഴിലാളികളുടെ പങ്ക് കഴിഞ്ഞ 50 വർഷത്തെ ഏറ്റവും കുറഞ്ഞ സ്ഥിതിയിലെത്തിയിരുന്നു. എല്ലാ രാജ്യങ്ങളിലും നില ഒരുപോലെയായിരുന്നില്ല. ജർമ്മനിയിൽ തൊഴിലാളികളുടെ പങ്ക് 1980 കൾ മുതൽ നിരന്തരമായി ഇടിഞ്ഞുകൊണ്ടിരുന്നു 2008 നു ശേഷവും അത് തുടർന്നു. ഇടക്കാലത്ത് ചെറിയ ഒരു വർദ്ധനവുണ്ടായി. ഫ്രാൻസിൽ 1980 കൾ മുതൽ 2000 വരെ ഇടിഞ്ഞുവെങ്കിലും, പിന്നീട് സ്ഥിരമായി നിൽക്കുകയും, 2008 ലെ സാമ്പത്തിക തകർച്ചയ്ക്കുശേഷം ചെറിയ വർദ്ധനവ് കാണിക്കുകയും ചെയ്തു.

വികസ്വര രാജ്യങ്ങളിലും ദേശീയ വരുമാനത്തിൽ തൊഴിലാളികളുടെ പങ്ക് ഇടിഞ്ഞുകൊണ്ടിരിക്കുകയാണെന്ന് മക്കൻസി പഠനം കാണിക്കുന്നു. വികസ്വര രാജ്യങ്ങളിൽ 1993 ൽ ദേശീയ വരുമാനത്തിലെ തൊഴിലാളികളുടെ പങ്ക് 39 ശതമാനമായിരുന്നത് 2014 ആയപ്പോൾ 37.4 ശതമാനമായി കുറഞ്ഞു. ചൈനയും ഇന്ത്യയുമുൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളിലും ഈ പ്രതിഭാസം ദൃശ്യമാണ്.

അമേരിക്കയിൽ തൊഴിലാളികളുടെ പങ്ക് 1960 കൾ മുതൽ തന്നെ ചെറിയതോതിൽ ഇടിയാൻ തുടങ്ങി. 1980 കൾക്കുശേഷം അത് വേഗത്തിലായി. 2000 ത്തിനുശേഷം അതിവേഗത്തിലായി. രണ്ടായിരത്തിൽ അമേരിക്കൻ ദേശീയ വരുമാനത്തിന്റെ 63.3% തൊഴിലാളികൾക്കായിരുന്നത് 2016 ആയപ്പോൾ 56.7 ശതമാനമായി ഇടിഞ്ഞു. തൊഴിലാളികളുടെ ദേശീയവരുമാനത്തിലെ പങ്ക് അമേരിക്കയിൽ 1998 ലെ അതേ നിലവാരത്തിൽ നിന്നിരുന്നെങ്കിൽ ഒരു തൊഴിലാളിയുടെ ശരാശരി വേതനം ഇന്നുള്ളതിനേക്കാൾ പ്രതിവർഷം 3000 ഡോളർ കൂടിയിരുന്നേനെ. അക്കാദമിക് തലങ്ങളിൽ തന്നെ നടന്ന ചർച്ചകളിലും നിരീക്ഷണങ്ങളിലും അഞ്ചുകാരണങ്ങളാണ് ദേശീയ വരുമാനത്തിൽ തൊഴിലാളികളുടെ പങ്കിടിയാൻ കണ്ടെത്തിയിട്ടുള്ളത്.

മൂലധനത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു, യന്ത്രവൽക്കരണം കൂടിവരുന്നു

സാങ്കേതികവിദ്യയുടെ വളർച്ച, അതിലൂടെ കൂടുതൽ ശക്തമായ കമ്പ്യൂട്ടറുകളും വ്യവസായിക നിലവാരത്തിൽ ഉപയോഗിക്കാൻ കഴി

യുന്ന കമ്പ്യൂട്ടറുകളും. ഇവയുടെ വില കുറഞ്ഞുവരുന്നതുമൂലം തൊഴിലാളികൾക്കുപകരം യന്ത്രങ്ങൾ ഉപയോഗിക്കുന്നത് കൂടുതൽ ലാഭകരമായിത്തീർന്നു. തൊഴിലാളികൾക്കുപകരം കമ്പ്യൂട്ടറുകൾ ഉപയോഗിക്കുമ്പോൾ രണ്ടുതരത്തിൽ ദേശീയ വരുമാനത്തിൽ തൊഴിലാളികളുടെ പങ്കിടിയും. ഒന്ന് തൊഴിലാളികളുടെ എണ്ണം കുറയുന്നതും രണ്ടാമത് അവരുടെ വേതനം കുറയുന്നതും.

യഥാർത്ഥത്തിൽ സാങ്കേതികവിദ്യയുടെ ഉയർന്ന ഉപയോഗവും പ്രയോഗവും തൊഴിലാളികളുടെ വേതനം ഉയരാൻ സഹായിക്കേണ്ടതാണ്. സാങ്കേതികവിദ്യയുടെ പ്രയോഗം വഴി ഉൽപ്പാദനക്ഷമത ഉയരുമ്പോൾ അത് തൊഴിലാളികളുടെ വേതനത്തിൽ പ്രതിഫലിക്കേണ്ടതാണ്. എന്നാൽ ഈ മുതലാളിത്ത കാലഘട്ടത്തിൽ നേരെ തിരിച്ചാണ് കാര്യങ്ങൾ സംഭവിക്കുന്നത്.

സൂപ്പർ സ്റ്റാർ കമ്പനികളും സംയോജനവും

സൂപ്പർ സ്റ്റാർ കമ്പനികളും, കമ്പനികളുടെ സംയോജനവും തൊഴിലാളികളുടെ വേതനം ഇടിയുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. സൂപ്പർസ്റ്റാർ കമ്പനികളെന്നാൽ വലിയ ആഗോള കുത്തകകളാണ്. അറിവ്, ആരോഗ്യം, സാമ്പത്തികം തുടങ്ങിയ മേഖലകളിലാണ് ഈ കമ്പനികൾ പ്രധാനമായി വ്യാപിച്ചുകിടക്കുന്നത്. സൂപ്പർ സ്റ്റാർ കമ്പനികളുടെ ലാഭവിഹിതം 20 വർഷം മുമ്പുണ്ടായിരുന്ന കമ്പനികളെക്കാൾ 1.6 ഇരട്ടി വർദ്ധിച്ചു. സ്വാഭാവികമായി ലാഭത്തിൽ തൊഴിലാളികളുടെ പങ്ക് കുറയുകയും ചെയ്തു. സൂപ്പർ സ്റ്റാർ കമ്പനികളുടെ ഉദയം മൂലം കമ്പനികൾ തമ്മിലുള്ള മത്സരം കുറഞ്ഞു. വലിയ കമ്പനികൾ ചെറിയ കമ്പനികളെ ഏറ്റെടുക്കുന്നതും, വലിയ കമ്പനികൾ തമ്മിൽ തന്നെ സംയോജിക്കുന്നതും സൂപ്പർ സ്റ്റാർ കമ്പനികളുടെ ഉദയത്തിനും, തൊഴിലാളികളുടെ വേതനം ഇടിയുന്നതിനും കാരണമാകുന്നുണ്ട്. ആമസോൺ, ഗൂഗിൾ, വാൾമാർട്ട് തുടങ്ങിയ കമ്പനികളിലെ തൊഴിൽമേഖലയിൽ നിന്നും അടുത്തകാലത്തുവന്ന റിപ്പോർട്ടുകൾ ഇതിന് തെളിവാണ്.

ആഗോളവൽക്കരണവും തൊഴിലാളികളുടെ വിലപേശൽ ശേഷിയും

ആഗോളവൽക്കരണം വേതനത്തെയും കൂലിയെയും രണ്ടുതരത്തിൽ ബാധിച്ചു. ഒന്ന് പല അന്തർദേശീയ കുത്തക കമ്പനികളും വേതനം കുറഞ്ഞ രാജ്യങ്ങളിലേക്ക് തങ്ങളുടെ ഉൽപ്പാദന കേന്ദ്രം മാറ്റി. രണ്ടാമതായി വേതനം കുറഞ്ഞ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി. ട്രേഡ് യൂണിയനുകളുടെ വില പേശൽ ശേഷി നാനാ കാരണങ്ങളാൽ പല രാജ്യങ്ങളിലും ഇടിയുന്ന പ്രവണതയുണ്ടായി. ഇതും കൂലി കുറയാൻ കാരണമായി. ചില മേഖലകളിലെ കടുത്ത മത്സരം മൂലം ഉൽപ്പാദനക്ഷമത കൂടിയെങ്കിലും അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് നൽകുകയും ലാഭവും ഡിവിഡന്റും ഉയർത്തുകയും ചെയ്തത് കൂലിയെ ബാധിച്ചു.

ഉയർന്ന മൂല്യശോഷണം

അടുത്ത കാലത്തായി ഉൽപ്പാദനപ്രക്രിയയിൽ വലിയ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കമ്പനികൾ ഇപ്പോൾ കൂടുതൽ കൂടുതൽ മൂലധനം ഗവേഷണത്തിനും, പേറ്റന്റുകൾക്കും, സാങ്കേതിക വിദ്യക്കും സോഫ്റ്റ്വെയറുകൾക്കും മാറ്റിവയ്ക്കാൻ നിർബന്ധിതമായി. പുതിയ പുതിയ ഉൽപ്പാദന പ്രക്രിയയിലേക്ക് പോകാതെ ഒരു കമ്പനിക്കും കമ്പോളത്തിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. ഈ പുതിയ സാഹചര്യത്തിൽ ഇറക്കുന്ന മൂലധനത്തിന് അതിവേഗം മൂല്യശോഷണം സംഭവിക്കുന്നു. ഈയൊരു സ്ഥിതിയിൽ കമ്പനികളുടെ ലാഭത്തിൽ കുറവുവരുന്നതോടൊപ്പം തൊഴിലാളികളുടെ കൂലിയിലും കുറവുവരുന്നുണ്ട്.

സൂപ്പർ സൈക്കിൾസ് ഉയർച്ചയും താഴ്ചയും

ഊർജ്ജം, മെറ്റൽസ്, മിനറൽസ് തുടങ്ങിയ ചില മേഖലകൾ സൂപ്പർ സൈക്കിൾസ് എന്ന പ്രതിഭാസത്തിന് വിധേയമാണ്. ചരക്കുകളുടെ വില കുത്തനെ ഉയരുമ്പോൾ ലാഭം കൂടുന്നു, കുറയുമ്പോൾ ലാഭം കുറയുന്നു. ഇതുമൂലം കൂലി പലപ്പോഴും ഈ മേഖലകളിൽ കുറഞ്ഞിരിക്കുന്നു. റിയൽ എസ്റ്റേറ്റ് മേഖലയും കുത്തനെയുള്ള ഉയർച്ച താഴ്ചകൾ ബാധിക്കുന്ന മേഖലയാണ്. ഇത് ഈ മേഖലയിലെ വേതനം കുറച്ചുനിർത്താൻ മുതലാളിമാരെ പ്രേരിപ്പിക്കുന്നു. ലാഭം കുറയുമ്പോൾ കൂലി കുറക്കുന്നു, എന്നാൽ ലാഭം കൂടുമ്പോൾ കൂലി വർദ്ധിപ്പിക്കുന്നില്ല.

തൊഴിലാളികളുടെ കൂലി കുറച്ചുനിർത്തുക എന്നത് മുതലാളിത്തത്തിന്റെ സഹജസ്വഭാവമാണ്. 1980കളിൽ നവലിബറൽ നയങ്ങൾ ആഗോളതലത്തിൽ അമേരിക്കൻ പ്രസിഡന്റായിരുന്ന റീഗന്റെയും ബ്രിട്ടീഷ് പ്രധാനമന്ത്രി താച്ചറിന്റെയും നേതൃത്വത്തിൽ നടപ്പാക്കിതുടങ്ങിയതോടെ തൊഴിലാളികൾക്കുനേരെയുള്ള ആക്രമണത്തിന്റെ വ്യാപ്തി വർദ്ധിച്ചു എന്നുമാത്രം. തൊഴിലാളികളുടെ വേതനവും വരുമാനവും കുറഞ്ഞതോടെ ആഗോളതലത്തിൽ ഉപഭോഗം കുറയുകയും 'അമിത ഉൽപ്പാദനം' എന്ന മുതലാളിത്ത പ്രതിസന്ധി ഉണ്ടാകുകയും ചെയ്തു. ഇത് സാമ്പത്തികമേഖലയെ ധനവൽക്കരണത്തിലേക്ക് (Financialisation) നയിച്ചു. അത് 2007-08 ൽ പൊട്ടിപ്പുറപ്പെട്ട സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുകയും ചെയ്തു. അതിന്റെ തുടർച്ചയായി അമേരിക്ക ഇപ്പോൾ ആഗോളതലത്തിൽ തന്നെ വ്യാപാരയുദ്ധം (Trade War) കെട്ടഴിച്ചുവിട്ടിരിക്കുകയാണ്. ഇത് പുതിയ പ്രതിസന്ധികളിലേക്ക് ആഗോള സമ്പദ്മേഖലയെ നയിച്ചുകൊണ്ടിരിക്കുകയാണ്. അധികാരം പിടിച്ചുനിർത്താൻ മുതലാളിത്തം കടുത്ത വലതുപക്ഷ ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന സ്ഥിതിയുമുണ്ട്. ഈ അവസ്ഥ തൊഴിലാളികൾക്കും തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് മുന്നിൽ വലിയ വെല്ലുവിളികളും സാധ്യതകളുമാണ് തുറന്നിരിക്കുന്നത്. ■

സാങ്കേതികവിദ്യയുടെ ഉയർന്ന ഉപയോഗവും പ്രയോഗവും തൊഴിലാളികളുടെ വേതനം ഉയരാൻ സഹായിക്കേണ്ടതാണ്. സാങ്കേതികവിദ്യയുടെ പ്രയോഗം വഴി ഉൽപ്പാദനക്ഷമത ഉയരുമ്പോൾ അത് തൊഴിലാളികളുടെ വേതനത്തിൽ പ്രതിഫലിക്കേണ്ടതാണ്. എന്നാൽ ഈ മുതലാളിത്ത കാലഘട്ടത്തിൽ നേരെ തിരിച്ചാണ് കാര്യങ്ങൾ സംഭവിക്കുന്നത്.

സർക്കാർ ഉത്തരവുകൾ

(1)
കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ് - കേരള സർവ്വീസ് ചട്ടങ്ങൾ - സമാശ്വാസ തൊഴിൽദാന പദ്ധതി - സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായവർക്ക് ഇൻക്രിമെന്റ് അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (റൂൾസ്-എ)വകുപ്പ്
സ.ഉ.(അ)നമ്പർ 70/2019/ധന: തിരുവനന്തപുരം, തീയതി 20.6.2019

പരാമർശം:
1) സ.ഉ.(കൈ)നം.174/2012/പൊഭവ തീയതി 6.7.2012,
2) സ.ഉ.(കൈ)നം.209/2012/പൊഭവ തീയതി 16.8.2012
3) സ.ഉ.(കൈ)നം.249/2013/പൊഭവ തീയതി 02.09.2013,
4) സ.ഉ.(കൈ)നം.131/2014/പൊഭവ തീയതി 2.6.2014
5) സ.ഉ.(കൈ)നം.307/2014/പൊഭവ തീയതി 6.11.2014,
6) സ.ഉ.(കൈ)നം.251/2015/പൊഭവ തീയതി 03.10.2015
7) സ.ഉ.(കൈ)നം.326/2015/പൊഭവ തീയതി 28.12.2015,
8) സ.ഉ.(കൈ)നം.22/2014/പൊഭവ തീയതി 21.7.2014

ഉത്തരവ്

1. സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നിയമനം നൽകുന്നതിൽ വളരെയധികം കാലതാമസം വരുന്നു എന്ന് കണ്ടതിനെ തുടർന്ന് പരാമർശം 1 മുതൽ 7 വരെയുള്ള ഉത്തരവുകൾ പ്രകാരം സ്ഥിരം തസ്തികകളിൽ അർഹമായ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. അത്തരം സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ ഉദ്യോഗാർത്ഥികളുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് സൂചന 8 ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സമാശ്വാസ നിയമനത്തിനായി മാറ്റി വെച്ചിട്ടുള്ള 5 ശതമാനം കാറ്റഗറിയിൽ ഒഴിവുണ്ടാകുന്ന തീയതിയുടെ അടിസ്ഥാനത്തിൽ സൂപ്പർന്യൂമററി നിയമനം ക്രമീകരിക്കുന്നതാണെന്ന് വ്യക്തമാക്കുകയും പ്രസ്തുത തീയതി വരെ അവർ സൂപ്പർ ന്യൂമററി തസ്തികയിൽ തുടരുമെന്നും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അവർക്ക് അവകാശപ്പെട്ട കാറ്റഗറിയിലെ ഒഴിവിൽ ആഗിരണം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രൊബേഷൻ ആരംഭിക്കുമെന്നും ടി ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ഇവർക്ക് ഇൻക്രിമെന്റിന് അർഹതയുണ്ടോ എന്ന് ഇതു സംബന്ധിച്ച് ഒരു സംശയം ഇപ്പോൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായവർക്ക് ഇൻക്രിമെന്റ് മുതലായ സേവന ആനുകൂല്യങ്ങൾക്കുള്ള അർഹത 8-ാമത് പരാമർശിക്കുന്ന ഉത്തരവ് പര്യാലോചിക്കുന്നില്ല. ആയതിനാൽ 5 ശതമാനം ഒഴിവിൽ നിയമനം ക്രമീകരിച്ചതിനുശേഷം മാത്രമേ സാധാരണ ഇൻക്രിമെന്റും മറ്റ് സേവന ആനുകൂല്യങ്ങളും ലഭിക്കുകയുള്ളൂ. ഇവരുടെ നിയമനം ക്രമീകരിക്കുന്നത് സുദീർഘമായ ഒരു പ്രക്രിയ ആയതിനാൽ വളരെ വർഷങ്ങൾ അവർ ശമ്പള സ്കെയിലിന്റെ മിനിമം മാത്രം വാങ്ങി തുടരേണ്ടി വരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സമാശ്വാസ തൊഴിൽ ദാന പദ്ധതിയുടെ കീഴിൽ സൃഷ്ടിക്കപ്പെട്ട സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിതരായ ഉദ്യോഗാർത്ഥികൾക്ക് അവർ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ചെയ്യുവാൻ ആരംഭിച്ച തീയതി മുതൽ ഒരു വർഷം പൂർത്തിയാകുന്ന മാസം ഒന്നാം തീയതി പ്രാബല്യത്തിൽ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 33 ലെ വ്യവസ്ഥകൾക്കു വിധേയമായി വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കുവാൻ ഉത്തരവാകുന്നു. നിയമനം ക്രമീകരിക്കുമ്പോൾ അത് റെഗുലറൈസേഷനു തൊട്ടു മുൻപ് ഏത് സ്റ്റേജിലാണോ ശമ്പളം വാങ്ങിയിരുന്നത് ആ സ്റ്റേജിൽ തന്നെ ശമ്പളം നിർണ്ണയിക്കുന്നതാണ്. തുടർന്നുള്ള ഇൻക്രിമെന്റുകൾ താഴെപ്പറയും പ്രകാരം അനുവദിക്കുന്നതാണ്.

i) പ്രൊബേഷൻ രണ്ട് വർഷമാണെങ്കിൽ ക്രമീകരണത്തിന് ശേഷമുള്ള രണ്ട് ഇൻക്രിമെന്റുകൾ സാധാരണ ഇൻക്രിമെന്റ് തീയതികളിലും മൂന്നാമത്തെ ഇൻക്രിമെന്റ് തീയതിക്കു മുൻപ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഈ ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും അനുവദിക്കുന്നതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കാത്ത കേസുകളിൽ മൂന്നാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

ii) പ്രൊബേഷൻ ഒരു വർഷമാണെങ്കിൽ ക്രമീകരണത്തിന് ശേഷമുള്ള ആദ്യ ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും രണ്ടാമത്തെ സാധാരണ ഇൻക്രിമെന്റ് തീയതിക്കു മുൻപ് പ്രൊബേഷൻ വിജയകര

മായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ടി ഇൻക്രിമെന്റ് സാധാരണ ഇൻക്രിമെന്റ് തീയതിയിലും അനുവദിക്കുന്നതാണ്. പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കാത്ത കേസുകളിൽ രണ്ടാമത്തെ ഇൻക്രിമെന്റ് പ്രൊബേഷൻ വിജയകരമായി പൂർത്തീകരിക്കുന്ന തീയതിയിൽ അനുവദിക്കുന്നതാണ്.

iii) നിയമനം ക്രമീകരിക്കുന്ന തീയതിയും ഇൻക്രിമെന്റ് തീയതിയും ഒന്നാകുന്ന പക്ഷം തുടർന്നുള്ള ഇൻക്രിമെന്റുകൾ കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 37 ബി (എ)(ബി) എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നതാണ്.

iv) ഈ ഉത്തരവ് പ്രകാരം ഇൻക്രിമെന്റ് അനുവദിക്കുന്നതുകൊണ്ട് ഈ ജീവനക്കാർക്ക് സ്ഥിരം ഒഴിവിൽ പി.എസ്.സി. മുഖേന നിയമിക്കപ്പെട്ടവരുടെ മേൽ സ്ഥിരപ്പെടുത്തലിനോ, സീനിയോരിട്ടിക്കോ, സമയബന്ധിത ഹയർഗ്രേഡ്, ഉദ്യോഗക്കയറ്റം മുതലായ മറ്റ് സേവന ആനുകൂല്യങ്ങൾക്കോ യാതൊരു മുൻഗണനാവകാശവും ഉണ്ടായിരിക്കുന്നതല്ല. സൂപ്പർ ന്യൂമററി സേവനകാലം ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിനും പരിഗണിക്കുന്നതല്ല.

v) കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ൽ ആവശ്യമായ ഭേദഗതികൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
മനോജ് ജോഷി,
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

---

(2)

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ് - ജീവനക്കാര്യം - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (റൂൾസ്)വകുപ്പ്

സ.ഉ.(പി)നം. 3/2019/ഉ.ഭ.പ.വ. തീയതി, തിരുവനന്തപുരം 11.06.2019

ഉത്തരവ്

1. ഒരു ഉദ്യോഗസ്ഥൻ ഔദ്യോഗിക കൃത്യം നിർവ്വഹിക്കുന്നതിനിടയ്ക്കോ, അതിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോഴോ ശാരീരിക അവശതകളോ, അപകടമോ ഉണ്ടാകുന്ന പക്ഷം അവശതാവധി അനുവദിക്കുന്നതിന് കെ.എസ്.ആർ ഭാഗം 1 വാല്യം 1 ചട്ടം 97-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിൽ സംഭവിക്കുന്ന അപകടം കാരണമോ, അതിന്റെ ഭാഗമായുണ്ടാകുന്ന അവശതകൾ കാരണമോ അവധിയെടുക്കേണ്ടി വരുന്ന പാർട്ട്ടൈം ജീവനക്കാർക്കും അവശതാവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുന്നുണ്ട്.
2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ഗാർഡനർ, സ്വീപ്പർ, കുക്ക്, സാനിട്ടേഷൻ വർക്കർ തുടങ്ങിയ പാർട്ട്ടൈം തസ്തികകളിലെ ജീവനക്കാർക്ക് ജോലിക്കിടയിൽ അപകടം സംഭവിക്കുന്നതിനുള്ള സാധ്യത താരതമ്യേന കൂടുതലാണ്. ഇത്തരം സാഹചര്യത്തിൽ പാർട്ട്ടൈം ജീവനക്കാർ ശൂന്യവേതനാവധിയെയാണ് ആശ്രയിച്ചുപോരുന്നത്. ആയത് താരതമ്യേന തുച്ഛവരുമാനക്കാരായ പാർട്ട്ടൈം ജീവനക്കാരുടെ ജീവിത സാഹചര്യം കൂടുതൽ ദുസ്സഹമാക്കുന്നു. ആയതിനാൽ ഇത്തരം ഘട്ടങ്ങളിൽ പാർട്ട്ടൈം ജീവനക്കാർക്ക് ശമ്പളത്തോടെയുള്ള അവധി അനുവദിക്കുന്നത് മനുഷ്യത്വപരമായ നടപടിയാകുമെന്ന് സർക്കാർ കരുതുന്നു.
3. മേൽ സാഹചര്യത്തിൽ കേരള സേവന ചട്ടങ്ങൾ വാല്യം 1 ഭാഗം 1 ചട്ടം 97 -ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി പാർട്ട് ടൈം ജീവനക്കാർക്ക് അവശതാവധി അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.
4. അവശതാവധി സംബന്ധിച്ച് ധനവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പാർട്ട് ടൈം ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.
5. കേരള പാർട്ട് ടൈം കണ്ടിജന്റ് വിശേഷാൽ ചട്ടത്തിൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
കെ.ഗോപാലകൃഷ്ണ ഭട്ട്
സെക്രട്ടറി

ഡോ: എൻ.വി.പി. ഉണിത്തിരി

മങ്ങാത്ത ഓർമകൾ: 26

തിക്കോടിയൻ

തിക്കോടിയൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന പി. കുഞ്ഞനന്തൻ നായരെ ഞാൻ നേരിട്ട് പരിചയപ്പെടുന്നത് കോഴിക്കോട് സർവകലാശാലയിൽ വന്നതിനുശേഷമാണെങ്കിലും ഹൈസ്കൂളിൽ പഠിക്കുന്ന കാലത്തേ അദ്ദേഹത്തെ അറിയും. മാടായി ഹൈസ്കൂളിൽ പഠിച്ചിരുന്നപ്പോൾ അദ്ദേഹത്തിന്റെ *പുഷ്പവൃഷ്ടി* നാടകത്തിൽ ഞാൻ അഭിനയിച്ചിട്ടുണ്ട്. *നിരാഹാരസമരം* എന്ന പ്രഹസനം സ്കൂളിൽ അരങ്ങേറിയതായും ഓർക്കുന്നു.

കോഴിക്കോടിന്നടുത്തുള്ള തിക്കോടിയിൽ ജനിച്ചതുകൊണ്ടാണ് അദ്ദേഹം തിക്കോടിയൻ എന്ന തൂലികാനാമം സ്വീകരിച്ചത്. ആകാശവാണിയിൽ പ്രൊഡ്യൂസറായി സേവനമനുഷ്ഠിച്ച അദ്ദേഹത്തിന്റെ നാടകങ്ങൾ സാഹിത്യഗുണവും അഭിനയയോഗ്യതയും സമഞ്ജസമായി സമ്മേളിച്ചവയത്രേ.

ഏകാങ്കനാടകങ്ങളും റേഡിയോനാടകങ്ങളുമുൾപ്പെടെയുള്ള അനേകം നാടകങ്ങൾക്കു പുറമെ തിക്കോടിയൻ *ചുവന്ന കടൽ* എന്ന ചരിത്രാഖ്യായികയും *അരങ്ങു കാണാത്ത നടൻ* എന്ന വിശിഷ്ടമായ ആത്മകഥയും രചിച്ചിട്ടുണ്ട്.

വൈകുന്നേരം കോഴിക്കോട്

നഗരത്തിൽ ചെല്ലുമ്പോഴൊക്കെ തിക്കോടിയനെ കാണാം. നാഷണൽ ബുക്ക് സ്റ്റാളിൽ മാനേജരായ ശ്രീധരനുമായി പൊട്ടിച്ചിരിച്ചുകൊണ്ട് വെടി പറഞ്ഞിരിക്കുന്നുണ്ടാകും. എന്നെക്കണ്ടാൽ എന്നോടാവും സംസാരം. നിർദോഷമായ ഫലിതംകൊണ്ട് എപ്പോഴും പൊട്ടിച്ചിരിപ്പിക്കും. ഈ ഹാസ്യരസം അത്രയൊന്നും എഴുത്തിൽ കാണുന്നില്ലല്ലോ എന്ന് ഞാൻ ആശ്ചര്യപ്പെടുന്നുണ്ടായിരുന്നു. അപ്പോഴാണ് മികച്ച ഹാസ്യസാഹിത്യകാരനായ സഞ്ജയന്റെ കൂടെ *സഞ്ജയൻ* മാസികയിൽ ആനന്ദ് എന്ന പേരിൽ തിക്കോടിയൻ ഹാസ്യാനുകരണരൂപത്തിലുള്ള കവിതകളും ഉപന്യാസങ്ങളും എഴുതിയിരുന്നതായി അറിഞ്ഞത്. *മായാപ്രപഞ്ചം* അക്കൂട്ടത്തിലൊന്നാണ്. ഇത് ഒരിക്കൽ ഞാൻതന്നെ അദ്ദേഹത്തോട് ചോദിച്ചപ്പോൾ, "ഓ, അതൊരു പഴയകഥയാണ്" എന്ന ആമുഖത്തോടെ സവിസ്തരം വിവരിച്ചത്.

ദേശീയപ്രസ്ഥാനത്തിലും സജീവമായ പങ്കു വഹിച്ച അദ്ദേഹം 1916-ൽ ശതാഭിഷിക്തനായതിനുശേഷമാണ് മരിച്ചത്.

മങ്ങാത്ത ഓർമകൾ: 27

ഇ.കെ.നായനാർ

ഏറ്റവുമധികം കാലം കേരളം ഭരിച്ച മുഖ്യമന്ത്രിയാണ് ഇ. കെ. നായനാർ. എനിക്ക് നായനാരെ കുട്ടിക്കാലം തൊട്ടേ കേട്ടുപരിചയമുണ്ട്. കമ്യൂണിസ്റ്റുപാർട്ടിക്ക് നല്ല വേരോട്ടമുള്ള കണ്ണൂർ ജില്ലയിലാണ് ഞാൻ പിറന്നത്. സമാനരാഷ്ട്രീയസ്വഭാവമുള്ള കല്യാശ്ശേരി പഞ്ചായത്തിൽ ഏറുമ്പാലത്തറവാട്ടിലാണ് നായനാർ ജനിച്ചത്. അന്നത്തെ മാടായി അസംബ്ളി നിയോജകമണ്ഡലത്തിലെ ഏതാണ്ട് സ്ഥിരം പ്രതിനിധിയെന്നു പറയാവുന്ന നേതാവായ കെ. പി. ആർ. ഗോപാലന്റെ മരുമകളായ ശാരദാടീച്ചറാണ് നായനാരുടെ സഹധർമിണി. ടീച്ചർ കല്യാശ്ശേരി ഗവ. ഹൈസ്കൂളിലെ എൽ. പി. വിഭാഗത്തിലും ഞാൻ ഹൈസ്കൂൾവിഭാഗത്തിലുമായി അഞ്ചു കൊല്ലം സഹപ്രവർത്തകരായി ജോലി ചെയ്തിട്ടുണ്ട്. അക്കാലത്ത് സ്കൂളിന്റെ കാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ട് കെ. പി. ആർ. ഗോപാലനും അനുജൻ കെ. പി. ആർ. രയരപ്പനും പലപ്പോഴും സ്കൂളിൽ വരാറുണ്ട്. മലയാളഭാഷാധ്യാപകനായിരുന്ന ഞാൻ അവരുമായി നല്ല ബന്ധം പുലർത്തിയിരുന്നു.

നായനാർ വല്ലപ്പോഴുമേ നാട്ടിൽ വരാറുള്ളൂ. അതുകൊണ്ടുതന്നെ അദ്ദേഹം സ്കൂളിൽ അധികം വന്നതായി ഞാൻ കണ്ടിട്ടില്ല. കാസർഗോഡ് പാർലമെന്റ് നിയോജകമണ്ഡലത്തിൽ മത്സരിച്ചിട്ടുണ്ടെങ്കിലും ജയിച്ചില്ല. എന്റെ സതീർഥ്യനും അന്ന് കോൺഗ്രസ് പക്ഷത്ത് നിലയുറപ്പിച്ചയാളുമായ കടന്നപ്പള്ളി രാമചന്ദ്രനായിരുന്നു എതിർസ്ഥാനാർഥി. കടന്നപ്പള്ളിയോട് ഞാൻ നായനാർക്കാണ് വോട്ട് ചെയ്യുക എന്നു തുറന്നുപറഞ്ഞിരുന്നു. പക്ഷേ, നായനാർ പരാജയപ്പെടുകയാണുണ്ടായത്.

മണ്ഡലം മാറിമാറി മത്സരിക്കുക എന്നത് നായനാരുടെ ശൈലിയായിരുന്നു. ആദ്യം അദ്ദേഹം പാലക്കാട് പാർലമെന്റ് നിയോജകമണ്ഡലത്തിൽനിന്നാണ് ജയിച്ചത്. പിന്നെ കാസർഗോട്ട് നിന്നു; തോറ്റു. പിന്നീട് ഇരിക്കൂർ, തൃക്കരിപ്പൂർ, തലശ്ശേരി എന്നീ അസംബ്ളിമണ്ഡലങ്ങളിൽ നിന്ന് ജയിച്ചു. മുഖ്യമന്ത്രിയുമായി.

1987-ൽ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഞാൻ അദ്ദേഹവുമായി ഏറ്റവുമധികം ബന്ധപ്പെട്ടത്. കേരളസർക്കാരിന്റെ സാംസ്കാരിക ഉപദേശകസമിതി ചെയർമാനായി എന്നെ നിയമിച്ചത് നായനാർ ഗവണ്മെന്റിലെ സാംസ്കാരികവകുപ്പു മന്ത്രിയായിരുന്ന ടി. കെ രാമകൃഷ്ണനാണ്. കോഴിക്കോട് സർവകലാശാലയിൽ സംസ്കൃതവിഭാഗാധ്യക്ഷനായിരുന്ന എന്നെ മൂന്നു വർഷത്തേക്കാണ് നിയമിച്ചത്. രണ്ടാം നായനാർ ഗവണ്മെന്റിലും ടി. കെ. തന്നെയാണ് സാംസ്കാരികവകുപ്പ് കൈകാര്യം ചെയ്തിരുന്നത്. ഞാൻ കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിലെ ആദ്യത്തെ പ്രിൻസിപ്പൽ ഡീനായി നിയമിതനായത് അക്കാലത്താണ്. പിൽക്കാലത്ത് ആ തസ്തികയുടെ പേര് മറ്റു സർവകലാശാലകളിലേതുപോലെ പ്രോ വൈസ് ചാൻസലർ എന്നാക്കി മാറ്റി. പക്ഷേ, പ്രിൻസിപ്പൽ ഡീനിന് എല്ലാ അക്കാദമിക് കാര്യങ്ങളുടെയും പൂർണചുമതലയുണ്ടായിരുന്നു. അതുകൊണ്ട് അധ്യാപകരെ നിയമിക്കുന്ന തിരഞ്ഞെടുപ്പുസമിതിയിൽ വൈസ് ചാൻസലറോടൊപ്പം പ്രിൻസിപ്പൽ ഡീനും അംഗമായിരുന്നു. നൂറ്റൻപതോളം അധ്യാപകരെയാണ് ഞങ്ങളുടെ കാലത്ത് നിയമിച്ചത്. ഇപ്പോഴും അവിടെ സേവനമനുഷ്ഠിക്കുന്ന അധ്യാപകരിൽ പലരും ഞങ്ങൾ നിയമിച്ചവരാണ്. ഇപ്പോഴത്തെ വൈസ് ചാൻസലറും എന്റെ പ്രിയശിഷ്യനുമായ ഡോ. ധർമരാജ് അടാട്ടും അന്ന് നിയമനം നേടിയ അധ്യാപകരിൽ പെടും.

മൂന്നു കൊല്ലത്തെ എന്റെ നിയമനകാലം അവസാനിച്ചപ്പോഴേക്കും നായനാർ സർക്കാർ കാലാവധി തീരുന്നതിന് ഒരു കൊല്ലംമുൻപേ പിരിഞ്ഞ് തിരഞ്ഞെടുപ്പിന് തയ്യാറായിരുന്നു. അടുത്ത തിരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യമുന്നണിയാണ് അധികാരത്തിലെത്തിയത്. ഞാൻ കോഴിക്കോട് സർവകലാശാലാ സംസ്കൃതവിഭാഗാധ്യക്ഷസ്ഥാനത്തേക്കുതന്നെ തിരിച്ചുവന്നു.

മൂന്നാമത്തെ നായനാർ മന്ത്രിസഭയിലും സാംസ്കാരികവകുപ്പിന്റെ ചുമതല ടി. കെ. യ്ക്കുതന്നെയായിരുന്നു. കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കോടതിവിധിപ്രകാരം നിലവിലുള്ള ഡയറക്ടറുടെ സ്ഥാനത്ത് ഒഴിവു വന്നപ്പോൾ എന്നെയാണ് ആ സ്ഥാനത്തേക്കു നിയമിച്ചത്. നായനാർ നേരിട്ട് വൈസ് ചാൻസലർ ഡോ. കെ. കെ. എൻ. കുറുപ്പിനെ വിളിച്ചുപറഞ്ഞ് എന്നെ നിയമിച്ചതും ഉടനെ തിരുവനന്തപുരത്തെത്തി മന്ത്രി ടി. കെ. യെ കണ്ട് ഉത്തരവു വാങ്ങി ജോലിയിൽ പ്രവേശിക്കണമെന്ന കാര്യവും അറിയിച്ചു. ഞാൻ അന്നുതന്നെ തിരുവന്തപുരത്തു ചെന്ന് അതുപോലെ ചെയ്തു. അക്കാലത്താണ് ഞാൻ മുഖ്യമന്ത്രി നായനാരുമായി അടുത്ത് ഇടപഴകിയത്. പലപ്പോഴും മുഖ്യമന്ത്രിയും മറ്റു പല മന്ത്രിമാരും പുസ്തകങ്ങളുടെ ആവശ്യം വരുമ്പോൾ എന്നെ വിളിച്ചു പറയുകയാണ് പതിവ്. ഞാൻ നേരിട്ട് ചെല്ലുമ്പോഴെല്ലാം മുഖ്യമന്ത്രിയെയും കാണും. മുൻപിൽ ചെന്നാൽ ഇരിക്കാൻ പറഞ്ഞതിനുശേഷം വീട്ടുകാര്യവും നാട്ടുകാര്യവും പുസ്തകങ്ങളുടെ കാര്യവും ഓഫീസ് കാര്യവും രാഷ്ട്രീയവുമെല്ലാം സ്വതഃസിദ്ധമായ തമാശ കലർന്ന ശൈലിയിൽ പറഞ്ഞ് സമയം പോകുന്നതറിയില്ല. ഒരിക്കൽ, ഇടയ്ക്കിടെ പ്യൂൺ വന്ന് നോക്കി തിരിച്ചു പോകുന്നുണ്ട്. കുറേ കഴിഞ്ഞപ്പോൾ, കുറച്ചു വിദേശികൾ മുഖ്യമന്ത്രിയെ കാണാൻ കാത്തുനിൽക്കുന്നുണ്ടെന്ന് പ്രൈവറ്റ് സിക്രട്ടറി പറഞ്ഞപ്പോൾ, ''ഓ! എന്നാൽ മാഷേ, പിന്നെ കാണാം''എന്നു പറഞ്ഞ് അവരോട് വരാൻ പറഞ്ഞപ്പോൾ ഞാൻ യാത്ര പറഞ്ഞ് ഓഫീസ്സിലേക്ക് തിരിച്ചു.

മറ്റൊരിക്കൽ, ദേശാഭിമാനി സ്റ്റഡി സർക്കിളിന്റെയോ പുരോഗമനകലാസാഹിത്യസംഘത്തിന്റെയോ ഒരു സമ്മേളനത്തിലേക്ക് നായനാരും ടി. കെ.യും ഞാനും കൂടി രാത്രി കാറിൽ തിരുവനന്തപുരത്തുനിന്ന് ആലപ്പുഴയ്ക്കോ തൃശ്ശൂരിലേക്കോ പോവുകയാണ്. നായനാരാണ് ഉദ്ഘാടനം. സാഹിത്യത്തിലെ വർഗസമരത്തെപ്പറ്റിയാണ് താൻ പ്രസംഗിക്കാൻ പോകുന്നതെന്നു പറഞ്ഞ് നായനാർ ഇരുന്നുറങ്ങാൻ തുടങ്ങി. അദ്ദേഹത്തിന്റെ ഉറക്കത്തിന് ഭംഗം വരാതിരിക്കാൻ ഞങ്ങൾ രണ്ടുപേരും മൗനം ഭജിച്ചുകൊണ്ടിരിക്കുകയും ഇടയ്ക്കിടെ മയങ്ങുകയും ചെയ്തു. വിഷയത്തിലൊതുങ്ങിനിന്നുകൊണ്ട് അതിഗംഭീരമായ രസികൻ പ്രസംഗമാണ് നായനാർ ചെയ്തത്.

നായനാർ തൃക്കരിപ്പൂരിൽ സ്ഥാനാർഥിയായി നിന്ന കാലത്ത് കരിവെള്ളൂരിൽ ദുബായി കൃഷ്ണേട്ടൻ എന്നു ഞാൻ വിളിക്കുന്ന എൻ. കെ. കെ. ഉണ്ണിത്തിരി പുതുതായി എടുത്ത സാമാന്യം വലിയ വീട്ടിലാണ് താമസിച്ചിരുന്നത്. ഇലക്ഷൻ കാലമായതുകൊണ്ട് എപ്പോഴും ആളും തിരക്കുമായിരിക്കും.

*ദേശാഭിമാനി*യുടെ കണ്ണൂർ പുതിയ തെരുവിലെ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനാണെന്നു തോന്നുന്നു. പറമ്പ് നിറയെ ആളുകൾ. വിശാലമായ ഒരു പറമ്പിൽ കെട്ടിയുയർത്തിയ സ്റ്റേജ്. നായനാരാണ് അധ്യക്ഷൻ. കെ. പി. ആറിനെ പ്രസംഗിക്കാൻ ക്ഷണിച്ചു. അപ്പോൾ മൈക്കിലൂടെ കേട്ടു: "ഇനി എന്തെല്ലാമാണാവോ വിളിച്ചു പറയുക!" സ്വഗതമായി പറഞ്ഞത് അല്പം ഉച്ചത്തിലായിപ്പോയി. കെ. പി. ആർ. അതൊന്നും ശ്രദ്ധിക്കാതെ ആശംസയായി അല്പം വാക്കുകൾ പറഞ്ഞു.

നായനാരുടെ അസംബ്ലിയിലെ ഫലിതങ്ങൾ രാഷ്ട്രീയമായ ആശയദാർഢ്യം വിടാതെയുള്ളവയായിരുന്നു. മദ്യനിരോധനത്തെക്കുറിച്ചുള്ള ഒരു ചർച്ച നടക്കുമ്പോൾ, "നിങ്ങളെന്തു പറഞ്ഞാലും എനിക്കൊന്നുമില്ല. ഞാൻ കള്ളു കുടിക്കാറില്ല" എന്നു പറഞ്ഞ നായനാരോട്, ഒരു കോൺഗ്രസ് മെമ്പർ "ആത്മകഥയിൽ കള്ളു കുടിച്ചതായി പറയുന്നുണ്ടല്ലോ" എന്നു ചൂണ്ടിക്കാണിച്ചപ്പോൾ ഉടൻ വന്നു നായനാരുടെ മറുപടി: ''അന്നു ഞാൻ കോൺഗ്രസ്സായിരുന്നു.''

നായനാർ മരിച്ചപ്പോഴത്തെ വിലാപയാത്ര ജനസഞ്ചയംകൊണ്ട് അഭൂതപൂർവമായിരുന്നു.

ചിരിച്ചുകൊണ്ടും തമാശപറഞ്ഞുകൊണ്ടുമുള്ള നായനാരുടെ സംഭാഷണം ശത്രുക്കളെപ്പോലും ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുമായിരുന്നു. ആർക്കും അദ്ദേഹത്തെ വെറുക്കാൻ സാധ്യമല്ലെന്നു പറഞ്ഞാൽപ്പോലും തെറ്റില്ല. ■

സർവ്വീസ് പ്രശ്നങ്ങൾ

● ജെ. അബ്രഹാം

വിലാസം:
എഡിറ്റർ, സർവ്വീസ് പ്രശ്നങ്ങൾ,
കേരളാ സർവ്വീസ് മാസിക,
കേരള എൻ.ജി.ഒ.യൂണിയൻ ഓഫീസ്,
പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം.

മറുപടി നേരിട്ട് നൽകുന്നതല്ല.

യോഗ്യതാപരീക്ഷാതീയതിയുടെ അടുത്ത ദിവസം മുതൽ യോഗ്യത നേടിയതായി കണക്കാക്കും.

? ഞാൻ 2016 ജനുവരിയിൽ ബൈ ട്രാൻസ്ഫർ മുഖേന പ്രൈമറി ടീച്ചറായി ജോലിചെയ്യുന്നു. കമ്പ്യൂട്ടർ കോഴ്സ് പാസാവാത്തതിനാൽ (ഡി.സി.എ. പ്രൈവറ്റ് നേടിയിട്ടുണ്ട്) ഇതുവരെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിച്ചിട്ടില്ല. ഇപ്പോൾ കേൾക്കുന്നത് - കമ്പ്യൂട്ടർ കോഴ്സ് എപ്പോഴാണോ നേടുന്നത് ആ തീയതി മുതലേ ഇൻക്രിമെന്റ് ലഭിക്കുകയുള്ളൂ. നേരത്തേയുള്ള ഇൻക്രിമെന്റ് തീയതി മാറും. അതിന് മുമ്പ് ലഭിക്കേണ്ട ഇൻക്രിമെന്റ് ഒന്നും ലഭിക്കില്ല. - ഈ കേൾക്കുന്നതൊക്കെ ശരിയാണോ? അങ്ങനെ ഈ അടുത്തായി ടീച്ചേഴ്സിന് മാത്രം ഒരു ഓർഡർ ഇറങ്ങിയിട്ടുണ്ടോ?

2016 ൽ ചെയ്ത യൂണിവേഴ്സിറ്റി പരീക്ഷാ ഡ്യൂട്ടിയുടെ സറണ്ടർ ഇപ്പോൾ ചെയ്യാൻ പറ്റുമോ? അതിന് നിശ്ചിത കാലാവധിയുണ്ടോ?

ഉഷ പി. പയ്യാവൂർ, കണ്ണൂർ

= പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള അത്യാവശ്യയോഗ്യത ആയി ഈ കമ്പ്യൂട്ടർ കോഴ്സിനെ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ആയത് വിജയിച്ചാലേ പ്രൊബേഷൻ പ്രഖ്യാപിക്കുകയുള്ളൂ. ടെസ്റ്റ് എന്ന് നടക്കുന്നുവോ അതിന്റെ തൊട്ടടുത്ത ദിവസം മുതൽ നിങ്ങൾ യോഗ്യത നേടിയതായി കണക്കാക്കി പ്രൊബേഷൻ പ്രഖ്യാപിക്കും. അന്നുവരെ തടഞ്ഞുവയ്ക്കപ്പെട്ട എല്ലാ ഇൻക്രിമെന്റുകളും പ്രസ്തുത ദിവസം മുതൽ പണമായി നൽകും. തുടർന്നുള്ള ഇൻക്രിമെന്റ് തീയതി മുൻ ഇൻക്രിമെന്റ് തീയതിയായി തന്നെ തുടരും. കണക്കിൽ വന്ന ആർജ്ജിതാവധി എപ്പോൾ സറണ്ടർ ചെയ്യണമെന്ന് ജീവനക്കാരന് തീരുമാനിക്കാം.

അടിസ്ഥാന ശമ്പളത്തിൽ മാറ്റമുണ്ടാകില്ല

? ഞാൻ 01.07.2009 ന് പഞ്ചായത്ത് സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് ആയി ജോലിയിൽ പ്രവേശിച്ചു. 14.01.2010 ന് രജിസ്ട്രേഷൻ വകുപ്പിൽ എൽ.ഡി. ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു. 01.01.2011 ന് ആദ്യ ഇൻക്രിമെന്റും തുടർന്ന് എല്ലാ ജനുവരി മാസത്തിലും ഇൻക്രിമെന്റ് ലഭിച്ചുവരവെ 14.09.2015 ന് സീനിയർ ക്ലാർക്കായി പ്രൊമോഷൻ ലഭിച്ചു. 25200/- രൂപയായി പേ ഫിക്സേഷൻ നടത്തി. തുടർന്ന് അടുത്ത ഇൻക്രിമെന്റ് 01.09.2016, 01.09.2017, 01.09.2018 തീയതികളിൽ പാസാക്കുകയുണ്ടായി. 01.09.2018 ന് എന്റെ അടിസ്ഥാന ശമ്പളം 27150 ആയി നിശ്ചയിക്കുകയുണ്ടായി. എനിക്ക് 01.01.2016 ന് ഒരു ഇൻക്രിമെന്റിന് അർഹതയുണ്ടോ? എന്റെ പേ ഫിക്സേഷനിൽ അപാകതയുണ്ടോ?

ബീന കെ.വി, കൊയിലാണ്ടി

= ഫിക്സേഷനിൽ അപാകതയില്ല. പ്രൊമോഷൻ തീയതി 14.9.2015 ആയതിനാൽ 28എ ഫിക്സേഷൻ ഓപ്ഷൻ കൊടുക്കാൻ അവസരമുണ്ടായിരുന്നു. എന്നാൽ അന്ന് നിലവിലിരുന്ന ബി ഓപ്ഷൻ നിങ്ങളുടെ കാര്യത്തിൽ ഗുണകരമാകുന്നതല്ലായിരുന്നു. കാരണം 25200 ലേക്കുള്ള വരവ് ഒരു കുതിച്ചുചാട്ടമാണ്. ആയതിനാൽ 1.1.2016 ൽ ശമ്പളം തിട്ടപ്പെടുത്തിയാലും 25200 തന്നെയാകുമായിരുന്നു.

ട്രെയിനിംഗ് കാലം - ആർജ്ജിതാവധിക്ക് അർഹതയില്ല.

? പോലീസ് കോൺസ്റ്റബിൾ ആയിരിക്കെ റിലീവ് ചെയ്ത് ആരോഗ്യവകുപ്പിൽ 23.6.05 ന് ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ പ്രവേശിച്ച എനിക്ക്, പോലീസ് ട്രെയിനിംഗ് കാലം സർവ്വീസായി പരിഗണിക്കുമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2014 ലെ ശമ്പളപരിഷ്കരണ സമയത്ത് അടിസ്ഥാന ശമ്പളത്തോടൊപ്പം 200 രൂപ വർദ്ധന വരുത്തി ശമ്പളം പരിഷ്കരിച്ചു. പ്രസ്തുത ട്രെയിനിംഗ് കാലം സർവ്വീസായി പരിഗണിച്ച പശ്ചാത്തലത്തിൽ ടി കാലയളവിൽ ആർജിതാവധിക്ക് (ഇ. എൽ) അർഹതയുണ്ടോ? ഞാൻ 2017 മെയ് 3 മുതൽ 15 വരെ പരിവർത്തിത അവധിയിലായിരുന്നു. പ്രസ്തുത അവധി ആർജിതാവധിയാക്കി മാറ്റാൻ സാധിക്കുമോ? സാധിക്കുമെങ്കിൽ എപ്രകാരം?

പ്രമോദ് ടി.എസ്, ആലപ്പുഴ

= ശമ്പളപരിഷ്കരണത്തിൽ വെയിറ്റേജിനെന്ന പരിമിതമായ ആവശ്യത്തിന് മാത്രമായി ട്രെയിനിങ് കാലം നിജപ്പെടുത്തിയിരിക്കുന്നതിനാൽ ആർജ്ജിതാവധിക്ക് കണക്കാക്കാൻ കഴിയില്ല. അവധി അനുവദിച്ച് ഒരു വർഷം കഴിഞ്ഞിരിക്കുന്നതിനാൽ ഇനി ലീവിന്റെ

സ്വഭാവം മാറ്റിയെടുക്കാൻ കഴിയില്ല.

ഡബിൾ പ്രമോഷന് രണ്ട് ഫിക്സേഷൻ ലഭിക്കും

? ഞാൻ 1996 ജൂണിൽ ആരോഗ്യവകുപ്പിൽ ഗ്രേഡ് 2 അറ്റന്ററായി ജോലിയിൽ പ്രവേശിച്ചു. 8/2002 ൽ ഡബിൾ പ്രമോഷനോടെ നഴ്സിംഗ് അസിസ്റ്റന്റായി. ആ സമയത്ത് എനിക്ക് ലഭിക്കേണ്ട രണ്ട് ഇൻക്രിമെന്റിൽ ഒരെണ്ണം മാത്രമേ നൽകിയിട്ടുള്ളു. നാൾ ഇതുവരെയും എനിക്ക് ആ ഇൻക്രിമെന്റ് കിട്ടിയിട്ടില്ല. എനിക്ക് അത് കിട്ടാൻ അർഹതയുണ്ടോ ? 2010 ൽ എനിക്ക് ഒരു ഗ്രേഡ് ലഭിച്ചു. 9/2016 ൽ ലാബ് അസിസ്റ്റന്റാവുകയും 9/2018 ൽ എക്സ്റേ അറ്റന്ററാവുകയും ചെയ്തു. എന്നാൽ ഈ രണ്ട് പ്രമോഷനിലും എനിക്ക് അഡ്വാൻസ് ഇൻക്രിമെന്റ് ഒന്നും കിട്ടിയിട്ടില്ല. അഡ്വാൻസ് ഇൻക്രിമെന്റ് കിട്ടാൻ എനിക്ക് അർഹതയുണ്ടോ? 22 വർഷത്തെ സമയബന്ധിത ഹയർഗ്രേഡ് ലഭിക്കാൻ എനിക്ക് അർഹതയുണ്ടോ?

കെ.എം. ശിവൻ, മൂവാറ്റുപുഴ

= വ്യക്തമായ മറുപടി നൽകുന്നതിനാവശ്യമായ വിവരങ്ങൾ ചോദ്യത്തിൽ നിന്ന് ലഭ്യമല്ല. 8/2002 ൽ നിങ്ങൾക്ക് ലഭിച്ചത് ഡബിൾ പ്രമോഷനാണോ, ബൈട്രാൻസ്ഫർ നിയമനമാണോ എന്ന് വ്യക്തമല്ല. നിങ്ങൾ പറയുമ്പോലെ ഡബിൾ പ്രമോഷനാണെങ്കിൽ 17.11.1987 ലെ ജി.ഒ.(പി)968/87/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം ഗ്രേഡ് 1 അറ്റൻഡർ പോസ്റ്റിൽ സാങ്കൽപികമായി ചട്ടം 28എ ഫിക്സേഷൻ നടത്തിയശേഷം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ വീണ്ടും 28എ ഫിക്സേഷൻ നടത്തണമായിരുന്നു. പക്ഷേ നിങ്ങൾക്ക് 2010 ൽ എട്ടുവർഷ ഹയർഗ്രേഡ് കിട്ടി എന്ന് പറയുമ്പോൾ 2002 ലേത് ബൈട്രാൻസ്ഫർ നിയമനമായിരുന്നോ എന്ന് സംശയിക്കേണ്ടിവരുന്നു. ബൈട്രാൻസ്ഫർ നിയമനമായിരുന്നെങ്കിൽ പ്രസ്തുത ഹയർഗ്രേഡ് നൽകിയിരിക്കുന്നത് ക്രമവിരുദ്ധമാണെന്ന് വരും. അല്ലായിരുന്നുവെങ്കിൽ മേൽ പറഞ്ഞ പ്രകാരം ശമ്പളക്രമീകരണം ലഭിക്കേണ്ടതാണ്. ഹയർഗ്രേഡ് കിട്ടിയത് ലാബ് അസിസ്റ്റന്റിന്റെ സ്കെയിലാണെങ്കിൽ ടി തസ്തികയിലേക്ക് പ്രൊമോഷൻ കിട്ടിയപ്പോൾ ശമ്പളനിർണ്ണയത്തിന് അർഹതയില്ല. എന്നാൽ 9/2018 ലെ പ്രൊമോഷന് 28എ ഫിക്സേഷൻ ലഭിക്കേണ്ടതാണ്. 22 വർഷ ഹയർഗ്രേഡ് ലഭിക്കില്ല.

പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അർഹമായ അവധികൾ

പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാരുടെ അവധി, ഡ്യൂട്ടി ഓഫ് എന്നിവ സംബന്ധിച്ച് എണ്ണമറ്റ ചോദ്യങ്ങൾ ലഭിക്കുന്നുണ്ട്. അതിനാൽ അവയെ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുകയാണ്.

കേരള പാർട്ട് ടൈം കണ്ടിൻജന്റ് സർവീസ് സ്പെഷ്യൽ റൂൾസ് ചട്ടം 14 പ്രകാരം അർഹമായ അവധികൾ താഴെപ്പറയുന്നു.

1. കാഷ്വൽ അവധി- ഒരു കലണ്ടർ വർഷത്തിൽ 20 ദിവസം (ഒരു സമയം പൊതുഒഴിവു കളടക്കം 15 ദിവസം വരെ കാഷ്വൽ അവധി എടുക്കാം)
2. വിശേഷാൽ കാഷ്വൽ അവധി-(1) വന്ധ്യംകരണ ശസ്ത്രക്രിയക്ക് - പുരുഷന് 6 ദിവസം, സ്ത്രീക്ക് 14 ദിവസം
(2) ഭിന്നശേഷിക്കാർക്ക് ആയതുമായി ബന്ധപ്പെട്ടുണ്ടാകുന്ന അസുഖത്തിന്റെ ചികിത്സക്ക് (പ്രത്യേക മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) (15 ദിവസം പൊതുഒഴിവുദിനങ്ങൾ ചേർക്കേണ്ടതില്ല)
3. ശമ്പളമില്ലാത്ത അവധി-പ്രത്യേക സാഹചര്യങ്ങളിൽ ഒരു കലണ്ടർ വർഷം പരമാവധി 240 ദിവസം.
4. പ്രസവാവധി-(1) പ്രസവത്തിന് - 180 ദിവസം. (പ്രസവത്തിന്റെ എണ്ണത്തിന് നിയന്ത്രണമില്ല)
(2) അബോർഷന് - 6 ആഴ്ച (3) ഗർഭാശയം നീക്കം ചെയ്യൽ ശസ്ത്രക്രിയക്ക് - 45 ദിവസം
5. ആർജ്ജിത അവധി-1/22 എന്ന നിരക്കിൽ വർഷം 15 ദിവസമായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. ആർജ്ജിതാവധി 1.11.1989 ലെ ജി.ഒ.(പി)480/89/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ അനുവദിച്ചു. സ്പെഷ്യൽ റൂളിൽ ഇതുവരെയും ചേർത്ത് ഭേദഗതിയായിട്ടില്ല.

കൂടാതെ (1) ഞായറാഴ്ചകളിൽ ജോലിചെയ്യേണ്ടിവരുന്നെങ്കിൽ ഓരോ ആഴ്ചയും ഒരു ദിവസത്തെ വീക്ക്ലി ഓഫ് അനുവദിക്കാം (സർക്കുലർ നം.21060/റൂൾസ് 2/87/പി.&എ.ആർ.ഡി തീയതി 27.5.1989). (2) ഞായറാഴ്ചയല്ലാതെയുള്ള പൊതുഒഴിവുദിവസങ്ങളിൽ ജോലിചെയ്താൽ പരിഹാരമായി കോമ്പൻസേറ്ററി ഓഫ് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കാം.

(1) ഒരു കലണ്ടർ വർഷം അനുവദിക്കാവുന്ന പരമാവധി 15 ദിവസം. (2) ജോലിചെയ്ത പൊതുഒഴിവുദിവസം മുതൽ മൂന്ന് മാസത്തിനുള്ളിൽ എടുത്തിരിക്കണം. (3) ഒരുമിച്ച് കൂട്ടിയിടാവുന്ന ഓഫുകളുടെ എണ്ണം പരമാവധി 10, (സർക്കുലർ നം.10813/റൂൾസ് 2/89/പി.&എ.ആർ.ഡി തീയതി 25.10.1989).

പ്രത്യേകം ശ്രദ്ധിക്കുക:- വീക്ക്ലി ഓഫും, കോമ്പൻസേറ്ററി ഓഫും വ്യത്യസ്തമാണ്. രണ്ടും രണ്ടായി കാണേണ്ടതും പ്രത്യേകം പ്രത്യേകം അനുവദിക്കേണ്ടതുമാണ്.

6. അവശതാവധി - ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടയിലോ, അതിന്റെ ഭാഗമായി പ്രവർത്തിക്കുമ്പോഴോ, ശാരീരികാവശതകളോ, അപകടമോ ഉണ്ടാകുന്ന പക്ഷം അവശതാവധി പാർട്ട് ടൈം ജീവനക്കാർക്കും ലഭിക്കും. സ.ഉ.(അ)നം.3/2019 ഉത്തരവ തീയതി 11.6.2019.

അൻപത് വയസ്സ് പൂർത്തിയായവരെ പ്രമോഷൻ ടെസ്റ്റുകളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്.

? ഞാൻ വിദ്യാഭ്യാസവകുപ്പിൽ ക്ലാർക്കായിട്ട് ജോലിചെയ്തുവരുന്നു. അക്കൗണ്ട് ടെസ്റ്റ് ലോവർ പാസ്സായിട്ടുണ്ട്. യു.ഡി.ക്ലാർക്ക് ആകണമെങ്കിൽ കെ.ഇ.എ.ആർ. പാസ്സാകണമെന്ന് അറിഞ്ഞു. 50 വയസ് കഴിഞ്ഞവർക്ക് കെ.ഇ.എ.ആർ. പാസ്സാകണമെന്നുണ്ടോ?

ജയശ്രീ കൃഷ്ണൻ, എറണാകുളം

= 50 വയസ് പൂർത്തിയായാൽ പ്രൊമോഷൻ ടെസ്റ്റുകളിൽ നിന്ന് സ്ഥിരമായി ഒഴിവാക്കപ്പെടാൻ അർഹതയുണ്ട്.

തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജ് എംപ്ലോയീസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി

ക്ലിപ്തം നമ്പർ റ്റി. 807

എഞ്ചിനിയറിംഗ് കോളേജ് പി.ഒ, തിരുവനന്തപുരം - 16
ഫോൺ : 2596495,2515688

- നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
- 10 ലക്ഷം രൂപവരെയുള്ള പ്രതിമാസ നിക്ഷേപപദ്ധതി (MDS)
- സ്വന്തം ഫണ്ട് വായ്പ 6,00,000 രൂപവരെ
- വിദ്യാഭ്യാസ വായ്പ 20,000 രൂപവരെ

- ഫെസ്റ്റിവൽ വായ്പ 20,000 രൂപവരെ
- അത്യാവശ്യ വായ്പ 20,000 രൂപവരെ
- ഹയർ പർച്ചേയ്സ് വായ്പ 4,00,000 രൂപവരെ
- സഹകരണസ്റ്റോർ പഠനോപകരണങ്ങൾ
- സ്റ്റേഷനറി സാധനങ്ങൾ, ഗിഫ്റ്റ് ഇനങ്ങൾ.

ഇന്ദുലാൽ. എസ്	സുരേഷ്കുമാർ. റ്റി	പ്രദീപ് ദാസ്. ബി
പ്രസിഡന്റ്	സെക്രട്ടറി	ട്രഷറർ

തിരുവനന്തപുരം സൗത്ത് ജില്ലാ കൗൺസിൽ, 24.6.2019

അക്ഷരമുറ്റം - വയനാപക്ഷാചരണം, തിരുവനനന്തപുരം, 22.6.2019.

ജലസേചന വകുപ്പ് പ്രമോഷനുകൾ അടിയന്തിരമായി നടത്തുക, തിരുവനന്തപുരം, 4.7.2019

സംസ്ഥാന സമ്മേളനത്തിൽ കലാജാഥ കലാകാരന്മാർക്ക് അനുമോദനം, തിരുവനന്തപുരം സൗത്ത് ജില്ല, 11.6.2019

മോട്ടോർവാഹനം

ജോലിഭാരത്തിനനുസരിച്ച് മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കണമെന്നും പ്രമോഷൻ ഒഴിവുകൾ നികത്തണമെന്നുമാവശ്യപ്പെട്ട് വകുപ്പുമന്ത്രിക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും നിവേദനം നൽകി.

ജലഗതാഗതം

സംസ്ഥാന ജലഗതാഗതവകുപ്പിലെ സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പരിഷ്ക്കരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വകുപ്പുമന്ത്രിക്കും സെക്രട്ടറിക്കും നിവേദനം നൽകി.

ആരോഗ്യം

വിവിധ കാറ്റഗറികളിൽ ജോലിഭാരത്തിനനുസൃതമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി, ധനകാര്യമന്ത്രി, ആരോഗ്യവകുപ്പുമന്ത്രി എന്നിവർക്ക് നിവേദനം നൽകി.

ഗ്രാമവികസനം

ദാരിദ്ര്യലഘൂകരണ വിഭാഗം ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ തടസ്സമില്ലാതെ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ധനകാര്യമന്ത്രിക്കും ഗ്രാമവികസന കമ്മീഷണർക്കും നിവേദനം നൽകി.

അച്ചടിവകുപ്പ്

ജില്ലാതല നിയമനം നടത്തുന്ന തസ്തികകളിൽ ജില്ലയിൽ അനുപാതം കൃത്യമായി പാലിക്കുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഡയറക്ടർക്ക് നിവേദനം നൽകി.

ഉന്നതവിദ്യാഭ്യാസം

2014 നു ശേഷം ആരംഭിച്ച സർക്കാർ കോളേജുകളിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് സ്ഥിര നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വകുപ്പുമന്ത്രിക്ക് നിവേദനം നൽകി.

മെഡിസെപ്

ആരോഗ്യ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പ് മന്ത്രിക്ക് നിവേദനം നൽകി.

റവന്യൂ

ലാന്റ് അക്വിസിഷൻ, ലാന്റ് ട്രിബ്യൂണൽ ഓഫീസുകളിലെ തുടർച്ചാനുമതി ആവശ്യമായ മുഴുവൻ തസ്തികകൾക്കും അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് റവന്യൂ മന്ത്രിക്കും ധനകാര്യമന്ത്രിക്കും ലാന്റ് റവന്യൂ കമ്മീഷണർക്കും നിവേദനം നൽകി.

പുരാവസ്തുവകുപ്പ്

സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി വിശദമായ ചർച്ച നടത്തണമെന്നാവശ്യപ്പെട്ട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിവേദനം നൽകി.

ചർച്ച

ആരോഗ്യം

മരുന്നുവിതരണരംഗത്തെ വിഷയങ്ങൾ സംബന്ധിച്ച് 22.06.19 ന് പ്രിൻസിപ്പൽ സെക്രട്ടറി ചർച്ച നടത്തി.

പൊതുമരാമത്ത്

വകുപ്പിലെ വിവിധ കാറ്റഗറികളിൽ സ്പെഷ്യൽ റൂൾ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ചീഫ് എഞ്ചിനീയർ 21.06.2019 ന് സംഘടനകളുമായി ചർച്ച നടത്തി.

പുരാവസ്തു

സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച് സാംസ്കാരിക കാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 26.06.19 ന് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി.

ആദരാഞ്ജലികൾ

ഗിരീഷ് കർണാട്
ചലച്ചിത്ര നടൻ,സംവിധായകൻ

വിജയ് നിർമ്മല
ചലച്ചിത്ര നടി,സംവിധായിക

പഴവിള രമേശൻ
കവി, ഗാനരചയിതാവ്

അശോകൻ. എം.
തിരുനെൽവേലി- ജാതിവെറിയുടെ രക്തസാക്ഷി

◆ എ.എൻ. രവീന്ദ്രദാസ്

കായികലോകം

ഇന്ത്യൻ കനവുകളുടെ വയനാടൻ കാറ്റ്....

ഇന്ത്യൻ അത്‌ലറ്റിക്സിന്റെ റെക്കോർഡ് പുസ്തകത്തിൽ ഏറെക്കാലമായി തിളങ്ങിനിൽക്കുന്ന പേരാണ് ശിവനാഥ് സിങ്ങിന്റെത്. പുരുഷവിഭാഗത്തിൽ ഇത്രത്തോളം ആയുസ്സ് കണ്ടെത്തിയ മറ്റൊരു റെക്കോർഡുകാരനുമില്ല. 1987 ൽ ജലന്ധറിൽ ശിവനാഥ് സിങ്ങ് മാരത്തണിൽ കുറിച്ച രണ്ട് മണിക്കൂർ 12.39 മിനിറ്റിന്റെ സമയരേഖ ഇപ്പോഴും പുതിയ അവകാശികളെ കാത്തുകിടക്കുകയാണ്. നീണ്ടുനിൽക്കലിൽ ശിവനാഥ്സിങ്ങിന്റെ റെക്കോർഡിനെ പിന്നിലാക്കുന്ന ഒരേയൊരു ഇന്ത്യൻ പ്രകടനം 1984 ലെ ലോസ് ഏയ്ഞ്ചൽസ് ഒളിമ്പിക്സിൽ വനിതകളുടെ 400 മീറ്റർ ഹർഡിൽസിൽ പി.ടി. ഉഷയുടേതാണ്.

ഇതുവരെ ഇന്ത്യയുടെ മറ്റൊരു മാരത്തൺ ഓട്ടക്കാരനും ശിവനാഥ് സിങ്ങിന്റെ റെക്കോർഡിനടുത്തെത്താൻ പോലുമായിട്ടില്ല. എന്നാൽ ആ രേഖ എക്കാലവും അചുംബിതമായിരിക്കില്ല എന്ന സൂചന നൽകുന്നതായിരുന്നു മലയാളത്തിന്റെ അഭിമാനമായ തോന്നക്കൽ ഗോപി എന്ന ടി. ഗോപി ഇക്കഴിഞ്ഞ മാർച്ചിൽ സോളിൽ കുറിച്ച 2:13.39 എന്ന സമയം. അതായത് ശിവനാഥ് സിങ്ങിന്റെ റെക്കോർഡിനോട് നൂറ് സെക്കൻഡ് അടുത്തെത്താൻ ഗോപിക്ക് കഴിഞ്ഞു.

ആ പ്രകടനത്തോടെ സോളിൽ അഞ്ചാം സ്ഥാനത്തെത്തിയ ഗോപി ഈ വരുന്ന സെപ്റ്റംബറിൽ ദോഹയിൽ നടക്കുന്ന ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിനുള്ള ടിക്കറ്റും കരസ്ഥമാക്കി. 2016 ലെ മുംബൈ മാരത്തണിൽ പെയ്സ് സെറ്ററായി തുടങ്ങി ഒടുവിൽ മെഡൽ മേഖലയിലേക്ക് മാരത്തണിൽ ഏറ്റവും സ്ഥിരതയാർന്ന പ്രകടനം കാഴ്ചവെയ്ക്കുന്ന ഇന്ത്യൻ താരമാണ്. സോൾ മാരത്തണിൽ തന്റെ ഏറ്റവും മികച്ച വ്യക്തിഗത സമയം സൃഷ്ടിച്ച ഗോപി ഒപ്പം ഒരു ഇന്ത്യൻ താരത്തിന്റെ വിദേശമണ്ണിലെ ഏറ്റവും നല്ല സമയത്തിനുമുടമയായി. 2016 ലെ റിയോ ഒളിമ്പിക്സിൽ 2:15.25 ന് ഫിനിഷ് ചെയ്ത ഗോപി 25-ാം സ്ഥാനത്തെത്തി. അതാകട്ടെ ഒളിമ്പിക്സിൽ ഒരു ഇന്ത്യൻ മാരത്തൺ ഓട്ടക്കാരന്റെ ഏറ്റവും മികച്ച പ്രകടനവുമാണ്. തുടർന്ന് ലണ്ടൻ ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 2:17.3 ന് 27-ാം സ്ഥാനത്തുമെത്തി.

അതേസമയം കാൽവണ്ണയിലെ പരുക്ക് ഈവർഷത്തെ മുംബൈ മാരത്തണിൽ ഗോപിക്ക് തിരിച്ചടിയായി. അവിടെ ദോഹ ലോകമീറ്റിന്റെ യോഗ്യതാ മാർക്കായ 2:16 ലെത്താനായില്ല. എന്നാൽ സോളിലെ പ്രകടനത്തിലൂടെ ലോകചാമ്പ്യൻഷിപ്പിലടക്കം മാരത്തണിൽ ഇന്ത്യയുടെ ശക്തമായ സാന്നിധ്യമാകാനും വെല്ലുവിളിയുയർത്താനും തനിക്കാവുമെന്ന് ഈ മുപ്പതുകാരൻ തെളിയിച്ചിരിക്കയാണ്. എനിക്ക് അറിയാവുന്ന കാലം മുതൽ ശിവനാഥ് സിങ്ങിന്റെ ദേശീയ റെക്കോർഡാണ് മനസ്സിലുള്ളത്. മുംബൈ മാരത്തണിൽ ആദ്യ മൂന്ന് സ്ഥാനക്കാരിൽ ഇടം കിട്ടിയപ്പോൾ മുതൽ ആ റെക്കോർഡ് ഭേദിക്കാനാവുമെന്ന വിശ്വാസം തനിക്ക് കൈവന്നിട്ടുണ്ടെന്നും ഗോപി പറയുന്നു.

മാരത്തണിൽ ഇന്ത്യയിൽ ഗോപിയുടെ ഏറ്റവും വലിയ പ്രതിയോഗിയായ നിതേന്ദർസിങ്ങ് റാവത്താണ്, വെറുതെ മത്സരം ജയിച്ചുകയറണമെന്നതിലുപരി പ്രകടനത്തിന്റെ നിലവാരമുയർത്തുന്നതിനും സാങ്കേതിക മേന്മ കൈവരിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് മറ്റുള്ളവരെ ആ വഴിക്ക് നയിക്കാൻ പ്രചോദനമേകിയതെന്ന്

കാണണം. ആ മാറ്റം ഇന്ത്യയിലെ മാരത്തൺ ഓട്ടക്കാരുടെ പ്രകടനത്തെ നിർണായകമായി സ്വാധീനിക്കുകയും ചെയ്തു. അതിന് മുമ്പ് 2:20 അല്ലെങ്കിൽ 2:22 ൽ മത്സരം ജയിക്കുകയും പ്രൈസ് മണി വാങ്ങി തൃപ്തിയടയുകയുമായിരുന്നു ഇന്ത്യയിലെ മാരത്തൺ ഓട്ടക്കാരുടെ പൊതുരീതി.

പരുക്ക് ഇടക്കിടെ വലച്ചെങ്കിലും റിയോയുടെ അനുഭവ സമ്പത്ത് ഗോപിയെ ശരിയായ ട്രാക്കിലേക്കെത്തിച്ചു. കടന്നുപോയ വർഷങ്ങളിൽ 2017 നെ തന്റെ മികച്ച പ്രകടനങ്ങൾ കൊണ്ട് ഈ ഓട്ടക്കാരൻ സമ്പന്നമാക്കി. 2:15.48 ന് ഏഷ്യൻ മാരത്തൺ ചാമ്പ്യൻഷിപ്പും സ്വന്തമാക്കി. അതോടെ ഏഷ്യൻ മാരത്തൺ ചാമ്പ്യൻഷിപ്പ് പ്രത്യേകമായി നടത്താൻ തുടങ്ങിയശേഷം സ്വർണം നേടുന്ന ആദ്യ ഇന്ത്യക്കാരനെന്ന ബഹുമതിയും ഗോപിയുടെ പേരിനൊപ്പമായി.

വയനാട് സുൽത്താൻബത്തേരിക്കടുത്ത് മൂലങ്കാവിൽ തോന്നക്കൽ ബാബുവിന്റെയും തങ്കത്തിന്റെയും മകനാണ് ഗോപി. കർഷക കുടുംബത്തിൽ നിന്ന് ദാരിദ്ര്യത്തോടും ജീവിതസാഹചര്യങ്ങളോടും പടവെട്ടിവന്ന തോന്നക്കൽ ഗോപി എന്ന ബാലൻ കാക്കവയൽ സ്കൂൾ മൈതാനത്തുനിന്നാണ് ഓട്ടം തുടങ്ങിയത്. കാക്കവയൽ ഗവൺമെന്റ് ഹൈസ്കൂളിലെ കായികാദ്ധ്യാപികയായിരുന്ന കെ. പി. വിജയി ടീച്ചർ നാടിന് സമ്മാനിച്ച ഒളിമ്പ്യനാണ് ടി. ഗോപിയെന്ന ആദിവാസി യുവാവെന്ന് എത്ര പേർക്കറിയാം. വയനാടൻ ഗ്രാമങ്ങളിലെ ഇല്ലായ്മകളുമായി ജീവിത സമരത്തിലേർപ്പെട്ടിരിക്കുന്ന ഗോത്ര വർഗക്കാരായ കുട്ടികളിലെ പ്രതിഭാസ്പർശം തിരിച്ചറിഞ്ഞ വിജയി ടീച്ചർ പൊട്ടിപ്പൊളിഞ്ഞ ട്രാക്കുകളിലും ചെങ്കുത്തായ മലമ്പാതകളിലുമെല്ലാം പരിശീലിപ്പിച്ച് അവരിൽ പലരെയും ലോകമറിയുന്ന താരങ്ങളാക്കിയെന്ന് മാത്രമല്ല ജീവിതത്തിൽ പ്രതീക്ഷകളുടെ തിളക്കത്തിലേക്കുമെത്തിച്ചു. ഗോപിയും വി.വി. സിന്ധുവും അബൂബക്കറും അഞ്ജു തോമസുമടക്കം നിരവധി ദേശീയ, രാജ്യാന്തര താരങ്ങളെയാണ് വിജയി ടീച്ചർ കാക്കവയൽ സ്കൂളിന്റെ കളിമുറ്റത്തുനിന്ന് കണ്ടെടുത്തത്.

ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ ജൂനിയർ 600 മീറ്ററിലാണ് ഗോപി ആദ്യമായി മത്സരിച്ചത്. പിന്നീട് 800, 1500 മീറ്ററുകളിലേക്ക് ചുവടുമാറ്റി. സ്കൂൾ പഠനം കഴിഞ്ഞ് കോതമംഗലം മാർ അത്തനേഷ്യസ് കോളേജിൽ ഡിഗ്രിക്ക് പഠിക്കുമ്പോഴാണ് 5000, 10000 മീറ്റർ ഇനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സ്കൂൾ തലത്തിൽ 5000 മീറ്റർ ക്രോസ് കൺട്രിയിലും സംസ്ഥാന അത്‌ലറ്റിക് മീറ്റിൽ അണ്ടർ 20 വിഭാഗത്തിൽ 3000 മീറ്ററിലും നേടിയ രണ്ടേ രണ്ട് മെഡലുകൾ മാത്രമായിരുന്നു ഗോപിയുടെ സമ്പാദ്യം. എന്നാൽ ബി.എ. മൂന്നാം വർഷ വിദ്യാർത്ഥിയായിരിക്കേ ഗോപിക്ക് ഇന്ത്യൻ ആർമിയിൽ നിന്ന് വിളിവന്നു. പട്ടാളത്തിൽ ഹവിൽദാറായി ചേർന്ന ഗോപിയെ അവിടെ സ്പോർട്സ് അക്കാദമിയിലെ പരിശീലനം കൂടുതൽ കരുത്തനാക്കി. 2016 ഫെബ്രുവരിയിൽ നടന്ന സാഫ് ഗെയിംസിൽ 29.10 മിനിറ്റിൽ റെക്കോർഡോടെ 10000 മീറ്ററിൽ സ്വർണം നേടുകയും ചെയ്തു. ഒടുവിൽ റിയോ ഒളിമ്പിക്സിൽ തോന്നക്കൽ ഗോപി എന്ന ആദിവാസി യുവാവ് സ്പൈക്കണിഞ്ഞപ്പോൾ ഈ നാടിന്റെയെന്ന പോലെ അവന്റെ കഴിവുകൾ രാകിമിനുക്കി പരിപോഷിപ്പിച്ച വിജയി ടീച്ചറുടെയും സ്വപ്നമാണ് യാഥാർത്ഥ്യമായത്.

5000 ത്തിലും 10000 ത്തിലും ഓടിയിരുന്ന ഗോപിയോട് മാരത്തൺ ഓട്ടക്കാരനായ നിതേന്ദ്രസിങ്ങ് റാവത്തിന്റെ പെയ്സ് സെറ്ററായി ഓടാൻ കോച്ച് ആവശ്യപ്പെട്ടതാണ് വഴിത്തിരിവായത്. പെയ്സ് സെറ്റർ ഓടേണ്ടിയിരുന്ന 30 കിലോമീറ്റർ ദൂരം മികച്ച നിലയിൽ പൂർത്തിയാക്കിയ ഗോപിയോട് മാരത്തൺ ഓടാൻ കോച്ച് നിർദ്ദേശിച്ചു. അങ്ങനെയാണ് കന്നി ഓട്ടത്തിൽ മുംബൈ മാരത്തണിൽ രണ്ടാം സ്ഥാനത്തെത്തിയ ഗോപി ഒളിമ്പിക്സ് യോഗ്യതാമാർക്ക് മറികടന്ന് റിയോ ടിക്കറ്റ് നേടിയത്. 2017 ജൂലൈയിൽ ഭുവനേശ്വറിൽ നടന്ന ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 10000 മീറ്ററിൽ വെള്ളി നേടിയതിനുശേഷം ഗോപി പൂർണമായും മാരത്തൺ ഓട്ടക്കാരനാണ്. കരസേനയിലെ പരിശീലകൻ സുരേന്ദറിന്റെ വിദഗ്ധ നിരീക്ഷണത്തിലാണ് ഈ താരം മികവിന്റെ രാജ്യാന്തര വിതാനങ്ങളിലേക്കുയർന്നത്.

ഇപ്പോൾ ലോകമീറ്റിന് തയ്യാറെടുക്കുന്ന ഗോപിക്ക് ഇനി 2020 ലെ ടോക്കിയോ ഒളിമ്പിക്സാണ് ലക്ഷ്യം. ഒളിമ്പിക്സിന്റെ കടുപ്പമായ യോഗ്യതാരേഖ താണ്ടണമെങ്കിൽ ശിവനാഥ് സിങ്ങിന്റെ ദേശീയ റെക്കോർഡ് ഭേദിക്കാനാവണം. ടോക്കിയോ യോഗ്യതാ സമയം 2:11.30 ആണ്. മെച്ചപ്പെട്ട പരിശീലനവും അവസരങ്ങളും തുണയാവുമ്പോൾ അസാധ്യമെന്ന് കരുതുന്ന ഈ കടമ്പ കടക്കാൻ ഇന്ത്യയുടെ ഏറ്റവും നല്ല മാരത്തൺ ഓട്ടക്കാരനായ ഗോപിക്ക് കഴിയുമെന്ന് വിദഗ്ധന്മാർ കരുതുന്നു. ഒളിമ്പിക് യോഗ്യത മാത്രമല്ല ദേശീയ റെക്കോർഡ് തിരുത്തിയെഴുതാനുള്ള ദൗത്യവുമാണ് ഗോപി ഏറ്റെടുത്തിരിക്കുന്നത്. ആ യജ്ഞത്തിൽ ഈ വയനാടൻ കാറ്റ് പുതിയ ചരിത്രത്തിലേക്ക് വീശിയടിക്കട്ടെ...